# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 15 ലക്കം 1 ജനുവരി 2024

**"യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു" യോഹന്നാൻ. 21:15**

## ദൈവത്തെ അധികമായി സ്നേഹിക്കുന്നു




**ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ്**
**നിങ്ങൾക്കേവർക്കും സന്തോഷ സമൃദ്ധമായ**
**പുതുവത്സരം 2025 ആശംസിക്കുന്നു**

# ആമുഖം...



## കവലയിൽ

എല്ലാ പ്രഭാതത്തിലും ബനഡിക്ടൻ സന്യാസിമാർ ഒരു കവലയിൽ വന്നു നിൽക്കും. ഒരു വ്യക്തി പുതിയതായി സന്യാസ ആശ്രമത്തിലെ പൊതു ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ അയാൾ ഉപയോഗിച്ചു കൊണ്ടിരുന്ന വസ്ത്രങ്ങൾ ഉപേക്ഷിച്ച് ലളിതമായ വസ്ത്രങ്ങൾ ധരിക്കും. എന്നിട്ട് അദ്ദേഹം തന്റെ പഴയ വസ്ത്രങ്ങൾ ആശ്രമത്തിലെ അലമാരയിൽ സൂക്ഷിക്കും. ഒരു സന്യാസി എത്ര കാലം സന്യാസ സമൂഹത്തിന്റെ ഭാഗമായിരുന്നാലും എപ്പോൾ വേണമെങ്കിലും അലമാരയുടെ സമീപത്തേക്കു ചെല്ലാനും പഴയ വസ്ത്രങ്ങൾ ധരിക്കുവാനും പഴയ ജീവിതത്തിലേക്കു മടങ്ങിപ്പോകുവാനും കഴിയുമെന്നു അദ്ദേഹത്തിനു എപ്പോഴും അറിയാമായിരുന്നു. എല്ലാ ദിവസവും പ്രഭാതത്തിൽ ആത്മീയ പാതയിൽ തുടരുവാൻ അദ്ദേഹത്തിനു പുതിയ തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. താൻ ഉപേക്ഷിച്ച എന്തിനെക്കാളും അധികം യേശുവിനെ സ്നേഹിച്ചു ഈ പുതിയ ജീവിത പാതയിൽ തുടരണമോ വേണ്ടയോ എന്നു തീരുമാനിക്കണം.

യോഹന്നാൻ 21 ൽ വലിയ മാനസിക പ്രക്ഷുബ്ധത അനുഭവിച്ചതിനു ശേഷം പത്രോസ് ഒരു കൂട്ടം ശിഷ്യന്മാരോടു കൂടെ മത്സ്യബന്ധനത്തിനു തിരികെ പോയി. ആ രാത്രി പത്രോസിനു ഭൗതിക ആവശ്യങ്ങൾ ഉണ്ടായിരുന്നു (ഭക്ഷണം, പണം, ക്ഷീണം) മാനസികമായി തളർന്നിരുന്നു (നിരാശ, ഭയം) സാമൂഹ്യപരമായി ഏകാന്തത (പ്രതീക്ഷയില്ലായ്മ, അനിശ്ചിതമായ ഭാവി) ആത്മീക വരൾച്ച (ലക്ഷ്യം നഷ്ടപ്പെട്ടു). അങ്ങനെ തന്റെ ആവശ്യങ്ങൾ സന്ധിക്കുവാനായി പഴയ തൊഴിലായ മത്സ്യബന്ധനത്തിത്തിലേക്കു പോയി. (വാ.9,12).

എന്നാൽ പിന്നീട് അവിടെ ഒരു വഴിത്തിരിവ് ഉണ്ടായി. അതിരാവിലെ യേശു തീരത്തു അവരെ കാത്തുനിന്നു ഭക്ഷണവുമായി അവരെ സ്വാഗതം ചെയ്തു. യേശു പത്രോസിനോടു മൂന്നു പ്രാവശ്യം ചോദിച്ചു "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" (വാ.15). പത്രോസ് മറുപടി പറഞ്ഞു, "ഉവ്വ് കർത്താവ് എനിക്കു നിന്നോടു പ്രീയമുണ്ടു എന്നു നീ അറിയുന്നുവല്ലോ". യേശു അതിനുത്തരമായി പറഞ്ഞു "എന്റെ കുഞ്ഞാടുകളെ മേയ്ക്ക". നാം യേശുവിനെ ഇവയിൽ അധികമായി അല്ലെങ്കിൽ ഇവരിൽ അധികമായി സ്നേഹിക്കുന്നു എന്ന് എങ്ങനെ നമുക്കു കാണിച്ചുകൊടുക്കുവാൻ സാധിക്കും? ഈ സ്നേഹം പ്രകടമാക്കുന്നതിനുള്ള ഒരു മാർഗ്ഗം നമ്മുടെ സമയം, താലന്ത്, സമ്പത്ത് തുടങ്ങിയവ എങ്ങനെ നിക്ഷേപിക്കുന്നു എന്നതിലൂടെയാണ്. ഈ മൂന്നു കാര്യങ്ങൾ നാം ആരെയാണ് അല്ലെങ്കിൽ എന്തിനെയാണ് അധികം സ്നേഹിക്കുന്നതെന്നു വെളിപ്പെടുത്തും. സ്നേഹത്തിന്റെ മറ്റൊരു വാക്കാണ് സമയം. നാം ആരെയെങ്കിലും യഥാർത്ഥത്തിൽ സ്നേഹിക്കുന്നുവെങ്കിൽ അവരോടു കൂടെ സമയം ചിലവഴിക്കുകയും അടിക്കടി അവരെക്കുറിച്ചു ചിന്തിക്കുകയും ചെയ്യും. അതുപോലെ നാം യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ നമ്മുടെ സമയം അവനായി സമർപ്പിക്കണം. നാം നമ്മുടെ കഴിവുകൾ അവനെ പ്രസാദിപ്പിക്കുന്നതിനും സേവിക്കുന്നതിനുമായി ഉപയോഗിക്കണം. അതുപോലെ നാം സ്നേഹിക്കുന്നവർക്കു പണം ചിലവഴിക്കുന്നതു പോലെ സന്തോഷത്തോടെ നമ്മുടെ സമ്പത്ത് ദൈവവേലക്കായി നൽകണം.

യേശുവിനോടുള്ള ഈ സ്നേഹത്തിന്റെ അതിപ്രസരമാണ് അവന്റെ അടുകളെ മേയ്ക്കുന്നതിലേക്കു നയിക്കുന്നത്. ഇതാണ് യേശു പത്രോസിനു നൽകിയ ദൗത്യം. ആരംഭത്തിൽ മത്തായി 4:19 ൽ യേശു പറഞ്ഞു ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. എന്നാൽ ഈ മുഹൂർത്തത്തിൽ പത്രോസ് തന്റെ പഴയ ജീവിതത്തിലേക്കു ശ്രദ്ധ കൊടുത്തു - മീൻപിടുത്തം, വല, പടക്, കടൽ. എന്നാൽ യേശു അവനു നൽകിയ ദൗത്യം പൂർത്തീകരിക്കുന്നതിനുള്ള പാത ഇതല്ല. രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴികയില്ലെന്നു യേശു അവരെ പഠിപ്പിച്ചിരുന്നു (ലൂക്കോ.16:13). പത്രോസിനെ പുനർ നിയോഗിക്കുന്നതിനു മുമ്പ് അവൻ തന്റെ പഴയ ജീവിതത്തിലേക്കു തിരികെ പോകയില്ലെന്നു യേശുവിനു ഉറപ്പാക്കേണ്ടയിരുന്നു. യേശു പത്രോസിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റി. യേശുവിനോടുള്ള അവന്റെ സ്നേഹം മൂന്നു പ്രാവശ്യം ഉറപ്പിച്ചു യഥാർത്ഥ ലക്ഷ്യം തിരികെ നൽകി ദൗത്യം പുനസ്ഥാപിച്ചു. 1 പത്രോസ് 5:1-3 ൽ കാണുന്നതു പോലെ പ്രതിജ്ഞാബദ്ധനായ പത്രോസ് ഈ ദൗത്യം വിശ്വസ്തതയോടെ സ്വീകരിക്കുകയും നമുക്കു കൈമാറുകയും ചെയ്തു. അങ്ങനെയെങ്കിൽ നാം തീരുമാനം എടുത്തോ? ഈ ലോകത്തിലുള്ള മറ്റെന്തിനെക്കാളും യേശുവിനെ തിരഞ്ഞെടുക്കുവാൻ നിങ്ങൾ തയ്യാറാണോ?

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നും തന്നെ എന്നു ഉത്തരം പറഞ്ഞു."

– ലൂക്കോസ് 10:27

"മറ്റാരെക്കാളും മറ്റെന്തിനെക്കാളും ദൈവത്തെ സ്നേഹിക്കുക എന്നതാണ് ശിഷ്യനായിരിക്കുന്നതിന്റെ അടിസ്ഥാനം. നിങ്ങളുടെ ക്രിസ്തീയ ജീവിതം പൂർണ്ണതയിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ മറ്റാരെക്കാളും മറ്റെന്തിനെക്കാളും അധികമായി യേശുവിനെ സ്നേഹിക്കുക. "

– ഗ്രെഗ് ലൗറി

"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു, ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല."

– 1 യോഹന്നാൻ. 2:15

"ദൈവത്തെക്കാൾ അധികം നിങ്ങൾ സ്നേഹിക്കുന്നതെന്തും നിങ്ങൾ സേവിക്കുന്നതെന്തും നിങ്ങൾ വിലമതിക്കുന്നതെന്തും നിങ്ങളുടെ വിഗ്രഹമാണ്.

– അഡ്രിയാൻ റോജേഴ്സ്


## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur, Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb




# ജനറൽ സെക്രട്ടറിയുടെ കത്ത്...

സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രിയ പങ്കാളികളെ,

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനെ പ്രതിനിധീകരിച്ച് അതിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും അനുഗ്രഹ സമ്പൂർണ്ണവും ക്രിസ്തു കേന്ദ്രീകൃതവുമായ പുതുവത്സരം 2025 ആശംസിക്കുകയും ചെയ്യുന്നു. സംഘടനക്കും അതിലെ മിഷനറിമാർക്കും പ്രാർത്ഥനക്കൂട്ട നേതാക്കന്മാർക്കും അംഗങ്ങൾക്കും അഭ്യുദയകാംഷികൾക്കും ദൈവം നൽകിയ എല്ലാ ആത്മീകവും ഭൗതീകവുമായ അനുഗ്രഹങ്ങൾക്കായി സർവ്വശക്തനായ ദൈവത്തിനു സകല മഹത്വവും മാനവും നൽകുന്നു. 2024 ലേക്കു തിരിഞ്ഞു നോക്കുമ്പോൾ നാം ജീവനോടെ ഇരിക്കുന്നത് ദൈവകൃപയാലാണെന്നതു വ്യക്തമാണ്. 2024 ൽ ദൈവം നമുക്കാവശ്യമായതെല്ലാം നൽകിത്തന്നു നമ്മെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു. ദൈവത്തോടുള്ള കൃതജ്ഞതയുടെയും നന്ദിയുടെയും മനോഭാവത്തോടെ ആത്മവിശ്വാസത്തോടെ നമുക്കു ഭാവിയിലേക്കു നോക്കാം.

2025 ലേക്കു ദൈവം നൽകിയ ചിന്താവിഷയം **"ഇവയിൽ അധികമായി"** എന്നുള്ളതാണ്. ഇത് യോഹന്നാൻ 21:15 ൽ നിന്നു എടുത്തതാണ്. യേശു ശീമോൻ പത്രോസിനോടു: "യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്നു ചോദിച്ചു. ഈ ചിന്താവിഷയം 2025 ൽ FMPB യിൽ അലയിക്കട്ടെ, "നാം യേശുവിനെ ഇവയിൽ അധികമായി, ഈ ജനങ്ങളിൽ അധികമായി സ്നേഹിക്കുന്നുണ്ടോ." മറ്റെന്തിനെക്കാളും അധികമായി നാം യേശുവിനെ സ്നേഹിക്കുമ്പോൾ മാത്രമേ ദേശത്തെ നേടുവാൻ കഴികയുള്ളു. കർത്താവിനെ സ്നേഹിക്കുന്ന ആർക്കും സഹ ഭാരതിയരോടു സുവിശേഷം പങ്കുവെക്കുന്നതിൽ നിന്നോ സുവിശേഷം ശ്രവിക്കാത്തവരെ സുവിശേഷത്താൽ നേടുന്നതിൽ നിന്നോ വിട്ടു നിൽക്കുവാൻ കഴികയില്ല. നമ്മുടെ സഹജീവികളുടെ വീണ്ടെടുപ്പിനായി മദ്ധ്യസ്ഥത വഹിക്കുവാൻ നമുക്കു നമ്മുടെ ആത്മാവിനെ കൃപാസനത്തിങ്കലേക്കു ഉയർത്താം.

## സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറി മഹത്വത്തിൽ പ്രവേശിച്ചു.

നമ്മുടെ മുൻകാല മിഷനറിയും HRD സെക്രട്ടറി റവ. വി പി ജപരാജ് ശാമുവേലിന്റെയും ട്രിച്ചി മൊബലൈസേഷൻ മിഷനറി ശ്രീമതി സെൽവി മണിമാരന്റെയും മാതാവുമായ ശ്രീമതി വേലമ്മാൾ പാക്കിയമുത്തു 5.12.2024 ൽ തന്റെ 84 -ാമത്തെ വയസ്സിൽ നിത്യതയിൽ പ്രവേശിച്ചു. കുടുംബാംഗങ്ങളോടു ഞങ്ങളുടെ ഹൃദയംഗമായ അനുശോചനം അറിയിക്കുന്നതിനൊപ്പം അവരുടെ ആശ്വാസത്തിനായി പ്രാർ

ത്ഥിക്കുകയും ചെയ്യുന്നു. ശ്രീ. പാക്കിയ മുത്തു അണ്ണനെയും കുടുംബത്തെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.

## മിനിസ്ട്രി കൗൺസിൽ

എട്ടാമത് മിനിസ്ട്രി കൗൺസിൽ നവംബർ 20–22 വരെ ചെന്നയിൽ വെച്ചു നടത്തി. സോണൽ സെക്രട്ടറി മുതൽ മുകളിലോട്ടുള്ള എല്ലാ സെക്രട്ടറിമാരും ഈ യോഗത്തിൽ സംബന്ധിച്ചു. ദർശനം അടിസ്ഥാനമാക്കിയുള്ള ശുശ്രൂഷ, ഭാവിയിലേക്കുള്ള നോട്ടം, വിവരങ്ങളും സ്ഥിതി വിവരക്കണക്കുകളും ശുശ്രൂഷക്കു ഉപയോഗിക്കുക. ദർശനം യാഥാർത്ഥ്യമാക്കുന്നതിലേക്കുള്ള മാർഗ്ഗരേഖകൾ തുടങ്ങിയവ സംബന്ധമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചു. ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനു ആവശ്യമായ നടപടിക്രമങ്ങൾ അതാതു വിഭാഗങ്ങൾ കൈക്കൊള്ളുന്നു.

## മിഷൻ ഫീൽഡ് സോണൽ സെക്രട്ടറിമാരുടെ യോഗം

2024 നവംബർ 23,24 തീയതികളിൽ ഫീൽഡ് സോണൽ സെക്രട്ടറിമാരുടെ യോഗം ചെന്നയിൽ നടത്തി. മിഷൻ വയൽ പ്രവർത്തനങ്ങളെ റീജിനൽ അടിസ്ഥാനത്തിൽ വിലയിരുത്തി ചില തിരുത്തലുകളും പരിഹാര നടപടികളും ആസൂത്രണം ചെയ്തു.

## UCPI ഉപദേശക സമതി

യുണൈറ്റഡ് ക്രിസ്റ്റ്യൻ പ്രെയർ ഫോർ ഇന്ത്യയുടെ ഉപദേശക സമതി യോഗം നവംബർ 27,28 തീയതികളിൽ ചെന്നയിൽ ചേർന്നു സുവിശേഷീകരണ പ്രവർത്തനത്തെ ശക്തീകരിക്കുന്നതിനുള്ള സാധ്യതകളെ കുറിച്ചു ചർച്ച ചെയ്തു.

## പാടിയിലെ കരോൾ

28 ന് FMPB യുടെ കരോൾ സംഘത്തോടു ചേർന്നു പാടി പ്രദേശത്തുള്ള ഭവനങ്ങൾ സന്ദർശിച്ചു. മിഷനറിമാർക്കു ക്രിസ്തുമസ് സമ്മാനം നൽകുന്നതിനു പ്രാർത്ഥനക്കൂട്ട അംഗങ്ങളും നേതാക്കന്മാരും ഭവനങ്ങൾ തോറും കയറിയിറങ്ങി ധനം ശേഖരിക്കുന്നതിനു എടുക്കുന്ന ഉദ്യമം പ്രശംസനീയമാകുന്നു. കരോൾ സംഘത്തിൽ ചെറു കുട്ടികൾ ഉൾപ്പെടെ വിവിധ പ്രായത്തിലുള്ളവർ ഉണ്ട്. യൗവ്വനക്കാരുടെ മനസ്സുകളിലേക്കു ദർശനം പകരുന്ന വിധമോർത്തു ദൈവത്തെ മഹത്വപ്പെടുത്തുകയും രക്ഷിതാക്കളോടു കൃതജ്ഞത അറിയിക്കുകയും ചെയ്യുന്നു. വർഷാവർഷം നമ്മുടെ പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങളും നേതാക്കളും മഴക്കാലത്തെ അവഗണിച്ച് ആവേശത്തോടെ ഭവനങ്ങൾ സന്ദർശിക്കുന്നു.

## ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം

ഡിസംബർ 1 മുതൽ നാലു വരെ പെരിയമലയിൽ വെച്ചു ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം നടത്തി. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനക്കു ശേഷം രണ്ടു ദിവസം ആസൂത്രണത്തിനായി ചിലവഴിച്ചു. ദൈവ സാന്നിധ്യത്താൽ അനുഗ്രഹിക്കപ്പെട്ട സമയമായിരുന്നു.

## തമിഴ്നാടു സമതിയുടെ യോഗം

തിമിഴ്നാട്ടിലെ ചർച്ച് കൗൺസിലിന്റെ (സമതി) നേതാക്കന്മാരുടെ യോഗം പെരിയമലയിൽ വെച്ചു നടത്തി. സമതി മൂന്നു ദിവസത്തെ യോഗം കൂടി എന്നു കേട്ടപ്പോൾ ഞാൻ ആവേശഭരിതനായി. വിശ്വാസികളായ ഒരു ചെറിയ സംഘം യൗവ്വനക്കാർ ചേർന്നു സഭയിൽ നിന്നുള്ള സാമ്പത്തീകത്താൽ യൗവ്വനക്കാരുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നു.

## ജാർഖണ്ഡ് സന്ദർശനം

8 മുതൽ 15 വരെ മാൾട്ടോ, ഒറാവൻ, ദാസ്, സന്താൾ എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ സന്ദർശിച്ചു. മിഷനറിമാരോടൊപ്പമുള്ള കൂട്ടായ്മ മനോഹരവും അവരുടെ സാക്ഷ്യങ്ങൾ ആവേശകരവുമായിരുന്നു.

## ഓർഡിനേഷൻ ശുശ്രൂഷ

നേർത്തേൺ ഇവാൻജലിക്കൽ ലൂഥറൻ സഭ FMPB യുടെ ശുശ്രൂഷക്കു നൽകുന്ന സഹായങ്ങൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഡിസംബർ 11 ന് NELC യുടെ മോഡറേറ്റർ NELC ദുംങ്ക മഹായിടവക ബിഷപ്പിനോടു ചേർന്നു നമ്മുടെ മിഷനറിമാരും സ്വദേശ സുവിശേഷകരും ഉൾപ്പടെ 44 പേർക്കു ദുംങ്കക്കു സമീപമുള്ള കോരയ മിഷൻ വയലിൽ വെച്ചു പ്രിസ്ബിറ്റേറിയൻ പട്ടം നൽകി. പുതിയ സഭകൾ സ്ഥാപിക്കുന്നതിനും പുതിയ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ശുശ്രൂഷ തുടരുന്നതിനും ഈ പട്ടത്വം നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും സഹായകരമാകും.

**ജനുവരി മാസത്തെ പ്രോഗ്രാമുകൾക്കായി പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു.**

ജനുവരി 2 മുതൽ നാലുവരെ ഞാൻ കന്യാകുമാരിയിലെ ഇരണിപുരം സഭയുടെ കൺവൻഷനിലും 5 ന് ഞായറാഴ്ച ആരാധനയിലും വചന ശുശ്രൂഷ നിർവഹിക്കുന്നതാണ്.

5,6 തീയതികളിൽ തുത്തൂക്കുടിയിലുള്ള വിവിധ യോഗങ്ങളിൽ പ്രസംഗിക്കുന്നതാണ്.

9 മുതൽ 14 വരെ ആന്ധ്രപ്രദേശിലെ ചിറ്റൂർ, അനന്തപ്പൂർ എന്നീ മിഷൻ വയലുകൾ സന്ദർശിക്കുന്നതാണ്.

ജനുവരി 18,19 തീയതികളിൽ മാനേജ്മെന്റു കമ്മറ്റി ക്രമീകരിച്ചിരിക്കുന്നു.

ജനുവരി 21 മുതൽ 23 വരെ നാഗപ്പൂരിൽ പുതിയ ഫീൽഡ് സെക്രട്ടറിമാരുടെ ഓറിയന്റേഷൻ നടത്തുന്നതാണ്.

ദൈവം കൃപ ചെയ്താൽ ജനുവരി 25,26 തീയതികളിൽ ചെങ്കൽപേട്ടിലെ വെല്ലത്തു നടത്തുന്ന കൺവൻഷനിൽ പ്രസംഗിക്കുന്നതാണ്.


ജനുവരരി 31 ന് സെന്റർ സോണിലുള്ളള മിഷനറിമാർക്കായി ക്രോസ് കൾച്ചറൽ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു.

2024 മുഴുവൻ ശുശ്രൂഷക്കായി നിങ്ങൾ നൽകിയ പ്രാർത്ഥന സാമ്പത്തീക സഹായ സഹകരണങ്ങൾക്കായി FMPB നിങ്ങളേവരോടുമുള്ള നന്ദിയറിയിക്കുന്നു. 2025 -ാം ആണ്ടു മുഴുവൻ ദൈവീക സാന്നിധ്യവും സംരക്ഷണവും നിങ്ങൾക്കു ലഭിക്കേണ്ടതിനായി ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഇവയിൽ അധികമായി യേശുവിനെ സ്നേഹിക്കുമെന്നു നമുക്കു പ്രതിജ്ഞ എടുക്കാം. ദൈവം നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ.

പുതുവർഷത്തിലേക്കു ചുവടു വെക്കുമ്പോൾ നമ്മുടെ പ്രത്യാശയുടെ നങ്കൂരം ചുറ്റുപാടുമുള്ള സാഹചര്യങ്ങളിൽ വെക്കാതെ ദൈവത്തിന്റെ അചഞ്ചലമായ വാഗ്ദാനങ്ങളിൽ അർപ്പിക്കാം.

പുതുവത്സരാശംസകൾ

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടു വേലക്കാരൻ



**റവ. ജോൺ ബർലിൻ എസ്.**

# പ്രസിഡണ്ടിന്റെ കത്ത്...



**പ്രി**യപ്പെട്ട സഹോദരി സഹോദരന്മാരേ,

കർത്താവ് തന്റെ പരിജ്ഞാനത്താൽ FMPB യുടെ പ്രസിഡണ്ട് എന്ന ചുമതല എന്നെ ഭരമേല്പിച്ചിരിക്കുന്നു. ഈ ദൗത്യത്തിന് എന്നെ വിശ്വസ്തനായി പരിഗണിച്ച ദൈവത്തിനു നന്ദിയർപ്പിക്കുന്നു. എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾക്കൊപ്പം ഞാനും ദൈവമുമ്പാകെയും ദൈവജനത്തിന്റെ മുമ്പാകെയും വിശുദ്ധനും സത്യസന്ധനും വിശ്വസ്തനും എളിമയുള്ളവനുമായിരിക്കുവാൻ നിങ്ങളേവരുടെയും പ്രാർത്ഥന ഞാൻ അഭ്യർത്ഥിക്കുന്നു.

മുഴുവൻ രാജ്യത്തെയും സ്വാധീനിക്കുവാൻ ദൈവം നൽകിയ ദർശനത്തോടുകൂടി ദൈവ പ്രചോദിതമായ ഒരു സംഘനയാണ് FMPB. ഞാനും നിങ്ങളും പൂർണ്ണമായ സമർപ്പണത്തോടും ആവേശത്തോടും കൂടി ഈ സംഘടനയിൽ പങ്കാളികളായി തീരണമെന്നു ദൈവം ആഗ്രഹിക്കുന്നു, അങ്ങനെ നാം ദേശത്തിനു അനുഗ്രഹകമായി തീരും. വേദപുസ്തകം പറയുന്നു "യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളത്" (സങ്കീ.33:12). ഇന്ത്യ അനുഗ്രഹിക്കപ്പെടണമെന്നും സമൃദ്ധി പ്രാപിക്കണമെന്നും നാം ആഗ്രഹിക്കുന്നുവെങ്കിൽ അതിനു ഏറ്റവും മെച്ചമായ മാർഗ്ഗം ദൈവത്തെയും ദൈവീക മൂല്യങ്ങളെയും ദൈവീക ഉപദേശങ്ങളെയും ദൈവീക അനുഗ്രഹങ്ങളെയും മുഴു രാജ്യത്തും കൊണ്ടുവരിക എന്നതു മാത്രമാകുന്നു. അതുകൊണ്ടാണ് ദേശത്തിനു വേണ്ടി മദ്ധ്യസ്ഥത വഹിക്കുവാനും സ്നേഹത്തോടും ത്യാഗത്തോടും കൂടി ദൈവീക ദൗത്യ നിർവഹണത്തിൽ പങ്കാളികളാകുവാനും ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നത്.

ചില മാസങ്ങൾക്കു മുമ്പ് ഞാൻ ദക്ഷിണ കൊറിയയിലെ ലൗസാനെ കോൺഗ്രസിൽ പങ്കെടുത്തിരുന്നു. ലോകമെമ്പാടുമുള്ള 5000 ത്തോളം നേതാക്കന്മാർ അവിടെ കൂടിവന്നിരുന്നു. ഈ സമ്മേളനത്തിൽ ദക്ഷിണ കൊറിയയിലെ നേതാക്കന്മാർ അവരുടെ രസകരമായ ചരിത്രം വിവരിച്ചു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്നു കൊറിയ, ഉത്തര കൊറിയ എന്നും ദക്ഷിണ കൊറിയ എന്നും രണ്ടായി വിഭജിക്കപ്പെട്ടു. ഏറ്റവും മെച്ചമായ ഭൂമിയും വ്യവസായങ്ങളും ഉത്തര കൊറിയയുടെ ഭാഗമായി തീർന്നു. എന്നാൽ ഇന്ന് ഉത്തര കൊറിയ പുരോഗിത രാഷ്ട്രമല്ല, അതേ സമയം ക്രിസ്തീയ മൂല്യങ്ങളോടു പ്രതിബദ്ധത കാട്ടിയ ദക്ഷിണ കൊറിയ ഏതാനും ദശകങ്ങൾക്കുള്ളിൽ വികസിതവും ഉയർന്ന വരുമാനവും ഉള്ള രാജ്യമായി മാറി. 1901 ൽ കൊറിയയിലെ ക്രിസ്തീയ ജനസംഖ്യ വെറും ഒരു ശതമാനമായിരുന്നെങ്കിൽ ഇന്ന് അത് 29 ശതമാനത്തിലും അധികമായി ഉയർന്നിരിക്കുന്നു. ഏതു രാജ്യത്തു ദൈവീക മൂല്യങ്ങൾ നിലവിൽ വരുമോ ആ രാജ്യം വികസിതവും അനുഗ്രഹകരവും ആയിത്തീരും.

പുതു വർഷത്തിലേക്കു പ്രവേശിക്കുന്ന വേളയിൽ നിങ്ങളുടെ വ്യക്തപരമായ വളർച്ചക്കും സംഘടനയുടെ വളർച്ചക്കും പ്രയോജനകരമായ മൂന്നു

പ്രധാന തത്വങ്ങൾ നിങ്ങളോടു പങ്കു വെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. ദർശനമില്ലെങ്കിൽ പുരോഗതിയില്ല

ദർശനമില്ലാത്ത ഇടത്തു വളർച്ച പ്രതീക്ഷിക്കരുത്. വേദപുസ്തകം പറയുന്നു ദർശനമില്ലാത്തിടത്തു ജനം നശിച്ചു പോകുന്നു. ദർശനമില്ലാത്ത സംഘടന വിരസത ബാധിച്ചു മധ്യമത്വത്തിൽ ചുറ്റികറങ്ങികൊണ്ടിരിക്കും. FMPB മിഷനറിമാരും നേതാക്കന്മാരും പ്രാർത്ഥന സഹകാരികളും സ്വർഗ്ഗീയ ദർശനം പ്രാപിച്ചു തങ്ങളുടെ മേഖലകളിൽ മികവുള്ളവരായി തീരണമെന്നു ദൈവം ആഗ്രഹിക്കുന്നു. ബാബിലോണ്യ രാജാവ് ദാനിയേൽ, ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവരോടു സംസാരിച്ചപ്പോൾ അവർ രാജ്യത്തുള്ള എല്ലാവരെക്കാളും പത്തിരട്ടി വിശിഷ്ടന്മാരാണെന്നു കണ്ടു. (ദാനി.1:19-20). അവരുടെ പരിജ്ഞാനം, വിവേകം, നിർമ്മലത എന്നിവ അനായാസം പ്രകടമായിരുന്നു. അവർ ദേശത്തെ വിശിഷ്ടന്മാരായി രാജാവിന്റെ മുമ്പിൽ നിൽക്കുവാൻ അവരെ നയിച്ചു. ദൈവമാണ് അവർക്ക് ജ്ഞാനവും വിവേകവും നൽകിയത്. ദൈവത്തിന്റെ മക്കൾ പത്തിരട്ടി വിശിഷ്ടരെന്നു വിളിക്കപ്പെടുന്നു.

എന്താണ് FMPB യുടെ ദർശനവും സ്വപ്നവും? അടുത്ത അഞ്ചു വർഷം കൊണ്ട്, 10 വർഷം കൊണ്ട്, 20 വർഷം കൊണ്ട് നാം എന്താണ് നേടിയെടുക്കുവാൻ പോകുന്നത്? ദൈവമായ കർത്താവ് നമുക്കു ശ്രേഷ്ഠമായ ദർശനം നൽകി വിവിധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിലുള്ള നമ്മുടെ മിഷൻ വയലുകൾ വിശാലമാകുമാറാകട്ടെ. കൊയ്ത്തു വളരെയുണ്ട് വേലക്കാരോ ചുരുക്കമെന്നതു വിവേചിച്ചറിയുവാൻ ദൈവം നമ്മുടെ കണ്ണുകൾ തുറക്കുമാറാകട്ടെ.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ആയിരം മിഷനറിമാരെ എഴുന്നേൽപ്പിക്കുന്നതിനുള്ള ദർശനം ദൈവം നമ്മുടെ നേതാക്കന്മാർക്കു നൽകിയിട്ടുണ്ട്. സമർപ്പിതരായ യുവതി യുവാക്കൾ പൂർണ്ണ സമയ മിഷനറിമാരായും മിഷനറി ഡോക്ടറന്മാരായും മിഷനറി അദ്ധ്യാപകരായും മിഷനറി എഞ്ചിനിയറന്മാരായും മിഷനറി ബിസനസ് നേതാക്കന്മാരായും മിഷനറി സിവിൽ ഉദ്യോഗസ്ഥന്മാരായി രാജ്യത്തെമ്പാടും എഴുന്നേൽക്കേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം. ആയിരക്കണക്കിനു നേതാക്കന്മാർ ശക്തീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. ധാരാളം സമൂഹങ്ങൾ സുവിശേഷത്താൽ സ്പർശിക്കപ്പെടണം. കൂടുതൽ ആളുകൾ രൂപാന്തരപ്പെടണം. പിന്നോക്ക മേഖലയിലുള്ള ഗോത്രവർഗ്ഗക്കാരെ വെളിച്ചം കാണേണ്ടതിനായി ഉന്നമനത്തിലേക്കു നയിക്കുവാൻ സഹായിക്കുക എന്നതു ദൈവദത്തമായ ഉത്തരവാദിത്വം ആകുന്നു. ഇതു നേടിയെടുക്കുന്നതിനായി FMPB മറ്റു സംഘടനകളുടെയും സഭകളുടെയും പങ്കാളികളാകുന്നു.

മിഷൻ വയലിലും മൊബലൈസേഷൻ മേഖലയിലും ആസ്ഥാന മന്ദിരത്തിലും വിപുലമായ പുരോഗതി കൊണ്ടുവരുന്നതിനു വലിയ ദർശനം വേണം. ആയിരക്കണക്കിനു യൗവ്വനക്കാരെയും സ്ത്രീകളെയും എഴുന്നേല്പിച്ച് FMPB യുടെ പങ്കാളികളാക്കുന്നതിനു വലിയ ദർശനം വേണം. അതുപോലെ എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും എല്ലാ കുടുംബങ്ങളിലും സഭകളിലും രാജ്യത്തിനും സുവിശേഷ വേലക്കും വേണ്ടി പ്രാർത്ഥിക്കുന്ന ആയിരക്കണക്കിനു പ്രാർത്ഥന സഹകാരികളെ എഴുന്നേൽപ്പിക്കുന്നതിനു വിശാലമായ ദർശനം വേണം. "നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനക്കു ശക്തിയുണ്ട്, അത് അത്ഭുതകരമായ ഫലങ്ങൾ നൽകും".

### 2. സ്വകാര്യ വിജയമില്ലെങ്കിൽ പൊതുവായ് വിജയവുമില്ല.

സ്വകാര്യ വിജയമില്ലാത്തിടത്തു പൊതു വിജയം പ്രതീക്ഷിക്കരുത്. FMPB രാജ്യത്തു വലിയ പ്രതിഫലനം ഉണ്ടാ

ക്കണമെന്നു നാം ആഗ്രഹിക്കുന്നു എങ്കിൽ നാം ഓരോരുത്തരും സത്യസന്ധരും വിനയമുള്ളവരുമായിരിക്കണം. നമ്മുടെ സ്വകാര്യ ജീവിതം വിശുദ്ധമായിരിക്കുവാനും മാതൃകാപരമായ ജീവിതം നയിക്കുന്ന സ്ത്രീ പുരുഷന്മാരാകുവാനും ദൈവം നമ്മെ സഹായിക്കേണ്ടതിനുമായി നമുക്കു ദൈവത്തോടു യാചിക്കാം.

വ്യക്തിപരമായ പ്രാർത്ഥന ജീവിത വിജയം, തിരുവചന പഠനത്തിലൂടെ ദൈവത്തെ കൂടുതലായി അറിയുക, ഉടമ്പടികൾ പാലിക്കുക, ശത്രുവിനെ പോലും സ്നേഹിക്കുക എന്നിവ നാം തേടുന്ന പൊതുവായ വിജയത്തിനു സഹായകരമാകും.

ഓരോ നേതാവും പ്രാർത്ഥനക്കൂട്ടത്തിലെ അംഗങ്ങളും കമ്മറ്റിയംഗങ്ങളും മിഷനറിമാരും തുടങ്ങി എല്ലാവരും തങ്ങളുടെ സ്വകാര്യ ജീവിതത്തിൽ വിജയം വരിക്കണം. സ്വകാര്യ ജീവിതത്തിലെ വിജയം അർത്ഥമാക്കുന്നത് നമ്മുടെ സ്വഭാവത്തിലും കാര്യക്ഷമതയിലുമുള്ള മികവിനെയാണ്.

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് സങ്കീർത്തനം 15 ൽ വിവരിക്കുന്ന പ്രകാരമുള്ള ഉന്നത നിലവാരത്തിലുള്ളവരായിരിക്കുവാനാണ്. എല്ലായ്പോഴും നല്ലവരായിരിക്കുക. മറ്റുള്ളവരോടു ബഹുമാനവും അനുകമ്പയും ഉള്ളവരായിരിക്കുക. മറ്റുള്ളവരെ സന്തോഷത്തോടെ അഭിമുഖീകരിക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ നമ്മുടെ ഉള്ളിൽ വെറുപ്പിനെ നാം വളർത്തിയെടുക്കുകയാണ്. അങ്ങനെയെങ്കിൽ നമുക്കു സ്വകാര്യ ജീവിതത്തിൽ വിജയിക്കുവാൻ കഴികയില്ല. നാം നമ്മുടെ ജീവിത പങ്കാളിയോടും കുട്ടികളോടും ബന്ധുക്കളോടും മറ്റുള്ളവരോടും ദയയില്ലാതെ മര്യാദകെട്ട വാക്കുകൾ സംസാരിക്കുകയാണെങ്കിൽ സ്വകാര്യ വിജയമില്ല.

നമുക്കു സ്വകാര്യ വിജയമില്ലെങ്കിൽ നാം FMPB എന്ന പ്രസ്ഥാനത്തിലും വിജയം പ്രതീക്ഷിക്കരുത്. ഞാൻ സർക്കാരിൽ ജോലി ചെയ്തിരുന്ന വേളയിലും മറ്റ അനവധി സന്ദർഭങ്ങളിലും പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യേണ്ടിവരുമ്പോൾ ഞാൻ സ്വകാര്യമായി മുട്ടിന്മേൽ നിന്നു ഉപവാസത്തോടെ പ്രാർത്ഥിക്കുമായിരുന്നു. അതെന്റെ പൊതുജീവിതത്തിൽ വിജയം നേടിത്തന്നു.

## 3. ത്യാഗമില്ലാതെ നേട്ടമില്ല

ത്യാഗമില്ലെങ്കിൽ വലിയ കാര്യങ്ങളോ ദേശത്തു പുരോഗതി കാണുമെന്നോ നാം പ്രതീക്ഷിക്കരുത്. ഗാന്ധിജിയുടെയും ആയിരക്കണക്കിനു സ്വാതന്ത്ര്യ സമരസേനാനികളുടെയും മഹത്തായ ത്യാഗം മൂലമാണ് ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചത്. എല്ലാ മിഷനറിമാരും തങ്ങളുടെ വ്യക്തിഗത ജീവിതത്തിൽ മഹത്തായ ത്യാഗം ചെയ്തവരാണ്. തങ്ങളുടെ ഭവനത്തെയും ബന്ധുമിത്രാദികളെയും വിട്ടു ദൂരെ ദേശങ്ങളിലേക്കു പോയി മിഷനറി വേല ചെയ്യുന്നതെന്ന ഉത്തമ ബോധ്യം എനിക്കുണ്ട്. അവർ തങ്ങളുടെ മുഴു ജീവിതവും സുവിശേഷത്തിനായി സമർപ്പിച്ചു. അവരുടെ സമർപ്പണത്തിനും ത്യാഗോജ്ജ്വലമായ ജീവിതത്തിനും ഞങ്ങൾ അവരോടു ശരിക്കും നന്ദിയുള്ളവരാണ്.

നിങ്ങൾ അനേകർ ചെറുതോ വലിയതോ ആയ തുകകൾ ത്യാഗപൂർവ്വം നൽകുന്നു, അത് അനേക ജീവിതങ്ങൾക്കു വലിയ അനുഗ്രഹമായി തീരുന്നു. നൽകുന്നത് അനുഗ്രഹമാണ്, നൽകുന്നത് ദിവ്യമാണ്. നൽകുന്നത് നമ്മുടെ ജീവിതത്തിലെ ആനന്ദ നിമിഷങ്ങളാണ്. മിഷൻ പ്രവർത്തനത്തിനായി ത്യാഗപൂർവ്വം നൽകുന്നതിനു കൂടുതൽ കുടുംബങ്ങളെയും സഭകളെയും ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. വേദനയില്ലാതെ നേട്ടമില്ല.

പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും ദുർബലരും പിന്നോക്കം നിൽക്കുന്നവരുമായ 75 ദുർബലരായ പ്രത്യേക ആദിവാസി സമൂഹത്തെ ഇന്ത്യാ ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുണ്ട്. അവ

രിൽ ഭൂരിഭാഗവും ഇന്നും നാഗരികത കണ്ടിട്ടില്ല. അവരുടെ സ്ഥിതി കാർഷിക സാങ്കേതിക വിദ്യക്കു മുമ്പുള്ള കാലത്തെതാണ്. താഴ്ന്ന സാക്ഷരത നിലവാരം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുറയുന്നതോ നിശ്ചലമായതോ ആയ ജനസംഖ്യ എന്നിവയാണ് ഇവരുടെ അവസ്ഥ.

വൈദ്യുതിയോ സ്കൂളുകളോ ഫോണുകളോ റോഡുകളോ പരിഷ്കൃത സൗകര്യങ്ങളോ ഒന്നുമില്ലാത്ത കൊടും കാടുകളിലാണ് ഇവരിൽ ഭൂരിഭാഗവും താമസിക്കുന്നത്. നമ്മുടെ സഹായം ആവശ്യമുള്ള ഇത്തരത്തിലുള്ള ആളുകളിൽ രൂപാന്തിരം കൊണ്ടുവരുന്നതിനു മിഷൻ സംഘടനകളും സഭകളും മുന്നോട്ടു വരണം. മിഷൻ പ്രവർത്തനം സമാധാനവും പുരോഗതിയും കൊണ്ടു വരും. മിഷൻ പ്രവർത്തനം പ്രത്യാശയും ആനന്ദവും കൊണ്ടു വരും. ഇതാണ് FMPB യുടെ വിളി. ഇതാണ് ദൈവജനത്തിന്റെ വിളി.

## നിങ്ങൾക്കായി ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു!

FMPB യുടെ ഭാരവാഹികളും എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളും സ്വഭാവ ശ്രേഷ്ഠതയുള്ളവരായി ഉന്നതമായ കാര്യക്ഷമതയുള്ളവരായി വിശാലമായ ദർശനമുള്ളവരായി വലിയ അനുകമ്പയുള്ളവരായി ഈ മിഷനറി പ്രസ്ഥാനത്തെ കെട്ടിപ്പടുക്കുവാൻ പ്രിതജ്ഞാബദ്ധരാണ്. വിശുദ്ധിയോടും നീതിയോടും ധൈര്യത്തോടും ബോധ്യത്തോടും കൂടെ യേശുവിനു വേണ്ടി നിലകൊള്ളുവാൻ മിഷനറിമാരുടെയും മോബലൈസേഷൻ സെക്രട്ടറിമാരുടെയും ആത്മായ നേതാക്കന്മാരുടെയും പ്രാർത്ഥന സഹകാരികളുടെയും സംഘത്തെ പ്രചോദിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. വിജയം ദൈവത്തിന്റേതാകുന്നു.

മിഷൻ പ്രവർത്തനത്തോടുള്ള നിങ്ങളുടെ പ്രതിബദ്ധതക്കും പങ്കാളിത്വത്തിനുമായി ഞങ്ങൾ ദൈവത്തിനു നന്ദിയർപ്പിക്കുന്നു. നിങ്ങളിൽ പലർക്കും FMPB യോടു ഉന്നതമായ ബന്ധം ഉണ്ടെന്നു ഞങ്ങൾക്കറിയാം. അതേ സമയം FMPB യുടെ ഭരണ നിർവഹണ കാര്യത്തിൽ നിങ്ങൾക്കു വലിയ പ്രതീക്ഷകളുണ്ട്. FMPB അതിന്റെ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും ഉയർന്ന തലത്തിൽ ഏറ്റവും മികവോടെ ഭരണ നിർവഹണം നടത്തുമെന്ന് ഞങ്ങൾ ഉറപ്പ് നൽകുവാൻ ആഗ്രഹിക്കുന്നു.

ഈ മിഷൻ പ്രസ്ഥാനത്തെ ഉന്നത നിലവാരത്തിലെത്തിക്കുവാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും മൂല്യതയേറിയ നിർദ്ദേശങ്ങളും സഹായങ്ങളും ഞങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങൾക്ക് ഏപ്പോഴും ഞങ്ങൾക്കു എഴുതുവാനുള്ള സ്വാതന്ത്ര്യം ഉണ്. president@fmpb.org, vicepresident@fmpb.org or treasurer@fmpb.org ഇതാണ് ഞങ്ങളുടെ ഇ മെയിൽ വിലാസം. അങ്ങനെ നമുക്കു ചേർന്നു ദൈവത്തിനായി വലുതും മനോഹരവുമായ കാര്യങ്ങൾ നേടാം. ഇതു ദൈവത്തിന്റെ വേലയാണ്. ദൈവത്തെ സേവിക്കുന്നതിൽ നാം ഉത്സാഹവും വിശ്വസ്തതയുമുള്ളവരായിരിക്കണം.

നിങ്ങളുടെ ജീവിതം ഏറ്റവും ശ്രേഷ്ഠമായ ഒരു കൃതിയാക്കുക. നിങ്ങൾക്ക് അഭിമാനിക്കാവുന്ന വിധം മഹത്തരവും രാജകീയവുമായ എന്തെങ്കിലും ചെയ്യുക. കർത്താവ് തന്റെ ദിവ്യ കാരുണ്യം നിങ്ങളുടെമേൽ ചൊരിയട്ടെ. ഈ പുതുവർഷത്തിൽ സമൃദ്ധമായ അളവിൽ അവന്റെ കൃപയും സമാധാനവും നൽകി നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ!

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കട്ടെ. ദൈവം FMPB യെ അനുഗ്രഹിക്കട്ടെ.

ആദരവോടെ

**ജോൺ ശാമുവേൽ**
പ്രസിഡണ്ട്, FMPB

# ഇവയിൽ അധികമായി

## യോഹ. 21:15

പുതുവർഷത്തിന്റെ ആരംഭത്തിൽ നിന്നു കൊണ്ട് 2024 ലേക്കു തിരിഞ്ഞു നോക്കുമ്പോൾ ദൈവത്തിന്റെ നന്മയെയും വിശ്വസ്തതയെയും ഓർത്തു നമ്മുടെ കണ്ണുകൾ ഈറനണിയുന്നു. ഒരു പിതാവ് തന്റെ കുഞ്ഞിനെ കരങ്ങളിൽ വഹിക്കുന്നതു പോലെ കഴിഞ്ഞ ആണ്ടു മുഴുവൻ ദൈവം നമ്മെ തന്റെ കരങ്ങളിൽ വഹിച്ചു. നമ്മുടെ ജീവിതത്തിലുടനീളം നമ്മുടെ പൂർണ്ണമായ അനുസരണത്തിനും ആദ്യസ്നേഹത്തിനും ദൈവം അർഹനാകുന്നു. 2025 ലും അതിനു ശേഷവും ദൈവത്തിന്റെ സംരക്ഷണവും, കരുതലും സാന്നിദ്ധ്യവും നമുക്കു ഉറപ്പു വരുത്തുവാൻ കഴിയും.

ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ എന്നു പത്രോസിനോടു നേരിട്ടുള്ള ചോദ്യത്തിലൂടെ ദൈവത്തോടുള്ള അവന്റെ പ്രതിബദ്ധതയുടെയും സ്നേഹത്തിന്റെയും അളവ് മനസ്സിലാക്കുവാൻ സാധിക്കും. യോഹ. 21:15 ൽ കാണുന്ന "യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന ചോദ്യത്തിനു പത്രോസ് നൽകിയ ഉത്തരം പത്രോസിനെ കുറിച്ചു കർത്താവ് നൽകിയ പ്രവചനവുമായി ബന്ധപ്പെട്ടിരിക്കുന്നു.




ഈ ചോദ്യം അനിവാര്യമായിരുന്നു കാരണം ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടതിനു ശേഷം പത്രോസ് ദൈവീക വിളിയിൽ നിന്നും ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു ദൈവം നൽകിയ നിയോഗത്തിൽ നിന്നും പിന്നിലേക്കു പോയതു കൂടാതെ ആറു ശിഷ്യന്മാർ വിളിയിൽ നിന്നും പിൻതിരിഞ്ഞു പോകുന്നതിനും പത്രോസ് കാരണക്കാരനായി. യേശുവിന്റെ വിചാരണ വേളയിൽ പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞു പിന്നീട് അവൻ അനുതാപത്തോടെ പൊട്ടിക്കരഞ്ഞു. എന്നാൽ ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടിട്ടും പത്രോസ് വിളിയിൽ നിന്നും നിയോഗത്തിൽ നിന്നും പിന്മാറിപ്പോയി. എന്നിട്ടും യേശു പത്രോസിനെ കൈവിട്ടില്ല, ദൈവം പത്രോസിന്റെ പിന്നാലെ മീൻ പിടിക്കുന്ന ഇടത്തേക്കു പോയി അവനെ വീണ്ടെടുക്കുവാൻ ശ്രമിച്ചു. പത്രോസിന്റെ പുനസ്ഥാപനത്തെ കുറിച്ചു അറിയുന്നതിനു മുമ്പ് പുനസ്ഥാപനം ആദ്യം ആവശ്യമായി വരുന്നതു എന്തു കൊണ്ട് എന്നതു മനസ്സിലാക്കണം. പത്രോസിന്റെ വീഴ്ചയെ തുടർന്നു വീണ്ടെടുപ്പും പുനസ്ഥാപനവും ആവശ്യമായി വന്നു. പുനസ്ഥാപനത്തെ കുറിച്ചു ഗ്രഹിക്കുന്നതിനു മുമ്പ് പത്രോസിന്റെ വീഴ്ചയുടെ കാരണങ്ങൾ എന്തെല്ലാമാണെന്നു നോക്കാം.

യേശു ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ ഇടയിൽ പത്രോസിനു പ്രത്യേക സ്ഥാനവും അനുഭവങ്ങളും ഉണ്ട്. മത്തായി 16:18 ൽ യേശു പറയുന്നു, "നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും;" യേശുവിനോടു കൂടുതൽ ചേർന്നു നിന്ന മൂന്നു ശിഷ്യന്മാരിൽ ഒരുവനായിരുന്നു പത്രോസ്. മറുരൂപ മലയിലുണ്ടായ യേശുവിന്റെ അതിശയകരമായ രൂപാന്തരീകരണ

ത്തിനു പത്രോസ് സാക്ഷ്യം വഹിച്ചു. യേശുക്രിസ്തു മശിഹയാണെന്നു പത്രോസ് സാക്ഷ്യപ്പെടുത്തി. എല്ലാ ശിഷ്യന്മാരും ഗത്ശമന തോട്ടത്തിൽ യേശുവിനെ വിട്ടു ഓടിപ്പോയെങ്കിലും പത്രോസ് എന്ന ഏകൻ മാത്രം യേശുവിനെ പിടിക്കുവാൻ വന്ന പടയാളികളോടു എതിർത്തു നിന്നു വാളെടുത്തു മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാത് അറുത്തു. പത്രോസ് തന്റെ ശുശ്രൂഷ ഉന്നതമായ നിലയിൽ ആരംഭിച്ചു യേശുവിനെ തള്ളിപ്പറയുന്നതിൽ അവസാനിച്ചു. മറ്റു ശിഷ്യന്മാർക്കു ഇടർച്ചയായി തീർന്നു.

പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞത് ഒരു രാത്രിയിൽ പെട്ടെന്നു സംഭവിച്ചതല്ല, ഇത് അവന്റെ കഴിഞ്ഞ കാലജീവിതത്തിൽ എവിടെയോ ആരംഭിച്ചു ക്രമേണ വളർന്നു ഒടുവിൽ തള്ളിപ്പറയലിൽ അവസാനിച്ചു. ഇവിടെ നാം ഒരു പ്രധാന ആത്മീക പാഠം പഠിക്കണം. ദൈവവുമായുള്ള നമ്മുടെ ബന്ധം ശക്തമായിരിക്കാം. ദൈവം നമ്മെ അതിശക്തമായി ഉപയോഗപ്പെടുത്തിയിരിക്കാം. എന്നാൽ നമ്മുടെ ജീവിത യാത്രയിൽ നമ്മുടെ ആത്മീക ജീവിത ആരോഗ്യത്തെ കാർന്നുതിന്നുന്ന ചിലത് മറ്റാരുമറിയാതെ നമ്മുടെ ജീവിതത്തിൽ കാണാം. ഇതിനായി പലപ്പോഴും പരാമർശിക്കപ്പെടുന്ന ഉദാഹരണമാണ് വൻമരത്തിന്റെ പെട്ടന്നുള്ള വീഴ്ച. ആ പതനത്തെ കുറിച്ചു വിശദമായി പഠിച്ചാൽ നമ്മുടെ നഗ്നമായ കണ്ണുകൾക്കു ദൃശ്യയമാകാത്ത വിധം അനേക വർഷങ്ങളായി ഉറുമ്പുകൾ ആ മരത്തെ തിന്നു കൊണ്ടിരിക്കയായിരുന്നു എന്നതു മനസ്സിലാക്കുവാൻ സാധിക്കും. നമ്മുടെ കാഴ്ചയിൽ മരം വളരെ ഉയരമുള്ളതും വലിയതും ശക്തവുമാണ്. എന്നാൽ പെട്ടെന്നു അതു നിലംപതിക്കും. അതാണ് പത്രോസിന്റെ ജീവിതം.

ക്രിസ്തീയ ജീവിതവുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം, വിശുദ്ധിയിലും അനുസരണത്തിലും ആത്മത്യാഗത്തിലും ആത്മാവിന്റെ എല്ലാ ഫലങ്ങളും പുറപ്പെടുവിച്ചു നാം ദൈവത്തോടുള്ള ബന്ധത്തിൽ വളരണം. മുഷ്ടി നിയമം ഒന്നുകിൽ നാം വളരും അല്ലെങ്കിൽ നാം വീഴും എന്നതാണ്. ആത്മീക ജീവിതത്തിൽ ദീർഘകാലം സ്തംഭനാവസ്ഥയില്ല.

## പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞതിന്റെ കാരണം

### 1. മനുഷ്യ ശക്തിയിലുള്ള വിശ്വാസം

മർക്കൊസ് 14:27,29,31 എന്നീ വാക്യങ്ങളിൽ ശിഷ്യന്മാർ പരാജയപ്പെടുമെന്നു യേശു അവർക്കു മുന്നറിയിപ്പു നൽകിയിരുന്നു. യേശുവിന്റെ പ്രവചനത്തിനു പത്രോസ് നൽകിയ മറുപടി എല്ലാവരും വീഴുമായിരിക്കും എന്നാൽ അവൻ വീഴുകയില്ലെന്നു ഉറപ്പിച്ചു പറഞ്ഞു. യേശുവിനെ തള്ളിപ്പറയുന്നതിനു പകരം മരിക്കുന്നതിനും അവൻ തയ്യാറായിരുന്നു. യേശുവിനെ നിരസിക്കയില്ലെന്നു പത്രോസ് പറഞ്ഞപ്പോൾ അവൻ സത്യസന്ധനായിരുന്നു. പ്രതിബദ്ധതയും കൂറുമുള്ള ഒരു ശിഷ്യന്റെ വാക്കുകളായിരുന്നു അത്. ഇവിടുത്തെ പ്രശ്നം എല്ലാവരും തള്ളിപ്പറയുമെന്നു യേശു പറഞ്ഞപ്പോൾ അങ്ങനെ സംഭവിക്കാതിരിക്കുവാൻ എന്നെ ശക്തിപ്പെടുത്തണമെന്നു പത്രോസിനു പ്രാർത്ഥിക്കാമായിരുന്നു. പകരം അവൻ സ്വന്ത കഴിവിൽ ഊന്നി നിന്നു കൊണ്ടു തള്ളിപ്പറയുകയല്ലെന്നു പറഞ്ഞു.

ക്രിസ്തീയ ജീവിതം ഒരു പോരാട്ടമാകുന്നു. നാം നിലനിൽക്കണമെങ്കിൽ എഫെസ്യർ 6: 11 ൽ പറയുന്ന ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചു കൊണ്ട് ദൈവത്തിൽ ആശ്രയിച്ചു പോരാടണം. നാം യേശുവിന്റെ കോട്ടയിലേക്കു പോകാതെ ക്രിസ്തു യേശുവാകുന്ന പാറയിൽ ശരണപ്പെടാതെ ക്രിസ്തുവിൽ നിലനിൽക്കുക എന്നത് പ്രയാസകരമാണ്.

അയർലൻഡ് കപ്പൽ നിർമ്മാണ കമ്പനിയായ ഹാർലാൻഡും ബ്രീട്ടീഷ് കപ്പൽ നിർമ്മാണ കമ്പനിയായ വൈറ്റ് സ്റ്റാർ ലൈനും ചേർന്നു നിർമ്മിച്ചതായ

ടൈറ്റാനിക് എന്ന കപ്പലിന്റെ രൂപകല്പനയിലും വലിപ്പത്തിലും വിശ്വസിച്ചു കൊണ്ട് അതൊരിക്കലും മുങ്ങുകയില്ലെന്നു പരസ്യപ്പെടുത്തി. എന്നാൽ കാനഡയിലെ ന്യൂഫൗണ്ട് ലാൻഡ് തീരത്തു നിന്നും തെക്കു കിഴക്കായി 600 കിലോമിറ്റർ അകലെ ഒരു മഞ്ഞുമലയിൽ തട്ടി ഒരിക്കലും മുങ്ങില്ലെന്നു പറഞ്ഞ കപ്പൽ അതിന്റെ ആദ്യ യാത്രയിൽ തന്നെ മുങ്ങിപ്പോയെന്ന വാർത്തയാണ് ലോകം കേട്ടത്.

മത്തായി 26:41 ൽ യേശു പറഞ്ഞു, "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളതു ജഡമോ ബലഹീന മത്രേ" ജഡം ബലഹീനമാകുന്നു. ജഡത്തിൽ ആശ്രയിച്ചു നാം ചെയ്യുന്നത് എന്തായിരുന്നാലും അതു നാശത്തിലേക്കു നമ്മെ നയിക്കും.

'പോകുന്നതു കടുപ്പമുള്ളതാകുമ്പോൾ കടുപ്പമുള്ളതു പോകും' ഈ ഉദ്ധരണി പ്രേരക ക്ലാസ്സുകളിലും സ്വയ സഹായ പുസ്തകങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. ഇത് അമേരിക്കൻ പ്രസിഡണ്ടായ ജോൺ എഫ് കെന്നഡിയുടെ പിതാവ് ജോസഫ് പി കെന്നഡിയുടെയും നോർവീജിയൻ വംശജനായ അമേരിക്കൻ ഫുഡ്ബോൾ കളിക്കാരനും പരിശീലകനുമായ നട്ട് റൊക്നയുടെയും പേരിലുള്ള ഉദ്ധരണിയാണ്. എന്നാൽ ദൈവ പൈതൽ പറയും പോകുന്നതു കഠിനകരമാകുമ്പോൾ മത്തായി 11:28 ൽ അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ എന്ന് ആഹ്വാനം ചെയ്ത യേശുവിന്റെ അടുക്കൽ ചെല്ലുക അവൻ നിങ്ങളെ ആശ്വസിപ്പിക്കും. ഈ വാക്യം വായിക്കുമ്പോൾ പുതുവർഷത്തിൽ മാത്രമല്ല വരും വർഷങ്ങളിലെല്ലാം നമ്മുടെ ഹൃദയം യേശുവിൽ ആശ്രയിക്കും.

ലൂക്കോസ് 18:9-14 പരീശൻ നന്മ പ്രവൃത്തിയിലും മതാചാരങ്ങളിലും ആശ്രയം വെച്ചു. എന്നാൽ ചുങ്കക്കാരൻ ആവക കാര്യങ്ങളിൽ ഒന്നും ആശ്രയിച്ചില്ല പകരം അവൻ തന്റെ ആശ്രയം അറ്റു പോകാത്ത ദൈവീക കരുണയിൽ സമർപ്പിച്ചു. ദൈവത്തിൽ ആശ്രയം വെച്ചവൻ നീതികരിക്കപ്പെട്ടത്.

യോഹ.15:5 "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴികയില്ല." ഫിലിപ്പിയർ 4:13 "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു."

## 2. ദൈവത്തിന്റെ മനസ്സിന്റെ ആകുലതകൾ അവനില്ലായിരുന്നു

മത്തായി 16, മർക്കോസ് 8, ലൂക്കോസ്9 എന്നീ അദ്ധ്യായങ്ങളിൽ യേശു ശിഷ്യന്മാരോടു ചോദിച്ച ചോദ്യമിതാണ് "ജനങ്ങൾ എന്നെ ആർ എന്നു പറയുന്നു?" "നിങ്ങൾ എന്നെ ആർ എന്നു പറയുന്നു?" അതിനു പത്രോസ് നൽകിയ മറുപടി മത്തായി 16:16 "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നാകുന്നു.

തുടർന്നു മത നേതാക്കന്മാരുടെ കരങ്ങളാൽ അനുഭവിക്കുവാൻ പോകുന്ന പീഡനത്തെയും മരണത്തെയും കുറിച്ചു യേശു വിവരിച്ചപ്പോൾ പത്രോസ് കർത്താവിനെ വേറിട്ടു കൊണ്ടു പോയി ശാസിച്ചു. മത്തായി 16:23 യേശു മറുപടി രേഖപ്പെടുത്തിയിരിക്കുന്നു, "യേശു തിരിഞ്ഞു പത്രോസിനോടു; സാത്താനെ, എന്നെ വിട്ടു പോ; നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേത് അത്രെ കരുതുന്നത്."

യേശുവിനെ മശിഹയാണെന്നു തിരിച്ചറിഞ്ഞതിനു തൊട്ടു പിന്നാലെ പത്രോസിനെതിരെയുള്ള യേശുവിന്റെ കുറ്റപ്പെടുത്തൽ, പത്രോസിന്റെ മനസ്സിൽ ദൈവീക ആശങ്കകൾ അല്ല, മറിച്ച് മാനുഷിക ആശങ്കകൾ മാത്രമായിരുന്നു എന്നതു കൊണ്ടായിരുന്നു. നമ്മുടെ മനസ്സുകളിൽ ദൈവീക ചിന്തകൾ ആയിരിക്കണമെന്നു ദൈവം നമ്മെ

കുറിച്ചു ആഗ്രഹിക്കുന്നു. ക്രിസ്തു വില്ലാതെ നശിച്ചു പോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ദൈവീക ഭാരം, ദേശത്തിന്റെ ഉൾപ്രദേശങ്ങളിൽ സുവിശേഷവുമായി കടന്നു പോകണ മെന്നതാകുന്നു ദൈവത്തിന്റെ ചിന്ത. എന്നാൽ നമ്മുടെ മനസ്സുകൾ മാനുഷിക ചിന്തകളാലും ദൈനംദിന ജീവിത ഭാരങ്ങളാലും നിറഞ്ഞിരിക്കുകയല്ലേ? കർത്താവേ, ഞങ്ങളുടെ മനസ്സുകൾ ദൈവീക ചിന്തകളാലും ആശങ്കകളാലും നിറയ്ക്കണമേ എന്നായിരിക്കട്ടെ ഈ വർഷത്തെ നമ്മുടെ പ്രാർത്ഥനകൾ.

പത്രോസ് യേശുവിനോടു കൂടെയിരുന്നു യേശുവിന്റെ ഉപദേശങ്ങൾ എല്ലാം ശ്രവിച്ചു എന്നിട്ടും യേശുവിന്റെ മന സ്സ് മനസ്സിലാക്കുവാൻ സാധിച്ചില്ല അല്ലെങ്കിൽ യേശുവിന്റെ ആശങ്കകൾ ഏറ്റെടുക്കുവാൻ ആഗ്രഹിച്ചില്ല. മറുരൂപ മലയിൽ യേശുവിന്റെ തേജസ്സ് കണ്ട പത്രോസ് അവിടെ പാർക്കുവാൻ മൂന്നു കുടിൽ നിർമ്മിക്കുവാൻ തയ്യാറായി (ലൂക്കോസ്.9:32). പത്രോസ് പുറത്തുള്ള ലോകത്തിന്റെ വെല്ലു വിളികൾ എറ്റെടുക്കുവാൻ ആഗ്രഹി ച്ചില്ല, മറിച്ച് മറുരൂപ മലയുടെ മഹത്വത്തിൽ ജീവിക്കുവാൻ ആഗ്ര ഹിച്ചു. ഇന്ന് അനേക ദൈവമക്കൾക്കും പത്രോസിന്റെ മനോഭാവമാണ് ഉള്ള ത്; അവർ ആത്മീക തേജസ്സിൽ ജീവിക്കുവാൻ ആഗ്രഹിച്ചു. ദൈവം ജന ത്തെ മഹത്വപ്പെടുത്തണമെന്നു ആഗ്ര ഹിക്കുന്നു. എന്നാൽ ദൈവത്തിന്റെ വേദന മനസ്സിലാക്കുന്നില്ല. ജനം അനുഗ്രഹം പ്രാപിക്കുവാൻ ആഗ്ര ഹിക്കുന്നു, എന്നാൽ പുറത്തുള്ള ഇരുണ്ട ലോകത്തിനു അനുഗ്രഹമായി തീരുവാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ മനസ്സ് മാനുഷീക ചിന്തകളാൽ നിറ ഞ്ഞിരിക്കുന്നതിനാൽ നമ്മുടെ ജീവിത ത്തെ നീയന്ത്രിക്കുവാൻ ദൈവത്തെ അനുവദിക്കുന്നതിനു പകരം നാം സ്വയം നമ്മുടെ ജീവിതത്തെ നീ യന്ത്രിക്കുകയാണ്. നമ്മുടെ ജീവി തത്തെ നയിക്കുവാൻ ദൈവത്തെ അനുവദിച്ചാൽ തീർച്ചയായും ദൈവം നമ്മുടെ മനസ്സുകളിൽ ദൈവീക ചിന്തകളും ആശങ്കകളും നിറയ്ക്കും. ദൈവഹിതം പൂർത്തീകരിക്കുവാൻ ദൈവം നമ്മുടെ ജീവിതത്തെ നയിക്കും.

യിരെമ്യാവ് 2:31 ന്റെ രണ്ടാം പ കുതിയിൽ, ദൈവം പറയുന്നു, "... ഞങ്ങൾ കെട്ടഴിഞ്ഞു നടക്കുന്നു; ഇനി നിന്റെ അടുക്കൽ വരികയില്ല എന്നു എന്റെ ജനം പറയുന്നതു എന്തു?" ഇന്നത്തെ തലമുറ പറയുന്നതും ഇതാകുന്നു ഞങ്ങൾ കെട്ടഴിഞ്ഞു നടക്കുന്നു. ദൈവജനം ചിന്തിക്കുന്നത് എന്തിനു നാം ദൈവത്തിന്റെ അടുക്കൽ പോകണം, നമ്മെ നീയന്ത്രിക്കുവാൻ ദൈവത്തെ അനുവദിക്കണം മറിച്ച് സ്വാതന്ത്ര്യമായി ചുറ്റിത്തിരിഞ്ഞു നട ക്കാമല്ലോ. മത്തായി 26:42 ൽ യേശു പ്രാർത്ഥിച്ചു പിതാവേ നിന്റെ ഇഷ്ടം ആകട്ടെ. ഇപ്രകാരം പറഞ്ഞു കൊണ്ട് യേശു സ്വന്ത ഇഷ്ടത്തെ പിതാവിന്റെ ഇഷ്ടത്തിനു കീഴ്പെടുത്തി കൊടുത്തു. ഈ തിരഞ്ഞെടുപ്പിനു മുമ്പിൽ കഷ്ടതയുണ്ടെന്നു തിരിച്ചറിവോടെ ആണ് ദൈവഹിതത്തിനു കീഴ്പെ ടുന്നത്.

ഞാൻ മാൾട്ടോ ഗിരിവർഗ്ഗക്കാരുടെ മദ്ധ്യേ മിഷനറിയായി പ്രവർത്തിക്കുന്ന വേളയിൽ ഒരു ഗ്രാമത്തിൽ നടത്തിയ പരിശീലന ക്യാമ്പിൽ മദ്ധ്യ വയസ്ക നായ ഒരു സഭാമൂപ്പൻ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും കഴിക്കാതെ മാറി നിൽ ക്കുന്നതു ഞാൻ ശ്രദ്ധിച്ചു. അതിനെ കുറിച്ചു ഞാൻ അന്വേഷിച്ചപ്പോൾ അദ്ദേഹം 40 ദിവസം രാത്രിയിൽ അല്പം ഭക്ഷണം മാത്രം കഴിച്ച് ഉപ വസിക്കുകയാണെന്നു പറഞ്ഞു. ഉപ വാസ പ്രാർത്ഥനയുടെ ലക്ഷ്യം ഇന്നും എന്നിൽ വെല്ലുവിളി ഉയർത്തുന്നു. അദ്ദേഹം ഉപവസിക്കുന്നത് സ്വന്ത ജനമായ മാൾട്ടോ ജാതിയുടെ മാന സാന്തരത്തിനായിട്ടാകുന്നു. യേശു ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ സന്ദേശം അറിയാതെ നശിച്ചു പോ കുന്ന ആത്മാക്കളെ കുറിച്ചു നിങ്ങൾ

ക്കു ഹൃദയ വേദനയുണ്ടോ? നമ്മുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കുന്നത് എന്താണ് മാനുഷിക അശങ്കകളാണോ? ദൈവീക ആശങ്കകളാണോ?

### 3 പത്രോസ് അർദ്ധ ഹൃദയത്തോടെ യേശുവിനെ അനുഗമിച്ചു

മർക്കൊസ് 14:37 പറയുന്നു, "പിന്നെ അവൻ വന്നു അവർ ഉറങ്ങുന്നതു കണ്ടു പത്രോസിനോടു: ശീമോനേ, നീ ഉറങ്ങുന്നുവോ? ഒരു നാഴിക ഉണർന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലയോ?" ഈ വാക്യം വ്യക്തമാക്കുന്നത് ശിഷ്യന്മാരെല്ലാം ഉറങ്ങുന്നത് യേശു കണ്ടു എന്നാകുന്നു. എന്നാൽ ചോദ്യം നേരിട്ടു ഒരു ശിഷ്യനോടു മാത്രമാകുന്നു. അതു പത്രോസ് ആകുന്നു.

യോഹ.18:18,25 വ്യക്തമാക്കുന്നത് പത്രോസ് ദാസന്മാരോടു കൂടെ തീ കാഞ്ഞുകൊണ്ടിരിക്കുന്നു. കാരണം അതു തണുപ്പുള്ള രാത്രിയായിരുന്നു. എന്നാൽ അവന്റെ യജമാനൻ കഷ്ടത നേരിടുകയാണ്. യേശുവിനോടു കൂടെ മരിക്കുവാനും തയ്യാറാണ് എന്നു പറഞ്ഞത് ഈ പത്രോസ് ആകുന്നു. പത്രോസ് മറ്റു ശിഷ്യന്മാരെക്കാൾ അധികം നല്ലവനായിരുന്നു. മറ്റു ശിഷ്യന്മാരെല്ലാം ഗത്ശമനെയിൽ വെച്ചു തന്നെ യേശുവിനെ ഉപേക്ഷിച്ചു ഓടിപ്പോയപ്പോൾ പത്രോസ് ന്യായവിസ്താര സ്ഥലം വരെ യേശുവിനെ പിന്തുടർന്നു വന്നു. മറ്റു ശിഷ്യന്മാരേക്കാൾ അധികം പത്രോസ് നല്ലവനല്ലയോ? ഒരു പക്ഷെ അതെ, എന്നാൽ ഇത്തരത്തിലുള്ള പിന്തുടരൽ ക്രിസ്തുവിൽ ഉറച്ചു നിൽക്കുവാൻ പര്യാപ്തമല്ല. അതുകൊണ്ടാണ് തീ കാഞ്ഞു കൊണ്ടിരുന്ന പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞത്.

യേശു കഷ്ടം അനുഭവിക്കുമ്പോൾ പത്രോസ് തണുപ്പിൽ നിന്നു സുരക്ഷിതത്വം തേടുകയായിരുന്നു. അത് അവനെ യേശുവിനെ നിരസിക്കുന്നതിലേക്കു നയിച്ചു. യേശു ആവർത്തിച്ചു പ്രാർത്ഥിക്കുവാൻ ആലോചന നൽകിയിട്ടും പത്രോസ് യേശുവിനോടു ചേർന്നു പ്രാർത്ഥിക്കുന്നതിനു തയ്യാറാകാതെ ഉറങ്ങുകയായിരുന്നു. ഇവിടെ മഹാപുരോഹിതന്റെ ഭവനത്തിൽ യേശുവിനു മരണവിധി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ് എന്നാൽ പത്രോസ് തണുപ്പിൽ നിന്നും രക്ഷ നേടുന്നതിനായി തീ കാഞ്ഞു കൊണ്ടിരിക്കുന്നു. എന്തൊരു അലംഭാവം, നിർവികാരത, സ്വന്ത ആവശ്യത്തിനുള്ള മുൻഗണന. ഇവിടെ ഉയരുന്ന ചോദ്യം ക്രിസ്തുവില്ലാതെ ജനം നശിച്ചു പോകുമ്പോൾ നാം പത്രോസിനെ പോലെ സ്വന്ത സൗകര്യവും ലോകത്തിന്റെ ആർഭാടവും നോക്കി അലംഭാവത്തിലിരിക്കയാണോ?

ഉല്പത്തി 37 ൽ യോസഫിന്റെ സഹോദരങ്ങളുടെ നിർവികാരതയുടെ ഉന്നതി കാണുവാൻ സാധിക്കും. വാക്യം 24 യോസഫിനെ വെള്ളമില്ലാത്ത പൊട്ടകിണറ്റിൽ ഇട്ടു. വാക്യം 25 പറയുന്നു അവർ ഭക്ഷണം കഴിക്കുവാൻ ഇരുന്നു. യോസഫ് കൊണ്ടുവന്ന ഭക്ഷണമാണ് അവർ കഴിക്കുന്നത്. എന്നാൽ അവരുടെ ഇളയ സഹോദരനായ യൗവ്വനക്കാരൻ പൊട്ടകിണറ്റിൽ ഭയന്നു കിടക്കുന്നു. അവന്റെ സഹോദരന്മാർ ഉപേക്ഷിച്ചതിന്റെ വേദന അവന്റെ ഹൃദയത്തെ നുറുക്കുന്നു. എന്നാൽ അവർ ഭക്ഷണത്തിനിരുന്നു.

പാതി മനസ്സോടെ യേശുവിനെ അനുഗമിച്ചതിന്റെ കാരണം ഒരു പക്ഷെ സ്വാർത്ഥത, ലോകസ്നേഹം, ധനമോഹം, സുഖസൗകര്യങ്ങളോടു ആർത്തി തുടങ്ങിയവ ആയിരിക്കാം. അർദ്ധഹൃദയരായ അനുയായികൾക്കുള്ള മറുമരുന്ന് സ്വയത്തെ കൊന്നു ക്രിസ്തുവിനായി ജീവിക്കുക എന്നതാകുന്നു. ഗലാത്യർ 2: 20 ൽ പൗലൊസ് പറയുന്നു, "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജിവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ

എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു" ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്ന ബോധ്യം പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ അനുഗമിക്കുന്നതിനു എന്നെ പ്രാപ്തനാക്കും. എന്നോടുള്ള ക്രിസ്തുവിന്റെ സ്നേഹത്തെയും എനിക്കു വേണ്ടി യേശുക്രിസ്തു തന്റെ ജീവൻ നൽകിയെന്നതിനെയും തിരിച്ചറിയുമ്പോൾ ഈ ലോകത്തിലുള്ളതിനെയെല്ലാം ഉപേക്ഷിക്കുവാനും എല്ലായിടത്തും എല്ലാറ്റിലും യേശുവിനെ അനുഗമിക്കുവാൻ എന്നെ പ്രേരിപ്പിക്കും.

ക്രിസ്തുവിനെ കൂടാതെ ലോകം വിധിക്കപ്പെടുകയും നശിക്കുകയും ചെയ്യുമ്പോൾ എനിക്കു എങ്ങനെ പത്രോസിനെ പോലെ എന്നെത്തന്നെ ചൂടാക്കി കൊണ്ടിരിക്കുവാൻ സാധിക്കും? തീയുടെ ചൂടിൽ നിന്നും പുറത്തു വരാത്തിടത്തോളം യേശുവിന്റെ വേദനയും പീഡയും പൂർണ്ണമായി മനസ്സിലാക്കുവാൻ കഴികയില്ല. ലൂക്കോസ് 9:57-62 മൂന്നു വ്യക്തികൾ യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നു എന്നാൽ പൂർണ്ണ മനസ്സോടെ വേഗത്തിൽ അതു ചെയ്യുവാൻ കഴിയുന്നില്ല. കാരണം വളരെ യാഥാർത്ഥ്യമായ ചില കാര്യങ്ങൾ അവരെ പിന്തിരിപ്പിച്ചു. മൂന്നു പേരിൽ ഒരുവൻ യേശുവിനോടു പറഞ്ഞു ഞാൻ നിന്നെ അനുഗമിക്കാം. മറ്റു രണ്ടു പേരെയും തന്നെ അനുഗമിക്കുവാൻ യേശു ക്ഷണിച്ചതാണ്. എന്നാൽ ഒരുവൻ പറഞ്ഞ് എന്റെ പിതാവിന്റെ ശവസംസ്കാരം നടത്തണം, മറ്റൊരുത്തൻ പറഞ്ഞു എന്റെ കുടുംബത്തോടു യാത്ര ചോദിക്കണം. ഇവർ ആരും യേശുവിനെ അനുഗമിക്കയില്ലെന്നു പറഞ്ഞില്ല മറിച്ച് അവരുടെ ജീവിതത്തിൽ മുൻഗണന നലൽകേണ്ട ചില വിഷയങ്ങൾ ഉണ്ടെന്നതാണ്. കലപ്പെക്കു കൈവച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല എന്നു യേശു പറഞ്ഞു. വളരെ വ്യക്തമാണ് യേശുവിനെ അനുഗമിക്കുന്നവർ എല്ലാം ഉപേക്ഷിച്ചു യേശുവിനെ അനുഗമിക്കുവാൻ തയ്യാറാകണം. പൂർണ്ണ ഹൃദയത്തോടെ യേശുവിനെ അനുഗമിക്കണം.

## പത്രോസിന്റെ പുനഃസ്ഥാപനം

സാധാരണ ജനത്തിന്റെ മുമ്പിൽ യേശുവിനെ അറിയില്ലെന്നു തള്ളിപ്പറഞ്ഞ പത്രോസ് പിന്നീട് അതിദുഃഖത്തോടെ പൊട്ടിക്കരഞ്ഞു. പിന്നീട് പത്രോസ് ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷിയായി. യേശുവിന്റെ ശൂന്യമായ കല്ലറ കണ്ടു യേശു ഉയിർത്തെഴുന്നേറ്റു എന്നു ബോധ്യമായി. എന്നാൽ പത്രോസ് വീണ്ടും പരാജയപ്പെടുന്നു. മനുഷ്യരെ പിടിക്കുന്നവരാക്കുമെന്ന ദൈവിക നിയോഗവും വിളിയും മറന്ന് പത്രോസ് മീൻ പിടിക്കുന്നതിനായി പോയി.

കഴിഞ്ഞ വർഷവും അതിനു മുമ്പും നിരവധി തവണ നാം ക്രിസ്തുവിനെ പൂർണ്ണ ഹൃദയത്തോടെ അനുഗമിക്കുമെന്നും അവന്റെ ഇഷ്ടം ചെയ്യുമെന്നും തീരുമാനമെടുത്തതാണ്. എന്നാൽ നാം നമ്മുടെ സ്വന്ത ശക്തിയിൽ ആശ്രയിച്ചതിനാലും ദൈവത്തിന്റെ ആശങ്കകൾ നമ്മുടെ മനസ്സിലില്ലാത്തതിനാലും അർദ്ധ ഹൃദയത്തോടെ ദൈവത്തെ അനുഗമിച്ചതിനാലും പത്രോസിനെ പോലെ വീണ്ടും വീണ്ടും പരാജയപ്പെടുന്നു.

പിന്നീട് യേശു പത്രോസിനെ ഒരിക്കൽ കൂടി കണ്ടു മുട്ടുന്നു എന്നിട്ട് വളരെ സുപ്രധാനമായ ഒരു ചോദ്യം ചോദിക്കുന്നു, "യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവയിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ? രണ്ടാം തവണയും ചോദിക്കുന്നു, യോഹന്നാന്റെ മകനായ ശീമോനേ, നീ എന്നെ സ്നേ

ഹിക്കുന്നുവോ? യേശുവിനെ സ്നേഹിക്കുന്നു എന്ന പത്രോസിന്റെ ദൃഢമായ മറുപടിക്കു ശേഷവും യേശു മൂന്നാം പ്രാവശ്യവും ചോദിക്കുന്നു, യോഹന്നാന്റെ മകനായ ശീമോനേ നീ എന്നെ സ്നേഹിക്കുന്നുവോ? പത്രോസ് ദുഃഖിച്ചു; കർത്താവേ നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രീയമുണ്ടു എന്നും നീ അറിയുന്നു. പിന്നീട് യേശു യോഹ.21:19 ൽ എന്നെ അനുഗമിക്ക എന്നു പത്രോസിനോടു പറയുന്നു. യോഹ.21:22 ലും യേശു പത്രോസിനോടു എന്നെ അനുഗമിക്ക എന്നു പറയുന്നു.

ഇവയെക്കാൾ അധികം പത്രോസ് യേശുവിനെ സ്നേഹിക്കണമെന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണ് മൂന്നു പ്രാവശ്യം യേശു ഈ ചോദ്യം ആവർത്തിച്ചത്. ഇവയിൽ എല്ലാറ്റിലും അധികമായി നാം യേശുവിനെ സ്നേഹിക്കണമെന്നു യേശു നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. പുതുവർഷത്തിന്റെ ആരംഭത്തിൽ നിൽക്കുന്ന നമ്മോടും യേശു ചോദിക്കുന്നു ഇവയിൽ അധികമായി നാം യേശുവിനെ സ്നേഹിക്കുന്നുവോ? ഇതിൽ യേശു ഒഴികെയുള്ളതെല്ലാം ആക്ഷരികമായി എല്ലാം ഉൾപ്പെടുന്നു. അവൻ നമ്മെ വളരെയധികം സ്നേഹിച്ചു, അവൻ നമുക്കു വേണ്ടി കഷ്ടപ്പെടുകയും ക്രൂശിൽ മരിക്കയും ചെയ്തു. വെളിപ്പാട് 2:4 ൽ യേശു പറഞ്ഞു, "നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ചു പറയുവാനുണ്ട്." എല്ലാറ്റിലും ഉപരിയായി നാം അവനെ ആദ്യ സ്നേഹത്തോടെ സ്നേഹിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നാം ഇവയിൽ അധികമായി ദൈവത്തെ സ്നേഹിക്കുന്നുവോ?

**- റവ. എസ്. ജോൺ ബർലിൻ**
ജനറൽ സെക്രട്ടറി


# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# കോതമ്പു മണിയായി വീണു!



## ശ്രീമതി. വെള്ളൈയമ്മാൾ പാക്കിയമുത്തു

(1939 - 2024)

തെങ്കാശി ജില്ലയിലെ ആലംകുളം താലുക്കിലുള്ള കുറുവൻകൊട്ടൈ ഗ്രാമത്തിൽ ശ്രീമതി. വെള്ളൈയമ്മാൾ 05/07/1939 ൽ ശ്രീ. പൊന്നൈയ്യയുടെയും ശ്രീമതി തങ്കമ്മാളിന്റെയും ഇളയ മകളായി ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. 03/091962 ൽ ശ്രീ. വി പി പാക്കിയമുത്തു അവളെ വിവാഹം കഴിച്ചു. കർഷകനും ഗ്രാമ സുവിശേഷകനുമായ ഭർത്താവാണ് അവളെ രക്ഷയിലേക്കു വഴി നടത്തിയത്. അദ്ദേഹത്തിനു സുവിശേഷം ശ്രവിക്കാത്തവരോടു സുവിശേഷം ഘോഷിക്കണമെന്ന ദൈവവിളിയെ കുറച്ചു ഉത്തമ ബോധ്യമുണ്ടായിരുന്നു. മൂത്തമകൾ എസ്ഥേർ മേരിയെ വിവാഹം കഴിപ്പിച്ചതിനെ തുടർന്നു ആറാം ക്ലാസ്സിൽ പഠിക്കുന്ന ഇളയ മകളെ ഹോസ്റ്റലിൽ ആക്കുകയും അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന മകനെ ഒരു ബന്ധു വീട്ടിൽ ആക്കുകയും ചെയ്തിട്ട് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിൽ മിഷനറിയായി ചേർന്നു പെരിയ മലയിൽ ശുശ്രൂഷ ആരംഭിച്ചു. ആറു മാസത്തിനു ശേഷം 1980 നവംബറിൽ വെള്ളൈയമ്മാളും പൂർണ്ണ സമയ മിഷനറിയായി ചേർന്നു. അവർ കുടുംബമായി രണ്ടര വയസ്സുള്ള ചെറു പൈതൽ ആശീർ ധനസിങ്ങിനെയും ചേർത്തു പിടിച്ച് പഞ്ചപ്പള്ളി മിഷൻ വയലിൽ പ്രവർത്തിച്ചു. പിന്നീട് അവൾ തന്റെ ഭർത്താവിനോടു ചേർന്ന് ബലാറംപെട്ടി, പാലക്കോടു, വെപ്പനപ്പള്ളി, പെനഗാരം, മനലൂർപെട്, തിരുകോവിലുർ, കൃഷ്ണഗിരി, കാവേരിപട്ടണം എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു.

അനുകമ്പ നിറഞ്ഞവളായ അവൾ വിശ്വാസികൾക്കു മാതാവിനെ പോലെ ആയിരുന്നു. എല്ലാവരുമായി ഇടപഴകുവാൻ കഴിയുന്ന ആതിഥ്യ മര്യാദയിൽ മികവു പുലർത്തിയ വെള്ളൈയമ്മാൾ ആദ്യനാളുകളിൽ ആവശ്യങ്ങളെ അഭിമുഖീകരിച്ചെങ്കിലും പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചു പിറുപിറുപ്പില്ലാതെ ആവേശത്തോടെ ദൈവവേല ചെയ്തു. ഗ്രാമത്തലവനിൽ നിന്നു എതിർപ്പുകളുണ്ടായപ്പോഴും മതതീവ്രവാദികൾ ഉപദ്രവിച്ചപ്പോഴും അവൾ വിശ്രമമില്ലാതെ ഭയലേശമെന്യെ ദൈവവേല ചെയ്തു.

അവൾ ഗ്രാമത്തിൽ ബുധനാഴ്ച ഉപവാസ പ്രാർത്ഥനയും ഞായറാഴ്ച ആരാധന യോഗവും നടത്തുക പതിവായിരുന്നു. കുട്ടികളുടെ ഇടയിലും അവൾ സുവിശേഷം പങ്കുവെച്ചു. അവധി ദിവസങ്ങളിൽ അവർക്കായി പ്രാർത്ഥന യോഗങ്ങൾ സംഘടിപ്പിച്ചു അവരെ ആത്മമീകമായി നയിച്ചു. ഇന്ന് അവളുടെ മകൻ ജയരാജ് ശമുവേലും മകൾ ജയസെൽവിയും പൂർണ്ണ സമയ മിഷനറിമാരായി FMPB യിൽ പ്രവർത്തിക്കുന്നു. അവളുടെ മൂത്തമകൾ എസ്ഥേർ മേരി അച്ചാറിന്റെ ബിസ്സിനസ് നടത്തുന്നു. ഇളയ മകൻ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

24 വർഷത്തെ സേവനത്തിനു ശേഷം വെള്ളൈയമ്മാൾ 04/03/2004 ൽ സജീവ സേവനത്തിൽ നിന്നു വിരമിച്ചു. 2024 ആഗസ്റ്റിനു ശേഷം അവളുടെ ആരോഗ്യത്തിൽ ചില പ്രയാസങ്ങൾ ഉണ്ടായി. ചികിത്സയോടുള്ള ബന്ധത്തിൽ മകൾ ജയ സെൽവിയോടു ചേർന്നു ട്രിച്ചിയിലാണ് താമസിച്ചത്. ചെന്നയിലുള്ള മകൻ ജപരാജ് ശമുവേലിന്റെ ഭവനത്തിൽ ഒക്ടോബറിൽ വന്നു. വൃക്കയുടെ പ്രവർത്തനം നിലച്ചതിനെ തുടർന്നു ഡിസംബർ ഒന്നാം തീയതി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡിസംബർ മൂന്നാം തീയതി അതിരാവിലെ വെള്ളൈയമ്മാൾ മഹത്വത്തിൽ പ്രവേശിച്ചു. അന്നു രാവിലെ 11



# ഒറിയ സഭാചരിത്രം

**കിയോഞ്ജർ മിഷൻ വയൽ**
**ഉദ്ഘൽ റീജിയൺ**
**ഈസ്റ്റേൺ സോൺ**

**ആരംഭം മുതൽ ഫെബ്രുവരി 2024 വരെ**

എഴുതിയത്:
**ശ്രീമതി ഡി ആഗ്നസ് എഡ്വേർഡ്**

ഒഡിഷയിലെ കിയോഞ്ജർ ജില്ലയിലുള്ള തെൽക്കോയ് ബ്ലോക്കിലെ ഒരു ഇടത്തരം ഗ്രാമമാണ് ഒറിയ. ഇവിടെ 222 കുടുംബങ്ങൾ വസിക്കുന്നു.

1986 ഫെബ്രുവരിയിൽ കിയോഞ്ജർ മിഷൻ വയൽ ആരംഭിച്ചു. ശ്രീ. ഫെഡറിക് സത്യശാമുവേൽ, ശ്രീ. രൂബൻ ശാമുവേൽ എന്നിവരാണ് ഈ മിഷൻ വയലിലെ ആദ്യ മിഷനറിമാർ. 1982 ൽ ബ്ലസിംഗ് യൂത്ത് മിഷൻ മിഷനറിമാരായ ശ്രീ.ഫിലിപ്പ് ബിസോയ്, ശ്രീ. ചെല്ലിയാൻ എന്നിവർ കൻജിപാനിയിൽ താമസിച്ചു തെൽക്കോയ്, കിയോഞ്ജർ എന്നീ പ്രദേശത്തു പ്രവർത്തിച്ചിരുന്നു. ഈ രണ്ടു മിഷനറിമാരും വീടു വീടാന്തരം കയറി ഒടിയ ഭാഷയിലുള്ള ലഘുലേഖകൾ വിതരണം ചെയ്തു സുവിശേഷം പങ്കുവെച്ചിരുന്നു. ഒറിയ ഗ്രാമത്തിലുള്ള നാരു മുണ്ട എന്ന വ്യക്തി അവരെ കണ്ടു വരണ്ട കൈയ്യുള്ള ശ്രീ. ബീർ സിങിനെ കുറിച്ചു അവരോടു പറഞ്ഞു. മിഷനറിമാരെ ബീർ സിങിന്റെ ഭവനത്തിൽ കൂട്ടികൊണ്ടു പോയി. മിഷനറിമാർ അവനോടു സുവിശേഷം പങ്കുവെക്കുകയും യേശു ചെയ്യുന്ന അത്ഭുതത്തെ കുറിച്ചും പറഞ്ഞു. ബീർസിങ് അവരോടു എന്റെ കരം കർത്താവ് സുഖപ്പെടുത്തുകയാണെങ്കിൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കാമെന്നു പറഞ്ഞു. BYM മിഷനറിമാരുടെ പ്രാർത്ഥനയിലൂടെ ദൈവം ബീർസിങിനെ സൗഖ്യമാക്കി. അങ്ങനെ അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ബീർ സിങിന്റെ ഭവനത്തിൽ ആരാധന

---

മണിക്കു ആസ്ഥാന മന്ദിരത്തിൽ ക്രമീകരിച്ച സംസ്കാര ശുശ്രൂഷയിൽ മിഷനറിമാരും വിരമിച്ച മിഷനറിമാരും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരും സംബന്ധിച്ചു. തുടർന്നു ഭൗതീക ശരീരം ജന്മനാടായ ആലംകുളത്തേക്കു കൊണ്ടുപോയി അവിടെ സംസ്കരിച്ചു. പ്രീയ മാതാവിന്റ അനുഗ്രഹിക്കപ്പെട്ട ജീവിതത്തിനായി ദൈവത്തെ സ്തുതിക്കാം. അവളുടെ പ്രീയ ഭർത്താവിന്റയും മക്കളുടെയും കൊച്ചുമക്കളുടെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കാം.

**ശ്രീമതി. ജയസുന്ദരി**
കമ്യൂണിക്കേഷൻ വിഭാഗം

ആരംഭിക്കുകയും ചെയ്തു. ശക്തമായ എതിർപ്പിനെ തുടർന്നു BYM മിഷനറിമാർക്കു ആ സ്ഥലം വിട്ടു പോകേണ്ടി വന്നു.

BYM മിഷനറിമാർ പോയതിനെ തുടർന്നു ആദ്യ വിശ്വാസികൾ കിയോഞ്ജറിലുള്ള ബാപ്റ്റിസ്റ്റ് സഭയിൽ ആരാധനക്കു പോകുവാൻ തുടങ്ങി. സിമിലി പഹാടിലുള്ള വിശ്വാസിയായ മങ്കലു മുണ്ട (FMPB വിശ്വാസിയല്ല) ഒറിയ ഗ്രാമം സന്ദർശിച്ചു അവശ്യമായ ഇടയ പരിപാലനം നിർവഹിച്ചു വന്നു. അവൻ അമർ ജ്യോതി എന്ന മിഷനറി സംഘടനയെയും അതിലെ മിഷനറി ശ്രീ. സബാനം സിങ്ങിനെയും അവർക്കു പരിചയപ്പെടുത്തി കൊടുത്തു. ബീർസിങ്ങിന്റെ ഭവനത്തിലെ ആരാധന രണ്ടാമത്തെ സംഘടന തുടർന്നു കൊണ്ടിരുന്നു. ആ സമയത്തും അവിടെ ശക്തമായ എതിർപ്പുണ്ടായി. എന്നാൽ അമർ ജ്യോതിയിലെ ആളുകൾ വിശ്വാസികൾക്കു ആവശ്യമായ സഹായങ്ങൾ നൽകി. പിന്നീട് അവരും ആ പ്രദേശം വിട്ടു പോയി.

1989 നവംബർ ആദ്യവാരം സോമ മുണ്ട എന്ന വിശ്വാസി നമ്മുടെ മിഷനറിമാരായ ശ്രീ. കെ. ഫ്രാൻസിസിനെയും ശ്രീ. അശോക് നായകത്തെയും വന്നു കണ്ടു അങ്ങോട്ടു ക്ഷണിച്ചു കൊണ്ടു പറഞ്ഞു. ശ്രീ. ബീർസിങ്ങിനോടു ദൈവം വ്യക്തമായി പറഞ്ഞു, "കിയോഞ്ജറിൽ പ്രവർത്തിക്കുന്ന മദ്രാസി സഹോദരങ്ങളെ വിളിക്കുക. അവർ നിങ്ങളെ പഠിപ്പിക്കും". അഞ്ചു പ്രാവശ്യം മിഷനറിമാർ ഈ കാര്യം പറയുന്നതിൽ നിന്നും അയാളെ ഒഴിവാക്കി. ഒടുവിൽ ബീർസിങ്ങിന്റെ മകൾ രോഗിയായി തീർന്നു. അവളുടെ ഭർത്താവ് മിഷനറിമാരോടു അവളുടെ രോഗ വിവരം അറിയിച്ചു. മിഷനറിമാർ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവളെ സൗഖ്യമാക്കി. അന്നു മുതൽ മിഷനറിമാർ അവരെ സന്ദർശിക്കുവാൻ തുടങ്ങി.

20.1.1990 ൽ 15 വ്യക്തികൾ സഭയിലെ അംഗങ്ങളായി. റവ. എഡ്വിൻ ബാലാസിങ്, ശ്രീ. എം ജെ സുകുമാരൻ, ഫീൽഡ് മിഷനറിമാർ എന്നിവർ ഈ ചടങ്ങിൽ സന്നഹിതരായിരുന്നു. ശുശ്രൂഷ അവസാനിച്ച ഉടനെ 100 ആളുകൾ വടികളുമായി വന്ന് മിഷനറിമാരെ ക്രൂരമായി മർദ്ധിച്ചു. വിശ്വാസി സോമ മുണ്ടയെ ഒരു നായയെ പോലെ വലിച്ചിഴച്ചു. കത്തരപള്ളി പോലീസ് സ്റ്റേഷനിൽ പോകുവാൻ വിശ്വാസികളുടെമേൽ സമ്മർദ്ദം ചെലുത്തി. അവർ മിഷനറിമാരുടെ സഞ്ചിയും വേദപുസ്തകവും എല്ലാം എടുത്തു. അവർ മിഷനറിമാരെ മർദ്ദിക്കുന്നതിനും അവരുടെ സഞ്ചിയും ബൈബിളും എല്ലാം കത്തിക്കുന്നതിനും ശ്രമിച്ചു. എന്നാൽ ഒരു പോലിസുകാരന്റെ ദയയാൽ അവരെ തെൽക്കോയ് പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടു പോയി. പിന്നീട് പോലീസ് സ്റ്റേഷനിലെ ഉയർന്ന ഉദ്യോഗസ്ഥൻ രണ്ടു പോലീസ്കാരെ സഹായികളായി അയച്ചു ജഗമോഹനപൂർ വരെ സുരക്ഷിതമായി എത്തിച്ചു.

## സഭയുടെ വളർച്ച

സമീപ ഗ്രാമങ്ങളിൽ നിന്നുള്ള വിശ്വാസികൾ ഒറിയ ഗ്രാമത്തിലേക്കു ആരാധനക്കായി കടന്നുവരുവാൻ തുടങ്ങി. പ്രാർത്ഥനക്കായി കടന്നു വരുന്നവരുടെ ജീവിതങ്ങളിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. കിയോഞ്ജർ മിഷൻ വയലിന്റെ ചരിത്രത്തിൽ നിന്നും - 1990 മെയ് മാസത്തിൽ ശ്രീമതി സുബുനി ഗഗരൈ വയറിളക്കത്താൽ കഷ്ടപ്പെട്ടു. അവർ സൗഖ്യത്തിനായി അനേക ആഭിചാര പ്രവർത്തകരുടെ അടുക്കൽ പോയി എങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. ഒടുവിൽ സുബുനി ഗഗരൈയെയും അവളുടെ ഭർത്താവും

ചേർന്നു ഒറിയ ഗ്രാമത്തിൽ വന്നു വിശ്വാസികളോടു അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ഒറിയ ഗ്രാമത്തിലെ വിശ്വാസികളുടെ പ്രാർത്ഥനയാൽ അവൾക്കു സൗഖ്യം ലഭിച്ചു. അവളുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ബടജമ്ട മിഷൻ വയലിൽ 8.6.1990 ൽ അഞ്ചു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി.

## വലിയ അത്ഭുതങ്ങൾ

ഒറിയ വിശ്വാസിയായ ശ്രീ. പ്രധാൻ മുണ്ടയുടെ ഭാര്യ ശ്രീമതി ഹവ്നറി മുണ്ടയെ ഉദരത്തിലുണ്ടായ ട്യൂമറിനെ തുടർന്നു തെൽക്കോയ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവൾക്കു നൽകിയ ചികിത്സകളൊന്നും ഫലിച്ചില്ല. നാലാമത്തെ ദിവസം അവൾ മരിച്ചു പോയി. ഡോക്ടറന്മാർ അവളുടെ മരണം സ്ഥിരീകരിച്ചു അവളുടെ ശരീരം വിട്ടിലേക്കു കൊണ്ടു പോകുവാൻ ആവശ്യപ്പെട്ടു. വിശ്വാസികളായ കുടംബാംഗങ്ങൾ അവളുടെ മൃതശരീരം ഭവനത്തിലേക്കു കൊണ്ടുവരുന്ന വേളയിൽ മൂന്നു കിലോമീറ്റർ ദൂരം കാത്തരപള്ളി ഗ്രാമവാസികൾ അവരെ പരിഹസിച്ചു. അവർ വിശ്വാസികളോടു അവളുടെ ശവം കാട്ടിലെറിഞ്ഞിട്ട് പോകുവാൻ പറഞ്ഞു. ഒറിയ ഗ്രാമവാസികൾ അവളുടെ ജീവനു വേണ്ടി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. തുടർമാനമായ മൂന്നു ദിവസം അവർ പ്രാർത്ഥിച്ചു. നാലാം ദിവസം പ്രഭാതത്തിൽ അവൾ ജീവനോടെ എഴുന്നേറ്റു ഭക്ഷണം ചോദിച്ചു. ഈ മൂന്നു ദിവസവും അവളുടെ ശരീരം അഴുകിയില്ല, നാറ്റം വെച്ചില്ല. ഈ അത്ഭുതത്തെ തുടർന്നു 60-70 പേർ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി.

## ആരാധനയുടെ വിവരങ്ങൾ

1989 നവംബർ മുതൽ ശ്രീ. ബീർ സിങിന്റെ ഭവനത്തിലെ ആരാധനക്കു FMPB നേതൃത്വം കൊടുത്തു വന്നു. ബീർസിങിന്റെ ഭവനത്തിൽ സ്ഥലം തികയാതെ വന്നപ്പോൾ 1993 ൽ മോഹൻ മുണ്ട എന്ന വിശ്വാസി തന്റെ വസ്തു ദൈവാലയ പണിയുന്നതിനു ദാനമായി നൽകി. അവിടെ ഒരു താൽക്കാലിക ദൈവാലയം പണിതു. 2009 വരെ അവിടെ ആരാധന തുടർന്നു. ഈ കാലയളവിൽ 2001 ൽ ശ്രീ. പ്രധാൻ മുണ്ടയും മകൻ ശ്രീ. മഹേശ്വർ മുണ്ടയും തങ്ങളുടെ സ്ഥലം ദൈവാലയ നിർമ്മിക്കുന്നതിനു ദാനമായി നൽകി. കാരണം പ്രധാൻ മൂണ്ടയുടെ ഭാര്യ ശ്രീമതി ഹാവ്നാരി മുണ്ടയെയാണ് മരണത്തിൽ നിന്നും ദൈവം എഴുന്നേൽപിച്ചത്. വിശ്വാസികളുടെ എണ്ണം 70 ആയി വർദ്ധിച്ചപ്പോൾ താൽക്കാലിക ആലയത്തിലും സ്ഥലം തികയാതെ വന്നു. അങ്ങനെ അവർ ശ്രീ. പ്രധാൻ മുണ്ടയും മകൻ മഹേശ്വർ മുണ്ടയും ദാനം നൽകിയ സ്ഥലത്തു ദൈവാലയം പണിയുവാൻ തീരുമാനിച്ചു. ശ്രീ. മോഹൻ മുണ്ട ദാനം നൽകിയ സ്ഥലം ചെറുതായിരുന്നു. 2011 ൽ ഒരു ദൈവാലയം പണിതു സമർപ്പണ ശുശ്രൂഷ നിർവഹിച്ചു. ആരാധന താൽക്കാലിക ദൈവാലയത്തിൽ നിന്നും പുതുതായി നിർമ്മിച്ച ദൈവാലയത്തിലേക്കു മാറ്റി.

## സഭയും സമുദായവും

ഒറിയ, ബാലിസാഹി, പുരുണപാനി, കാലിയപാനി, പിതാനാലി, കത്തരപള്ളി, ഡെമറിയ, ജട എന്നീ ഗ്രാമങ്ങളിലുള്ളവരാണ് ഒറിയ സഭയിലെ വിശ്വാസികൾ. ഇവരെല്ലാവരും ഹോ സമുദായത്തിലുള്ളവരാണ്.

## ദൈവാലയ നിർമ്മാണം

25.04.2010 ഒറിയ ദൈവാലയത്തിനു അടിസ്ഥാന ശിലയിട്ടു. നിർമ്മാണ

വേളയിൽ എതിർപ്പുകളില്ലായിരുന്നു. പ്രദേശികമായി സ്വരൂപിച്ച പണം കൊണ്ടാണ് ദൈവാലയം നിർമ്മിച്ചത്. ചിലർ ദൈവാലയ നിർമ്മാണത്തിനാവശ്യമായ മരം നൽകി. മറ്റു ചിലർ ഓട് നൽകി. മറ്റുള്ളവർ 1000 രൂപ, 2000 രൂപ വീതം സംഭാവനകൾ നൽകി. എല്ലാ വിശ്വാസികളും കഠിനാദ്ധ്വാനം ചെയ്താണ് ദൈവാലയം പണിതത്. ഉത്തരം സ്ഥാപിക്കുന്നതിനായി അവർ കാട്ടിൽ നിന്നും മരം കൊണ്ടു വന്നു. ശ്രീ. റാമോ, ശ്രീ. ഭീമോ എന്നിവരായിരുന്നു പ്രധാന മേസ്തിരിമാർ. 5.12.2010 ൽ അതിന്റെ ഒരു ഉത്തരം തകർന്നു പോയി. അവർ വീണ്ടും മരം കൊണ്ടുവന്നു മൂന്നു ഉത്തരം സ്ഥാപിച്ചു. വാതിലും ജനലും നിർമ്മിക്കുന്നതിനായി മിഷനറിയുടെ ഭാര്യ സുഷമ 3000 രൂപ സംഭാവന നൽകി. ഫീൽഡ് മിഷനറി റവ. ഹരമോഹൻ അർദ്ധ രാത്രി 12.30 നു ദൈവാലയത്തിന്റെ പ്രതിഷ്ഠ നടത്തി.

## ഒറിയ സഭയിലെ അത്ഭുതങ്ങളും പ്രധാന സംഭവങ്ങളും

### ആദ്യ വിശ്വാസി ശ്രീമതി സുനൈ ബീർസിങ് മുണ്ട

1986 ൽ ആദ്യ വിശ്വാസിയായ ശ്രീ ബീർസിങിന്റെ 20 വയസ്സുള്ള മകൾ ഉദരത്തിലുണ്ടായ ട്യൂമറിനെ തുടർന്നു നിര്യാതയായി. ഗ്രാമത്തിലെ ഒരാൾ പോലും മൃതദേഹം സംസ്കരിക്കുവാൻ സഹായിച്ചില്ല. നിരാശിതനായ ബീർസിങ് വിശ്വാസത്തിൽ പിന്മാറി പഴയതിലേക്കു പോകുവാൻ തീരുമാനിച്ചു. മകൻ സോമനാഥ് ഈ തീരുമാനത്തെ ഉത്സാഹിപ്പിച്ചു. എന്നാൽ അയാളുടെ ഭാര്യ ശ്രീമതി സുനൈ മുണ്ട ഈ തീരുമാനത്തെ എതിർത്തു. അവളെ ഭവനത്തിൽ നിന്നും പുറത്താക്കി. അവൾ ഒരു ചെറു കുടിൽ കെട്ടി അതിൽ ജീവിക്കുവാൻ തുടങ്ങി.

അനാമു മുണ്ട ചീലി ഗ്രാമത്തിൽ നിന്നു വന്നതാണ്. അവരുടെ ബന്ധുവായ ആഭിചാര പ്രവർത്തകന്റെ ആഭിചാര ക്രീയയുടെ ഫലമായി അയാളുടെ ഭാര്യ വയറിളക്കത്താൽ കഷ്ടപ്പെട്ടു. അനാമു മുണ്ട തന്റെ ഭാര്യയുടെ സൗഖ്യത്തിനായി ഒരു മന്ത്രവാദിയുടെ സഹായം തേടി. അവൾക്കു സൗഖ്യം ലഭിക്കാതെ വന്നപ്പോൾ അവർ സോമ മുണ്ടയെയും ഒറിയ ഗ്രാമത്തിലെ വിശ്വാസികളെയും ഓർത്തു. 16.12.1991 ഒറിയ വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവളെ സൗഖ്യമാക്കി.

### സഭയുടെ നടപടിയും വിവരങ്ങളും

ശ്രീ. ഫ്രെഡറിക് സത്യ ശമുവേൽ, ശ്രീ. രൂബൻ ശാമുവേൽ, ശ്രീ. കെ ഫ്രാൻസിസ്, ശ്രീ. കരുണാകരൻ, ശ്രീ. അശോക് നായക്, ശ്രീ. ഹരമോഹൻ, ശ്രീ. സമരേന്ദ്ര സിങ് എന്നീ മിഷനറിമാർ ഒറിയ സഭയിൽ ശുശ്രൂഷ ചെയ്തു. ശ്രീ. സോമ മുണ്ട പ്രാദേശിക സുവിശേഷകനായും ശ്രീ. മഹേശ്വർ മുണ്ട സഭാ മൂപ്പനായും ഇവിടെ പ്രവർത്തിക്കുന്നു. ഒറിയ ഗ്രാമത്തിലെ ശ്രീ. സോമ മുണ്ട പ്രാദേശിക സുവിശേഷകനായി FMPB യിൽ പ്രവർത്തിക്കുന്നു.

### സഭയുടെ കമ്മറ്റി

ശ്രീ. മഹേശ്വർ മുണ്ട, രാമു മുണ്ട (സെക്രട്ടറി), സോമനാഥ മുണ്ട (ഖജാൻജി), ബീമ മുണ്ട എന്നിവരാണ് കമ്മറ്റിയംഗങ്ങൾ. മൂന്നു മാസത്തിൽ ഒരിക്കൽ കമ്മറ്റി ചേരും. കമ്മറ്റിയുടെ കാലാവധി മൂന്നു വർഷമാണ്. സഭയിലെ വിശ്വാസികളാണ് കമ്മറ്റിയംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. സുവിശേഷീകരണ പ്രവർത്തനം, സഭയുടെ ആത്മീക വളർച്ച, മറ്റു സഭാ സംബന്ധമായ വിഷയങ്ങൾ കമ്മറ്റി ചർച്ച ചെയ്തു തീരുമാനമെടുക്കും.

### സുവിശേഷീകരണ പ്രവർത്തനം

ഒറിയ സഭയിലെ മൂപ്പൻ ശ്രീ. മഹേശ്വര മുണ്ടയും ആദ്യ വിശ്വാസിയായ ശ്രീമതി സുനൈ മുണ്ടയും മാസത്തിൽ ഒരിക്കൽ സുവിശേഷം പ്രഘോഷിക്കുന്നതിനായി പോകുന്നു. ഡെമറിയ, ജട, ടെന്റേനാലി, ബരാദവ്ത എന്നീ ഗ്രാമങ്ങളിലുള്ളവരോടു അവർ സുവിശേഷം പങ്കുവെക്കുന്നു. പ്രശ്നങ്ങളാൽ വലയുന്നവരോയും രോഗികളോടും സുവിശേഷം പങ്കുവെച്ചു അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ഇവരുടെ ശുശ്രൂഷയുടെ ഫലമായി ബരാദവ്ത ഗ്രാമത്തിൽ ഒരു ആരാധനക്കൂട്ടം രൂപീകരിച്ചു. വിശ്വാസികൾ അവരുടെ ബന്ധുമിത്രാദികളോടു സുവിശേഷം അറിയിച്ചതിന്റെ ഫലമായി 18 ആരാധനക്കൂട്ടങ്ങൾ ഉരുവായി. ദൈവത്തിനു മഹത്വം.




നമ്മുടെ മിഷനറിമാർക്കും സുവിശേഷർക്കും കശ്ശീശ പട്ടം നൽകുന്ന ശുശ്രൂഷ പരിശുദ്ധാത്മ നിറവിൽ അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ സാധിച്ചതിനു എല്ലാ മഹത്വവും മാനവും സർവ്വശക്തനായ ദൈവത്തിനു നൽകുന്നു. ഈ ഓർഡിനേഷൻ ആരാധന സംഘടിപ്പിച്ച നോർത്തേൺ ഇവാൻജലിക്കൽ ലൂഥറൻ സഭയോടും (NELC) കർത്താവിന്റെ വേല മുന്നോട്ടു ചെയ്യുന്നതിനു ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനു അവർ നൽകുന്ന ഉറച്ച പിന്തുണക്കും പങ്കാളിത്തത്തിനും ഞങ്ങൾ ഹൃദയംഗമായ നന്ദിയറിക്കുന്നു. ഡിസംബർ 11 ന് NELC യുടെ മോഡറേറ്റർ മോസ്റ്റ് റൈറ്റ് റവ. ഇസിലാഷ് ബസുമതാരി, NELC ദുംക മഹായിടവക ബിഷപ്പിനോടു ചേർന്നു നമ്മുടെ മിഷനറിമാരും സ്വദേശ സുവിശേഷകരും ഉൾപ്പടെ 44 പേർക്കു ജാർഖണ്ഡിൽ ദുംകക്കു സമീപമുള്ള കോരയ മിഷൻ വയലിൽ വെച്ചു പ്രസ്ബിറ്റേറിയൻ പട്ടം നൽകി. പുതിയ സഭകൾ സ്ഥാപിക്കുന്നതിനും പുതിയ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ശുശ്രൂഷ തുടരുന്നതിനും ഈ പട്ടത്വം നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും സഹായകരമാകും. ഈ സ്ഥാനാരോഹണ ശുശ്രൂഷയിൽ 700 ലധികം ആളുകൾ സംബന്ധിച്ചു. ഈ അവിസ്മരണിയ ചടങ്ങിൽ FMPB യുടെ ജനറൽ സെക്രട്ടറിയും മറ്റു മിഷൻ വയൽ നേതാക്കന്മാരും പങ്കെടുത്തിരുന്നു.




ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

കോങ്കാ ഗിരി ബാബു, ജിൻ സ്വാം,
മീനുക അടെപ്പ മാത്യു,
സരിത പോൾ ചൗദരി രാജേഷ്
ഹേബെൽ ഹെബ്രാം

## ജമ്മു കാശ്മീർ

### നൗഷേര

**ഷൈക് സുഭാനി & എമി ബാക്യ**

ഡങ്ക്രി മേഖലയിൽ പ്രവർത്തിക്കുന്നതിനു സോമി കുടുംബമായി തങ്ങളെത്തന്നെ സമർപ്പിച്ചു. ബസിൽ സഞ്ചരിക്കവെ ഉണ്ടായ അപകടത്തിൽ മനോഹറിനെ ദൈവം സുരക്ഷിതമായി പരിപാലിച്ചു. മദ്യത്തിനടിമയായ സോനു ഭാര്യയുടെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി ഈ ദുസ്വഭാവത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

കെനീത്, ബെരാരി എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ക്രിസ്തുയേശുവിൽ വളരുന്നു. സാക്ഷി ബന്നിന്റെ വിവാഹ നിശ്ചയവുമായുള്ള ആശയ കുഴപ്പം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആർമി റിക്രൂട്ട്മെന്റിൽ പരാജയപ്പെട്ട കമൽ, രാഹുൽ എന്നിവർ നിരാശപ്പെടാതെ മറ്റൊരവസരത്തിൽ പരിശ്രമിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സാമ്പ

**അയ്യനാർ & മാൻപ്രീത് കൗർ**

സിയാദ, പട്യാരി എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിച്ചു. രേഘ ഗ്രാമത്തിൽ വസിക്കുന്ന കുടിയേറ്റ തൊഴിലാളികൾ സുവിശേഷം തുറന്ന മനസ്സോടെ സ്വീകരിക്കുന്നു. കൂച്ച്, സാക്മുങ്കി എന്നീ ഗ്രാമത്തിലെ സഭാമൂപ്പന്മാർ സുവിശേഷ വേലയെ സഹായിക്കുകയും മുന്നണി പോരാളികളായി നിൽക്കുകയും ചെയ്യുന്നു.

ഹീരനഗർ, പൊങ്കൽ, രാജ്പുര എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഗൈസ, രാജ്പുട് എന്നീ ജാതിക്കൂട്ടങ്ങൾ സുവിശേഷത്തെ സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശുശ്രൂഷ പുരോഗമിക്കുന്ന കൂച്ച് റീജിയനിൽ ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

**നെർവ : ഇമ്മാനുവേൽ എസ് & സംഗീത ജസിന്ത**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഗ്രാമീണരുടെ എതിർപ്പിനെ തുടർന്നു ബംഗാൾ ഗ്രാമത്തിൽ നിർത്തിവെച്ച ആരാധനയോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ദുങ്കലാജ്, തൈറ എന്നീ ആരാധനക്കൂട്ടത്തിലുള്ള വിശ്വാസികൾ സുവിശേഷം നിമിത്തം പീഢനം അനുഭവിക്കുന്നു. ഗ്രാമീണർ സ്ഥാപിച്ച നീയന്ത്രണങ്ങളുടെ മദ്ധ്യത്തിൽ വിശ്വാസികൾ ധൈര്യത്തോടെ നിൽക്കേണ്ടതിനും വിശ്വാസത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. എതിർപ്പിന്റെ മദ്ധ്യത്തിൽ ബംഗാൾ, ബരാണു, അട്ടാൽ എന്നീ സഭകളിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോപ്പാൽ, ജിക്കിനിപാൽ, ഗുപ്വി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മേഘല ചെൽവി പ്രഭാഹർ,
നാഥൻ കുമാർ ബബർത്ത,
മഹാലെ യമൻബൻ ഭാങ്സിങ്,
മുന്ന മൊഹന്തിയാർ,
റൗട്ട് സുബാഷ്ബായി ലഹനുബായി,
ഉപദേശ് കുമാർ

### റിക്കോങ് പിയോ

**ശങ്കർ എ & രൂത്ത് മേരി**

ബാവ് ബഗദൂർ യേശുക്രിസ്തുവിനെ സത്യ ദൈവവും രക്ഷിതാവുമായി അംഗീകരിക്കുകയും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറകയും ചെയ്തു. രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. റൂമാൻസിങിന്റെ മകൾക്കു വിദേശത്തു നേഴ്സായി ജോലി ലഭിച്ചു. വാഹന അപകടത്തിൽ പരുക്കുകളേൽക്കാതെ പ്രകാശ് രക്ഷപെട്ടു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന അർജുൻ, കരമാൻ, പൂനം, അജയ്, രാംപിയാരി, അനു, റെഞ്ചി എന്നിവർ ക്രിസ്തു യേശുവിൽ വളരേണ്ടതിനും അവർ ക്രിസ്തുവിന്റെ ശിഷ്യരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ജന്മിയും നമ്മുടെ ശുശ്രൂഷക്കു സഹായകനുമായിരുന്ന നർത്താന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന ബഗത്ചന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### റാമ്പൂർ : ദൗജപായോ ഗുയിതെ & ഫ്ളോറൻസ് ലമുവങ്

കാട്ടു ഗ്രാമത്തിലെ 643 പേരോടു സുവിശേഷം പങ്കുവെച്ചു. ഇന്ത്യൻ ആർമിയിൽ കായിക പരിശീലകനായി സേവനം ചെയ്യുന്ന നേപ്പാളി വിശ്വാസി തന്റെ സ്വന്തഗ്രാമത്തിലേക്കു അവധിയിൽ വരുന്ന നേരത്തുണ്ടായ കാർ അപകടത്തിൽ ദൈവം അവനെ അത്ഭുതകരമായി വിടുവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും സുനിതമാഗി വിടുതൽ പ്രാപിച്ചു. അഞ്ചു വർഷത്തിനു ശേഷം സഭയിലേക്കു തിരികെ വന്ന കോപു ദേവിയുടെ ഭവനത്തിൽ പ്രാർത്ഥന യോഗം നടത്തി. അവർ ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മൂന്നു വർഷത്തെ കുടുംബ ജീവിതത്തിനു ശേഷം ബ്രിയയ്ക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

കോപു ദേവിയുടെ നേത്ര സംബന്ധമായ പ്രശ്നം പരിഹരിക്കേണ്ടതിനും ക്രിസ്തീയ വിശ്വാസത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. കല ദേവിയുടെ മകൻ ക്രിസ്തുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ചില ആളുകളുടെ തെറ്റായ ഉപദേശത്തെ തുടർന്നു ആരാധന യോഗത്തിൽ വരുന്നതു നിർത്തിയ പ്രസിഥി ദേവി ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പതിവായി ആരാധനയിൽ സംബന്ധിക്കാതിരിക്കുന്നവർ മാനസാന്തരപ്പെട്ടു ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകൻ വിശ്വസ്തതയോടും ആത്മാർത്ഥതയോടും കർത്താവിനെ സേവിക്കേണ്ടതിനും ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ ചെയ്യേണ്ടതിനുമായി പ്രാർത്ഥിക്കുക.

**3**
**ജനുവരി**
**വെള്ളി**

## പഞ്ചാബ്

### അഹമ്മദ് മാണ്ഡി

**കൃപ രക്ഷണ & ഷെക്കീന**

രണ്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ സോണിക്കു SBI യിൽ ജോലിക്കുള്ള നിയമന കത്തു ലഭിച്ചു. റോജിറ സഭയിലെ പ്രാർത്ഥനക്കൂട്ടത്തിന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയുടെ ഫലമായി പുതിയ ആളുകൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മാൻസ ഗ്രാമത്തിൽ സംഘടിപ്പിച്ച യുവജനങ്ങളുടെ ഉണർവ്വു യോഗത്തിൽ 24 യൗവ്വനക്കാർ പങ്കെടുത്തു. സിഖ, ഷഹൻഹർ, ബാരുണ്ടി, സോഗാഗിയാൻ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഭാര്യമാരുടെ വേർപാടിൽ ദുഃഖിക്കുന്ന ലക്ഷ്മൻ, ബാൻ സിങ്, ഭർത്താവിന്റെ വേർപാടിൽ ദുഃഖിക്കുന്ന നീലം ബൻ എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ ഭയം നിമിത്തം സുവിശേഷം പങ്കുവെക്കുവാൻ മടിക്കുന്നു. ദൈവം അവരുടെമേൽ ധൈര്യത്തിന്റെയും ശക്തിയുടെയും ആത്മാവിനെ പകരേണ്ടതിനായി പ്രാർത്ഥിക്കുക. ധർമ്മേന്ദ്ര സിങിന്റെ ദീർഘകാലമായുള്ള ഉദര സംബന്ധമായ രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകൾ കീർത്തനയുടെ മുഖത്തുണ്ടാകുന്ന വെള്ള പാണ്ട് സൗഖ്യമാകേണതിനായി പ്രാർത്ഥിക്കുക.

### മാൻസ

**ദെബർത്തോ വിശ്വാസ് & മന്ന സിങ്**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. പുതിയ ഏഴു കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഇവിടെ സംഘടിപ്പിച്ച നാലാമത്തെ സുവിശേഷ മേളയിൽ 800 വിശ്വാസികൾ സംബന്ധിച്ചതിൽ 150 പേർ ആദ്യമായി സംബന്ധിക്കുന്നവരാണ്. അപകടത്തെ തുടർന്നു കാലു തളർന്നു പോയ ശാന്തി സിങിനെ ദൈവം സൗഖ്യമാക്കി. ഇരുമ്പു വടിയുടെ സഹായത്താൽ ശാന്തി സിങ് നടന്നു ദൈവാലയത്തിൽ വന്നു ആരാധനയിൽ സംബന്ധിക്കുന്നു.

ഇവിടെ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ പ്രവർത്തനം തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലാടിസിങ്, സുമിത സിങ്, മൻജിത് സിങ്, ഗുലാബ് സിങ്, ജ്യോതി സിങ്, അൻമോൾ സിങ്, കുൽദീപ് സിങ്, ജീവൻ കുമാർ, പാൽ ദേവ് സിങ്, ഖാകി കൗർ, പ്രീത് കൗർ, ബിട്ടു സിങ് എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സഭാ മൂപ്പന്മാരുടെ നേതൃത്വത്തിൽ സുവിശേഷീകരണ പ്രവർത്തനം തീഷ്ണതയോടെ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. അഗ്രേജ്സിങ്, സംഷേർസിങ്, സുജിത് സിംങ് എന്നിവരുടെ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ഐവി മാർഗരെറ്റ് നിക്കോൾസൺ, ഭാഗ്യം കൊർന്നല്യോ, പുംസോൺച്ചിൻ, ലാൽ കിഷോർ മുർമ്മു

**ബത്തണ്ട : സഞ്ജിബ് ആനന്ദ് & പ്രസുതബാതി പാനി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുട്ടി വാലക്കാലൻ, മാദിക്കാലൻ എന്നീ ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം അറിയിച്ചു. മൗർ മാന്ദി, ബുച്ചോ മാന്ദി, ഭായി റൂപ, മാന്ദി കാലൻ എന്നീ പ്രദേശത്തു യുവജനങ്ങൾക്കായി പ്രത്യേക പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ചരൺസിത് കൗറിനെ കർത്താവ് സൗഖ്യമാക്കി.

പൂർണ്ണ സമയ സുവിശേഷ വേലക്കായി അനേക യൗവ്വനക്കാർ തയ്യാറാകേണ്ടതിനായി പ്രാർത്ഥിക്കുക. ഭായി റൂപ ദൈവാലയത്തിന്റെ ചുറ്റുമതിലിന്റെ പണിയും ബുച്ചോ മാന്ദി സഭയുടെ തറ ടൈൽസ് ഇടുന്ന പണിയും ചുറ്റുമതിൽ പണിയും വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**നിഹാൽസിങ് വാല/ ബാഘപുരാണ**

**ശിവശങ്കരൻ & മേഴ്സി എലിസബേത്ത്**

മൂന്നു സ്ഥലത്തു രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. നിവ്യ ഗ്രാമത്തിൽ സഹോദരിമാരുടെ സംഘം സുവിശേഷം പ്രഘോഷിച്ചു. ദൈവകൃപയാൽ പോലീസ് സംരക്ഷണയോടെ ഞായറാഴ്ച ആരാധന നടത്തി. 12 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം സംഘടിപ്പിച്ചു..

വിശ്വാസത്തിൽ നിന്നു പിന്മാറിപ്പോയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ജയിൽ മോചിതനായാൽ സംരബിത് കൗറും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തയ്യാറാണ്. അവൻ വേഗത്തിൽ ജയിൽ മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക. സുഖ്വിന്ദർ കൗർ, മാൻസി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാനസിക രോഗി സൗഖ്യമായി**

ഉത്തർപ്രദേശിൽ ജാലുൻ മിഷൻ വയലിലുള്ള ജാജീപുര ഗ്രാമത്തിലെ ഗുടി ബാഹേബിന്റെ മകനായ കോമൾ മാനസിക രോഗത്താൽ മറ്റുള്ളവരെ ആക്രമിക്കുമായിരുന്നു. ഭാര്യയെയും മക്കളെയും കുടുംബാംഗങ്ങളെയും കുത്തി പരുക്കേൽപിക്കുകയും ചില സമയത്ത് ഭവനത്തിൽ നിന്നു ഇറങ്ങി ഓടുകയും ചെയ്യുമായിരുന്നു. അയാൾ മടങ്ങി വരുമ്പോൾ എന്തു സംഭവിക്കുമെന്ന ഭയത്തിലാണ് കുടുംബം ജീവിച്ചിരുന്നത്. ഗുടി ബഹേബ് ജാജിപുരയിലുള്ള സഭയിൽ വന്നു മിഷനറിമാരോടു മകനു വേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. മിഷനറിമാർ പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം കോമളിനെ അനുഗ്രഹിച്ചു. മാനസിക രോഗത്തിൽ നിന്നും സൗഖ്യം നൽകി. ഇതു നിമിത്തം അനുഗ്രഹിക്കപ്പെട്ട കുടുംബാംഗങ്ങൾ അവരുടെ ഭവനത്തിൽ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!




## ജന്മദിനാശംസകൾ

സുരേഷ് മാൽട്ടോ,
ഇവാഞ്ചലിൻ സാംരാജ്,
മാനിഷ ലക്ര, ലിത്ഗെയ്ച്ചോങ്

## ഹരിയാന

### ബർവാല

**മിന്റു കുതും & സുബ്ര ബാഗ്**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സഭാമൂപ്പന്മാർ ദൈവാലയത്തിലേക്കുള്ള വഴിയിലെ കല്ലുകൾ നീക്കം ചെയ്തു വൃത്തിയാക്കി. ചുറ്റു മതിലിന്റെ അറ്റകുറ്റപണി തീർത്തു. തൊണ്ടക്കു ഗുരുതരമായ കാൻസർ ബാധിച്ച പൂജയെ ദൈവം അത്ഭുതകരമായി സൗഖ്യമാക്കി. ദീർഘകാലമായി ടൈഫോയ്ഡിനാൽ വലയുന്ന പർവാല ഗ്രാമത്തിലെ സുഷീലയെ കർത്താവ് സൗഖ്യമാക്കി.

സനാനിയ ഗ്രാമത്തിലെ പൂനത്തെ ക്ഷയ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കൈബിപൂർ ഗ്രാമത്തിലെ പോലിബന്നിനെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അജ്ഞാത രോഗത്താൽ വലയുന്ന കക്കാര ഗ്രാമത്തിലെ രവീന്ദ്രയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈബിപൂർ സഭയുടെ വാർഷീക സ്തോത്ര ആരാധന ആനന്ദകരമായി ആഘോഷിച്ചു. സ്തീകളുടെ പ്രാർത്ഥന യോഗം സുഗമമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കലൻവാലി

**വിജയകുമാർ & ജപല എസ്**

90 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 60 പേർക്കു സുവിശേഷ പ്രതികൾ നൽകി. രണ്ടു പ്രദേശങ്ങളിലായി ജീപ്പ് ടീമിന്റെ പ്രവർത്തനത്തിലൂടെയും ജീസസ് ഫിലിം പ്രദർശനത്തിലൂടെയും നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിൽ മൂന്നു പുതിയ സ്നേഹിതരെ ലഭിച്ചു. ഈ മിഷൻ വയലിൽ ക്രമീകരിച്ച കുട്ടികളുടെ ക്യാമ്പ് 42 കുട്ടികൾക്കും എട്ടു പ്രായമായവർക്കും പ്രയോജനപ്പെട്ടു. ഗുഗൻ വാലി ഗ്രാമത്തിലെ ബാമിയുടെ കുടുംബം പിന്മാറ്റത്തിലേക്കു പോയി. എന്നാൽ ദൈവവചനത്തിലൂടെ നൽകിയ ആലോചനയാൽ വീണ്ടും ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. വിഷാദ രോഗത്താൽ കഷ്ടപ്പെട്ട ജക്മാൽ വാലി ഗ്രാമത്തിലെ സുബ്പാൽ കൗറിനെ പ്രാർത്ഥനയിലൂടെ കർത്താവ് വിടുവിച്ചു.

ജലലാന, ചാകെറിയാൻ, ജാഗമാൽവാലി എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിലുള്ള വിശ്വാസം തടസ്സങ്ങളില്ലാതെ പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന സിറുസ ഗ്രാമത്തിലെ ഇക്വാൽ കൗറിന്റെ സൗഖ്യത്തിനായും അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പനിത്താല സഭ കമ്മറ്റിയിലേക്കും കാലൻവാലി സഭാ കമ്മറ്റിയിലേക്കും പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ ഫലകരമായ ജീവിതം നയിക്കേണ്ടതിനും സഭയുടെ പുരോഗതിക്കായി വിശ്വാസ്തരായി പ്രവർത്തിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## 6 ജനുവരി തിങ്കൾ

## ജന്മദിനാശംസകൾ

ജന്നിസ് ജെ. ബി

### റത്തിയ: കാർത്തികേയൻ & ജയന്തി

225 പേരോടു സുവിശേഷം പങ്കുവെച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സ്ത്രീകളുടെ നാലു പ്രാർത്ഥനക്കൂട്ടങ്ങളും കുട്ടികളുടെ ഒരു പ്രാർത്ഥനക്കൂട്ടവും പുതുതായി ആരംഭിച്ചു.

വിശ്വാസികളായ എല്ലാ പുരുഷന്മാരും സുവിശേഷ വേലയിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. മന്ന, കോമൾ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായും സൗന്ദര്യ മാദ്രക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### തോഷാം : അജയ് ബർദെ

രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. സഭയിലെ യൗവ്വനക്കാർ സുവിശേഷ വേലയിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും ദൈവം പ്രവീണിനെ വിടുവിച്ചു.

നമ്മുടെ സഭയിലെ യുവജനങ്ങളുടെ ശുഭ ഭാവിക്കായും അവർ ക്രിസ്തു യേശുവിൽ വേരൂന്നി വളരേണ്ടതിനായും ഫലം കായ്ക്കേണ്ടതിനായും പ്രാർത്ഥിക്കുക. ആരാധനക്കായി ഒരുമിച്ചു കൂടുവാൻ സ്ഥലമില്ലാതെ ഭാരപ്പെടുന്ന വിശ്വാസികൾക്കായി ഒരു ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

### ഫത്തെബാദ്

### ഡേവിഡ് എസ് & ജപ ഗ്രേസ്

മൂന്നു പേർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. 230 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും മാൽച്ചിത്തോ വിടുതൽ പ്രാപിച്ചു. ബട്ടിയ കോളനിയിലെ പ്രാർത്ഥനക്കൂട്ടത്തിന്റെ പ്രവർത്തനഫലമായി രണ്ടു കുടുംബങ്ങൾ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി.

മാച്ചിര ഗ്രാമത്തിലെ സുഭാഷിൻെറ സഹോദരിയുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാത്തന ഗ്രാമത്തിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെയും പൈശാചിക പ്രവൃത്തികൾ യേശുവിന്റെ നാമത്തിൽ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ

### ഏലിയാക്കിം ജന & ദീപിക രേഖ

റിമ്പി, ഷാനോ, പ്രീത് കൗർ എന്നിവർ 11 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി റിമ്പിയുടെ സഹോദരൻ മദ്യപാനത്തിൽ നിന്നും മുക്തനായി. ഒരു അപകടത്തെ തുടർന്നു നിർമ്മാണ തൊഴിലാളി ബാൽദേവ് സിങ്ങിന്റെ കൈ തളർന്നു പോയി. പ്രാദേശിക സുവിശേഷകൻ പ്രാർത്ഥനയാൽ ദൈവം അത്ഭുതം പ്രവർത്തിച്ചു ബൽദേവസിങ്ങിന്റെ കരം സുഖമായി. ഇപ്പോൾ അയാൾ ജോലി ചെയ്യുന്നു.

സാധു നഗറിലെ വിശ്വാസികൾ സഭാ ആരാധനയിൽ സംബന്ധിക്കാതെ ഓൺലൈൻ ആരാധനകളിൽ സംബന്ധിക്കകുകയാണ്. ഇവർ ആരാധന യോഗത്തിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ ഭാരപ്പെടുന്ന 12 വയസ്സുള്ള യുവരാജിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

രാമേശ്വർ ദയാൽ നിർമ്മൽ

## രാജസ്ഥാൻ

### ഹനുമാൻഘട്

**മാധവാത്തു രാജു നായക് & ഭുക്യ ഝാൻസി ഭായി**

രണ്ടു വ്യക്തികൾ തങ്ങളുടെ പാപസ്വഭാവം ഉപേക്ഷിച്ചു യേശുക്രിസ്തുവിൽ പുതു ജീവിതം നയിക്കുന്നു. കുഞ്ജ ഗ്രാമത്തിലെ സഭ അതിന്റെ രജത ജൂബിലി ആനന്ദകരമായി സംഘടിപ്പിച്ചു. ആയിരക്കണക്കിനു ആളുകൾ ഈ ആഘോഷത്തിൽ പങ്കെടുത്തു ദൈവത്തെ മഹത്വപ്പെടുത്തി. ജോലി തേടി മുബൈയിൽ പോയ രാജ്കുമാർ ചതിയിൽ അകപ്പെട്ടു കൈയ്യിലെ പണം മുഴുവൻ നഷ്ടപ്പെട്ടു. എന്നിരുന്നാലും നല്ല ആരോഗ്യത്തോടെ സുരക്ഷിതാനായി ഭവനത്തിൽ തിരികെ എത്തി.

ശ്വാസകോശ സംബന്ധമായ രോഗത്തിൽ നിന്നു രേണു കൗർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി രോഗത്താൽ കഷ്ടപ്പെടുന്ന അശോക് കുമാറിനെയും കുടുംബത്തെയും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങളുമായി അടിക്കടി വഴക്കുണ്ടാക്കുന്ന ലുക്വീർ സിങ് മാനസന്തരപ്പെട്ടു സാമധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യ പിണങ്ങിപ്പോയതിനെ തുടർന്നു മദ്യത്തിനടിമായ മൽഗീത് സിങ് ഈ ദുഷിച്ച സ്വഭാവത്തിൽ മുക്തനാകേണ്ടതിനും ഭാര്യ തിരികെ വന്നു സമാധാനപരമായി കുടുംബ ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഖെർവാദ

**കെനേശ് സ്റ്റാൻലി & ശാന്തിനി; ദെബാഷിസ് ഹെമ്പ്രം & ഷിഫാലി**

31 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. അന്ധകാര ബന്ധനത്താൽ ശബ്ദവും കാഴ്ചയും നഷ്ടപ്പെട്ട ഗീത ബന്നിനെ ദൈവം അത്ഭുതകരമായി വിടുവിച്ചു. കാഴ്ച ശക്തി നഷ്ടപ്പെട്ട 20 വയസ്സുള്ള നീരജ് ഒടപോട ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുന്നു. അവൻ സാവാധനത്തിൽ കാഴ്ച ശക്തി വീണ്ടെടുക്കുന്നു. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന ഗാന്ധി താമോർ സാവധാനത്തിൽ സുഖം പ്രാപിക്കുന്നു.

കരളിൽ ട്യൂമർ ബാധിച്ച ലക്ഷ്മിയുടെയും ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന കാലു, മാഗി എന്നിവരുടെയും വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന കൽപേശ്, അശ്വിൻ എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു 12 വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെടുന്ന മാലാബൻ ഒരു പൈതലിനു വേണ്ടി ദൈവത്തോടു യാചിക്കുന്നു. ദൈവം പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൊണ്ടക്കു ട്യൂമർ ബാധിച്ച ശങ്കറിനു ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന പരിശീലന ക്യാമ്പ് സ്ത്രീകളുടെ യോഗം, കുട്ടികളുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ പ്രാർത്ഥന ദിനം

## ഡൽഹി

**പട്പർഗഞ്ച് : ജോൺ ഡേവിഡ്സൺ & എസ്ഥേർ ജി**

25 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. യുവജനങ്ങൾ ഏഴു വേദപഠന ക്ലാസ്സുകൾ സംഘടിപ്പിച്ചു. ത്രിലോകപുരിയിൽ മൂന്നു സ്നേഹിതരെ ലഭിച്ചു. രണ്ടു ദിവസത്തെ യുവജന ക്യാമ്പിൽ പങ്കെടുത്ത യൗവ്വനക്കാരുടെ ഉള്ളിൽ ദൈവവചനം വിതെച്ചു. നീലം കുടുംബം ആരാധന സമൂഹത്തിലേക്കു മടങ്ങി വന്നു. മൂന്നു ദിവസത്തെ കൺവൻഷനും സഭയുടെ എട്ടാമത്തെ വാർഷികവും അനുഗ്രഹകരമായി നടത്തി.

വിശ്വാസികളായ സ്ത്രീകൾ തങ്ങളുടെ ബന്ധുക്കളോടു സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോനാലി, സുനിതയുടെ കുടുംബം എന്നിവർ ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പൈശാചിക ബന്ധനത്തിൽ നിന്നു ജ്യോതി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാവി പ്രവചിക്കുകയും രോഗ സൗഖ്യത്തിനായി തന്റെ അടുക്കൽ വരുന്നവർക്കു വേണ്ടി ആഭിചാര ക്രീയ ചെയ്യുകയും ചെയ്യുന്ന സിർതാജിയുടെ മാനസാന്തരത്തിനായും അവളുടെ അടുക്കൽ വരുന്നവർ യേശുവിനെ അറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ ചന്ദ്രവാലി കുടുംബം, തനിയ ബിന്ദു കുടുംബം, താരാ കുടുംബം, ഉർജിഹ ദയാനന്ദ് കുടുംബം രവി ബാബു എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വന്ത ജനത്തെ നേടുന്നതിനായി ഒരു പ്രാദേശിക സുവിശേഷകൻ കുടുംബമായി നമ്മോടു ചേർന്നു പ്രവർത്തതിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

**ദിനേശ്പൂർ**

**ശിവകുമാർ & സുശീല മാരാക്**

രണ്ടു ഗ്രാമങ്ങളിലുള്ള 120 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും രാജറാണി സുഖം പ്രാപിച്ചു. വലിയൊരു അപകടത്തിൽ അഖ്യൂൽ, അദ്ദേഹത്തിന്റെ ഭാര്യ മീഖായേൽ എന്നീവരുടെ പ്രാണനെ കർത്താവ് രക്ഷിച്ചു. രാജസ്ഥാനിൽ കുടിയേറ്റ തൊഴിലാളികളായി പോയ നമ്മുടെ വിശ്വാസികളായ ബബ്ലു, അനാർക്കലി എന്നിവർ സുരക്ഷിതരായി തിരികെ വന്നു.

ഡിമ്രി ഗ്രാമത്തിൽ നമ്മുടെ ശുശ്രൂഷക്കു പിന്തുണ നൽകുന്ന സീമ ശ്വസന സംബന്ധമായ രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കമാർ ഗ്രാമത്തിലെ രാധികയുടെ വിവാഹം കഴിഞ്ഞിട്ടു ഏഴു വർഷം കഴിഞ്ഞു. മക്കളില്ലാത്ത കാരണത്താൽ ഭർത്താവിന്റെ സഹോദരിമാർ മർദ്ദിക്കുന്നു. അവൾക്കു ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ മുഖത്തു പരുക്കു പറ്റിയ ബുർബോജ് ഗ്രാമത്തിലെ ധരം പാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## കിച്ച

**ബിഭാ പാനി & ബിത്തിക നായക്**

80 വ്യക്തികൾ താല്പര്യപൂർവ്വം പുതിയ നിയമം കരസ്ഥമാക്കി. നദേഹി ഗ്രാമത്തിലെ അമ്മൻ തന്റെ ഭവനം പ്രാർത്ഥനക്കായി തുറന്നു കൊടുത്തു. പൂർണായുടെ ഭവനത്തിൽ സത്സാംഗ് പ്രോഗ്രാം നടത്തി. കുമരൗ ഗ്രാമത്തിൽ പത്തു പേർ പ്രാർത്ഥനക്കായി ഒരുമിച്ചു കൂടി. ഗുരു നാം സിങ്ങിന്റെ എരുമ ചില ദിവസങ്ങൾ തിന്നുകയോ കുടിക്കുകയോ ചെയ്യാതിരുന്നപ്പോൾ അവൻ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം എരുമയെ സൗഖ്യമാക്കി.

ബോഡോളി, സാജന, ന്യൂ മങ്കൾ, ലാൽപുർ, കിസൻ പുര, ബോഡോരി, പ്രദാപൂർ, കിച്ച, സുമോലിൻ, ഡോറാഡാം, സാദിപുരി, നേപാളി എന്നീ കോളനികളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആകാശ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലക്കെതിരെ ഗുരുദ്വാരയിൽ നിന്നുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിരോധികളുടെ എതിർപ്പുകൾ ശമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# ഉത്തർ പ്രദേശ്

## ഹസൈറാൻ

**സുരേഷ് മാൾട്ടോ & പ്രേമലത മാൾട്ടോ**

ഇരു ചക്ര വാഹന അപകടത്തിൽ സത്യത്തെയയും അദ്ദേഹത്തിന്റെ ഭാര്യ ജ്ഞാനമതിയെയും ദൈവം അത്ഭുതകരമായി രക്ഷിച്ചു. ദീർഘകാലമായി രോഗത്താൽ വലയുന്ന രക്കൻപുര ഗ്രാമത്തിലെ അമൻ കുമാറിനെ ദൈവം പ്രാർത്ഥനയാൽ സൗഖ്യമാക്കി. മദ്യാസക്തനായിരുന്ന പ്രദീപ് തന്റെ ഭാര്യയുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയുടെ ഫലമായി ദുഷിച്ച സ്വഭാവത്തിൽ നിന്നും മുക്തനായി. കുടുംബമായി അവർ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

കനികപൂർ, പിനോര, പർഗാസി, ഗുവർപൂർ, സാപ്പ എന്നീ ഗ്രാമങ്ങളിലെ ആരാധനക്കൂട്ടം ആത്മീക വർദ്ധന പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ഇടയിലുള്ള ജാതി വിവേചനം ദൈവകൃപയാൽ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോദഗുർവ, രോഹിണി എന്നീ ആരാധനക്കൂട്ടം വശ്വാസത്തിൽ തണുത്തുപോയി. മിത ശീതാവസ്ഥയിൽ നിന്നു അവർ ഉണർന്നു ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ വിശ്വാസികൾ അനുതപിച്ച് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണതിനും സുവിശേഷ വേലയിൽ പങ്കാളികളാകേണതിനുമായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും സർവേശും റാംബാബുവും മുക്തരാകേണതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ജോഷ്വാ ചിന്നദുരൈ,
സജ്ജീവ് ആനന്ദ്, പൗലൂസ് ബർജോ,
സെൽവം തവമണി, ഹയോജം ഹിജാം,
ശാന്തകുമാർ ജെ

**ജൈലൗൻ**

**ഗവിത് രാകേഷ് & ഇർഗർ രേശ്മ**

മൂന്നു വ്യക്തികൾ ക്രിസ്തുവിന്റെ ശിഷ്യരായി. പത്തു പുതിയ നിയമങ്ങളും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. മൊങ്കിരാൽ ഗ്രാമത്തിൽ പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു.

വിശ്വാസത്തിലേക്കു വന്ന മൂന്നു വ്യക്തികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായും ജഗതിന്റെ കരളിലുള്ള നീർവീക്കം സൗഖ്യമാകേണ്ടതിനായും പ്രാർത്ഥിക്കുക..

**സിക്കന്ദ്ര**

**പച്ചിയബായ് & സവിതബൻ**

140 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 16 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഹരിഹർപൂർ, ഖോജ ഫൂൽ, സൈനിപൂർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീജന യോഗത്തിൽ 70 പേർ പങ്കെടുത്തു. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നും നമ്മുടെ വിശ്വാസികളെ ദൈവം പരിപാലിച്ചു. ജാബ് ദേവ്, ഇന്ദിര കുമാർ, സംഗീത എന്നീ കുടുംബങ്ങൾ ക്രിസ്തുവിൽ പക്വത പ്രാപിച്ചു ദൈവത്തിന്റെ സാക്ഷികളായി ജീവിക്കുന്നു.

മഹേഷ്പൂർ ഗ്രാമത്തിലെ റാംപാൽ ജിതേന്ദ്ര, അകാശ് കുടുംബം എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കക്കുറിയ, ഇങ്കുവാര, നിനോക്കാര എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനു എടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സലംമ്പൂർ, നന്ദു വന്ദു, അലിയപൂർ എന്നീ ആരാധനയിൽ സംബന്ധിക്കുന്നവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**കണ്ണുനീർ കാണുന്ന ദൈവം**

ജാർഖണ്ഡിൽ അമലഗാച്ചിക്കു സമീപമുള്ള ധരണി ഭാഗർ ഗ്രാമത്തിലെ പ്രായമായ ഒരു മാതാവ് നമ്മുടെ മിഷനറിമാരെ പ്രാർത്ഥിക്കുവാനായി അവളുടെ ഭവനത്തിലേക്കു വിളിച്ചു. മിഷനറിയും വിശ്വാസികളും പ്രാർത്ഥനക്കായി അവിടെ ചെന്നപ്പോൾ അവൾ അവരോടു പങ്കുവെച്ചത്, അവളുടെ ഇളയ മകൻ മഹാ നാരായണൻ ജോലിക്കായി മുംബയിലേക്കു പോയി. അവനോടു കൂടെ ജോലി തേടി പോയ യൗവ്വനക്കാർ തിരികെ വന്നിട്ടും അവളുടെ മകൻ തിരികെ വന്നില്ല. മിഷനറി അവളുടെ മകൻ സുരക്ഷിതനായി മടങ്ങിവരേണ്ടതിനായി പ്രാർത്ഥിച്ചു. അടുത്ത ദിവസം ഒരു അജ്ഞാത വ്യക്തി സുഖമില്ലാത്ത നാരായണനെ കൂട്ടിക്കൊണ്ടുവന്നു വരാന്തയിൽ കിടത്തിയിട്ടു പോയി. പ്രാർത്ഥനയിലൂടെ നാരായണൻ സുഖം പ്രാപിച്ചു വരുന്നു. ഇപ്പോൾ അമ്മയും മകനും ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുന്നു. ഹല്ലെലുയ്യ!




## ജന്മദിനാശംസകൾ

ജയ ഹെലൻ റോസ് സെൽവകുമാർ

### ബർത്തന

**എസ് രാജൻ & ജപ മലർ**

പാദിനപൂർ, പുർവദിസ്ഹാട്, നാദക്കേര എന്നീ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. പൈച്ചോളി ഗ്രാമത്തിലെ മോഹാർ ഷിയെ വിഷപാമ്പിന്റെ ദംശനത്തിൽ നിന്നും മാമൻ ഗ്രാമത്തിലെ സൻജീവിനെ വാഹന അപകടത്തിൽ നിന്നും ദൈവം രക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും റാണി സ്നേഹ ലതയെയും അഹിവരനെയും കർത്താവ് വിടുവിച്ചു. ക്രിസ്തീയ രീതിയിൽ ദീപക്, വിനയ, ബാബ്ലു എന്നിവരുടെ വിവാഹം നടത്തി.

മേഘന ദൈവാലയത്തിനെതിരായുള്ളള കേസ് വേഗത്തിൽ തീരേണ്ടതിനും ദൈവാലയം തുറന്നു അതിൽ ആരാധന പുനരാരംഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പ്രദേശിക സുവിശേഷകനായ ശ്യാം സുന്ദറിനെതിരെ എതിരെയുള്ള കേസ് വേഗത്തിൽ അവസാനിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കകുക. പൈശാചിക ബന്ധനത്തിൽ നിന്നും രേഖ, രജ്ജിത് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സബൈര ജനവിഭാഗങ്ങളിൽ നിന്നു സുവിശേഷത്തിനുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനും പുകയിലയിലും അടിമകളായവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന സുവിശേഷകൻ രാധയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മല്ലോസി, ബിത്തുണ എന്നീ പ്രദേശങ്ങളിൽ ആരാധന നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### പാൽ

**വെങ്കിടേഷ് വദ്ദാർ & ഷീബ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവ സഭയിലെ അംഗമായി. ഭാസാലി ഗ്രാമത്തിലെ സുരേഷും ഭാര്യയും തമ്മിലുള്ള പ്രശ്നം ശാശ്വതമായി പരിഹരിച്ചു അവർ സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൽക്കേദ ഗ്രാമത്തിലെ അൻജുറ അക്കയുടെ ഭർത്താവിനെ ദുസ്വഭാവം നിമിത്തം ജയിലിൽ ഇട്ടു. അൻജുറ പ്രാർത്ഥിച്ചതിന്റെ ഫലമായി അയാൾക്കു ജാമ്യം കിട്ടി. ഇപ്പോൾ അയാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

യേശുവിനെ രക്ഷിതാവായി സ്വീകരിക്കാത്തവർ രോഗികളായാൽ ആശുപത്രിയിൽ പോകുകയില്ല, പ്രാർത്ഥനക്കായും വരികയില്ല. മറിച്ച് അവർ പൂജകളും ആഭിചാര ക്രീയകളും മറ്റും ചെയ്യുന്നു. രോഗം ഗുരുതരാവസ്ഥയിലാകുമ്പോൾ അവർ പ്രാർത്ഥനക്കായി വരുന്നു. ഇങ്ങനെയുള്ളവരെ കർത്താവ് സൗഖ്യമാക്കേണതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മൂന്നു വയസ്സു പ്രായമുള്ള സുരജയുടെ തൊണ്ടക്കുണ്ടായ ട്യൂമർ ശസ്ത്രക്രീയ ഇല്ലാതെ തന്നെ സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക. കാൽപാദം ദ്രവിക്കുന്ന മോർവാൽ ഗ്രാമത്തിലെ ധ്വാലിപിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**12**
**ജനുവരി**
**ഞായർ**

## ജന്മദിനാശംസകൾ

ലൗലിൻ ബുനിയ

## അസം

### ഗോഗമുക്ക്

**ഡെൻസിങ് ആർ & കവിത**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഉദരത്തിൽ ശസ്ത്രക്രിയ ചെയ്തതിനെ തുടർന്നു അക്രൈസ്തവനായ ജോദ് ബുൽഗാമിനു നടക്കുവാൻ കഴിഞ്ഞില്ല. മിഷനറിമാർ അദ്ദേഹത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തിനു സൗഖ്യം നൽകി മുഴുകുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആരാധനയിൽ സംബന്ധിക്കുന്നു.

ഗോഗമുക്ക് പ്രദേശത്തുള്ള അന്ധകാര ശക്തികളുടെമേൽ ജയം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഖാനാരെകോമിന്റെ ഭർത്താവ് ശയ്യവലംബനായി കിടക്കുന്നു. ആ ഭവനത്തിൽ ദൈവീക സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ചെകിടനും മൂകനുമായ ഒയായുപങ്കങ് ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുന്നു. അവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഗോഹ്പൂർ

**നാഥൻകുമാർ ബബർത്ത & നിരുപമ**

600 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. നാലു സ്ഥലത്തു കുട്ടികളുടെ ക്യാമ്പ് സംഘടിപ്പിച്ചു. രാത്രി യോഗത്തിലൂടെ ഒരു പുതിയ ഗ്രാമത്തിൽ സുവിശേഷം എത്തിക്കുവാൻ സാധിച്ചു. ടൈഫോയ്ഡിൽ നിന്നും ഗ്ലാഡ്സൺ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പദ്ധതിയിട്ടതു പോലെ എല്ലാ പ്രവർത്തനവും തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഓരോ ദിവസവും അനേക ആത്മാക്കളെ ദൈവം സഭയോടു ചേർക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ ഭാര്യ തൈയ്റോഡിനാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ബീഹാർ

### അരാരിയ

**ധർമ്മേന്ദ്ര പരിച്ച & മധു സ്മിത**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന അജയ് ദാസ് സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നമ്മുടെ ശുശ്രൂഷയിലൂടെ മാധേപുര ഗ്രാമത്തിൽ നിന്നു ലഭിച്ച പുതിയ സ്നേഹിതയായ അൻമുൽ ദേവി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

ദീപക് റിഷും കുടുംബവും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിർസിയകാല ഗ്രാമത്തിലെ ജനങ്ങൾ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ ചെയ്യുന്ന ശുശ്രൂഷയിലൂടെ പുതിയ ബന്ധങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഷൈലെൻ ഹൻസ്ത

## ജാർഖണ്ഡ്

### അമലഗാച്ചി : ഗജൻ ചന്ദ്രമേരി & രോഷില മോച്ചാരി

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസം ഏറ്റു പറഞ്ഞു. ദലൈ ബാഹർ എന്ന പതിനേഴു വയസ്സുകാരനെ രോഗിയായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സിക്കുവാൻ പണമില്ലാത്തതിന്റെ പേരിൽ ആശുപത്രിയിൽ നിന്നും വീട്ടിൽ കൊണ്ടുവന്നു. അവൻ രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷയും നഷ്ടപ്പെട്ടു. എന്നാൽ വിശ്വാസികൾ ഒരു മനസ്സോടെ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവം അവനു അത്ഭുത സൗഖ്യം നൽകി. ഇപ്പോൾ അവർ കുടുംബമായി യേശുവിൽ വിശ്വസിച്ചു ആരാധനയിൽ സംബന്ധിക്കുന്നു. വിശ്വാസികളെ ആധുനിക കൃഷി രീതികൾ അഭ്യസിപ്പിക്കുന്നു.

ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്ന ഏഴു പ്രാദേശിക സുവിശേഷകർക്കായി പ്രാർത്ഥിക്കുക. ദലൈ ബഹാർ ഗ്രാമത്തിൽ ക്രമീകരിച്ചിരിക്കുന്ന സുവിശേഷീകരണ പ്രവർത്തനം ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. സാന്തനദങ്ക ഗ്രാമത്തിൽ സഭാമൂപ്പന്മാരുടെ സംഗമവും യുവജനങ്ങളുടെ സമ്മേളനവും പദ്ധതിയിട്ടതുപോലെ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി വിശ്വാസത്തിലേക്കു കടന്നു വന്ന നാലു കുടുംബം ക്രീസ്തീയ വിശ്വാസത്തിൽ വളരേണ്ടതിനും നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ജാമ : മുന്ന മൊഹന്തിയാർ & സുമിത ദാസ്

15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. ദൈവം നമ്മുടെ ആരാധനക്കൂട്ടത്തിലുള്ള വിശ്വാസികൾക്കു കൃഷിയിടത്തു നല്ല വിളവ് നൽകി അനുഗ്രഹിച്ചു. കൊയ്ത്തിന്റെ യജമാനനു സ്തോത്ര യാഗം അർപ്പിച്ചു കൊണ്ട് കൊയ്ത്തുൽസവം നടത്തി. സഭാമൂപ്പന്മാരുടെ പരിശീലനവും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ സംഗമവും വിജയകരമായി നടത്തി. പ്രാദേശിക സുവിശേഷകരുടെ കുടുംബസംഗമം നടത്തി. എല്ലാ ആരാധനക്കൂട്ടത്തിലും കൊയ്ത്തുൽസവം അനുഗ്രഹകരമായി നടത്തി. പത്തു സ്ഥലത്തു പ്രദർശിപ്പിച്ച ജീസസ് ഫിലിം അനേകർ കണ്ടു.

അപസ്മാര രോഗത്താൽ വലയുന്ന അനിത സൊറൻ, ഗണേഷ് എന്നിവരുടെയും തളർവാതത്തിൽ നിന്നും രാമദാൻ സൊറന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കാഴ്ചയില്ലാത്തതിനാൽ കങ്കി മാറാണ്ടി, റോസ് ബല്ല എന്നിവർക്കു ജോലി ചെയ്യുവാൻ കഴിയുന്നില്ല. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സ്വതന്ത്രമായി തീരുമാനങ്ങൾ എടുത്തിരുന്ന സഭമൂപ്പന്മാർ സഭാ കമ്മറ്റിക്കു കീഴടങ്ങി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ പ്രാർത്ഥനക്കൂട്ടങ്ങളും ഭംഗിയായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഐസക്ക് ഏബെൽ എസ്

### തീൻപഹാട്

### നെഹമ്യാവ് & അനാമിക പെഗു

വെൽപക്കവാടിയ ഗ്രാമത്തിൽ നമ്മുടെ യുവജനങ്ങൾ സംഘടിപ്പിച്ച വിബിഎസിൽ നൂറിലധികം കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. മാനസിക വെല്ലുവിളി നേരിടുന്ന വിശ്വാസിയായ സീമ ടോപ്പോയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

മണ്ടൽ മുണ്ട കുടുംബം ആരാധന യോഗത്തിൽ വരുന്നതിനെയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനെയും ഗ്രാമത്തിലുള്ളവർ എതിർക്കുന്നു. ക്രിസ്തീയ വിശ്വാസം നിമിത്തം ആരതി ദേവിയെ എതിർക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കമാദിയ ടിർക്കിയുടെ കുടുംബ പ്രശ്നം പരിഹരിച്ചു അവർ സാമധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സഹാർജുരി

### മുത്തയ്യ യു ശമുവേൽ & മാർഗരറ്റ്

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒമ്പതു ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. കതലാടി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പുരോഗമിക്കുന്നു.

ഈ ആരാധനക്കൂട്ടത്തിലെ എല്ലാ വിശ്വാസികളും ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. എട്ടു വർഷമായി തലമുറക്കു വേണ്ടി കാത്തിരിക്കുന്ന ബാബുജി കിസ്കുവിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാഴ്ച ശക്തി നഷ്ടപ്പെട്ട ശ്രീഫുൽ ടുഡുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സർവായെ ആരാധനക്കൂട്ടത്തിനു ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു വാങ്ങേണ്ടതിനായി പ്രാർത്ഥിക്കുക.

### അമടപാട

### വ്യാസു ബാബു & സൗന്ദര്യ രാഘൻ

24 വ്യക്തികൾ യേശുവിന്റെ ശിഷ്യന്മാരായി. 14 ഗ്രാമങ്ങളിലുള്ള 1571 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. നമ്മുടെ വിശ്വാസികൾക്കു കൃഷിയിടത്തു നല്ല വിളവ് നൽകി ദൈവം അനുഗ്രഹിച്ചു. വിശ്വാസത്തിൽ നിന്നും പിന്മാറി പോയ പസ്കോ ഗ്രാമത്തിലെ മാനുവേൽ ഹൻസ്ത ദൈവസ്നേഹത്താൽ ബന്ധിതനായി വീണ്ടും വിശ്വാസത്തിലേക്കു കടന്നുവന്നു.

നമ്മുടെ വിശ്വാസികൾ ദുരുപദേശകരുടെ കരങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവർ ദൈവവചനത്തിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. കാലിദോ ഗ്രാമത്തിലെ ഗോബേശ്വർ ഹെബ്രം നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നു. അഞ്ചു വയസ്സുള്ള മകൻ നഷ്ടപ്പെട്ട ദീന ഹസ്താക്കിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. രോഗികളായ കാർത്തിക്കിന്റെയും ജൊക്കർനാഥ് ഭസ്കിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ഷൈനി ജോസഫ് സുരേഷ്
സുഗന്തി സോളമൻ

**ഹാൻസ്ഡിഹ : സെന്തിൽ കുമാർ & മുത്തു സെൽവി**

15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സോബാരാം പാസ്റ്ററേറ്റിലുള്ള എല്ലാ ആരാധനക്കൂട്ടത്തെയും ഒരോ ഇടവകകളായി ദൈവം മാറ്റി. 17 ഗ്രാമങ്ങളിലുള്ള 660 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന കോദസരാട, ലാത്തിപാടി, തബൈ, റങ്കീന, അമഗാച്ചി എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ ഇന്ത്യൻ ആർമിയിൽ മേജറായ ശിബുലാൽ മദ്യാസക്തിയിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

**നോനിഹാട് : എം ബൻഹൂർ & മേരി ജോൺസി റാണി**

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവസഭയിലെ അംഗങ്ങളായി തീർന്നു. ഫിലിം പ്രദർശനത്തിലൂടെ എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 16 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. ബുധു മാറാണ്ടിക്കു പ്രാർത്ഥനയിലൂടെ കാഴ്ച ശക്തി ലഭിച്ചു. പക്ഷാഘാതം വന്ന തലമായ് മാറാണ്ടിയെ കർത്താവ് സൗഖ്യമാക്കി.

ആരാധന യോഗത്തിൽ സംബന്ധിക്കുന്ന ദെരം മുരുങ്കൈ, ലാച്ചു സൊറൈൻ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. നീവാനി, സന്താന, രോത്തൻപൂർ, കരുവ, സിദ്ധ്യപാരി എന്നീ ഗ്രാമങ്ങളിൽ ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം അറിയിച്ചു. കൊർത്തിക ഗ്രാമത്തിലെ അനിൽ കിസ്കു, ശാന്തി മുർമ്മു എന്നിവർക്കു കാഴ്ച ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ലജ്ജിപ്പിക്കുകയില്ല

പശ്ചിമ ബംഗാളിൽ പക്കുഹഹാട്ട് ജില്ലയിലെ നെമുദങ്ക ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ഹോപ്പിനു ടുഡു പെട്ടെന്നു നിര്യാതയായി. അവളുടെ ഭർത്താവ് നേരത്തെ മരിച്ചു പോയിരുന്നു. രണ്ടു ആൺമക്കൾ കുടിയേറ്റ തൊഴിലാളികളായി പോയി. അവളുടെ മൃതദേഹം സംസ്കരിക്കുവാൻ ഗ്രാമത്തിലെ ഒരാളു പോലും മുന്നോട്ടു വന്നില്ല. നമ്മുടെ വിശ്വാസികളുടെ സഹായത്താൽ അവളെ സംസ്കരിച്ചു. അടുത്ത ദിവസം സംസ്കാര ശുശ്രൂഷയിൽ സഹായികളായി നിന്ന സുജിത് മുർമ്മു, കാരു ഹസ്ത എന്നിവരെ രോഗികളായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിനു സാക്ഷ്യം വഹിച്ച ഗ്രാമീണർ ഇതു ദുരാത്മാവിന്റെ പ്രവർത്തനമാണെന്നും ശാപം അവരുടെമേൽ വന്നതാണെന്നും വിധിയെഴുതി. വിശ്വാസികൾ ഒരുമസ്സോടെ അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവകൃപയാൽ അവർ ഇരുവരും സുഖം പ്രാപിച്ചു പൂർണ്ണ ആരോഗ്യവാന്മാരായി ഭവനത്തിൽ തിരികെ വന്നു. ഹല്ലെലുയ്യ!




**ജന്മദിനാശംസകൾ**

ദെബോര ഡി. റോസ്‌ലിൻ അരുൾരാജ്

**ദേവഗൊഡ്ഡ ഹോട്ടൽ /CDC/ വയോജന വിദ്യാഭ്യാസം**

**ജോൺസൺ രാജദുരൈ & വിനോദിനി ജോൺസൺ**

പരാമ്പി, തമറുപിട്ട, പട്ടുവാടെ, ചോട്ട ജറ, പുസെര എന്നീ ഗ്രാമങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പദ്ധതി തുടരേണ്ടതിനായി പ്രാർത്ഥിക്കുക. 19 സ്ഥലത്തു മിഷനറി പീറ്റർ ജപരാജ് സംഘടിപ്പിച്ച കന്നുകാലി പരിപാലനം, കൃഷി രീതി എന്നിവയെ കുറിച്ചു നടത്തിയ ബോധവൽക്കരണ ക്ലാസ്സ് 1110 പേർക്കു പ്രയോജനപ്പെട്ടു. 13 പെൺകുട്ടികൾ ഒരു മാസത്തെ പഠന പ്രോഗ്രാം പൂർത്തീകരിച്ചു.

ഗ്രാമത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ പദ്ധതിയെ രക്ഷിതാക്കളും ഗ്രാമീണരും പിന്തുണയ്ക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ഗ്രാമീണ കുട്ടികൾ പത്തുമാസം കൊണ്ട് LKG, UKG, ക്ലാസ്സ് 1 പാഠ്യപദ്ധതികൾ പൂർത്തീകരിച്ചു. ഇവരുടെ ഭാവി പഠനത്തിനായി പ്രാർത്ഥിക്കുക. മാൾട്ടോ ഭാഷയിൽ ദ്വൈമാസ മാസിക പ്രസിദ്ധീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. സണ്ടേസ്കൂൾ കുട്ടികൾക്കുള്ള പഠന സഹായി, കൗമാരക്കാർക്കായുള്ള ജീവന്റെ വെളിച്ചം എന്ന പുസ്തകം എന്നിവ പ്രസിദ്ധീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. 30 വയസ്സിൽ താഴെയുള്ള എല്ലാവരും അക്ഷരജ്ഞാനം പ്രാപിച്ചു ദൈവവചനം വായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആറു മാസത്തെ സായാഹ്ന ക്ലാസ്സ് വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജ് മഹാൾ പ്രദേശത്തുള്ള വിശ്വാസികൾക്കു ഉപജീവന മാർഗ്ഗം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു നിന്നു കുടിയേറ്റ തൊഴിലാളികളായി പോകുന്നവരുടെ എണ്ണം കുറയേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരുടെ ഉന്നതിക്കു വേണ്ടി എടുക്കുന്ന എല്ലാ ഉദ്യമങ്ങളും വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

**പക്കുവഹാട്ട് : രാമകൃഷ്ണ അഗ്ഗിബട & അഞ്ജലി ദേവി**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നീംദുങ്ക ഗ്രാമത്തിലെ നമ്മുടെ വിശ്വാസി ഹോപ്നിയുടെ ആകസ്മിക വേർപാടിൽ അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിക്കുവാൻ ദൈവം കരുണ ചെയ്തു. സിദാനി, മാനികപൂർ, ഉലാത്തൂർ, നീംദുങ്ക എന്നീ ആരാധനലയങ്ങളിൽ ആദ്യമായി കൊയ്ത്തുൽസവം നടത്തി.

സിൽദാനി, നെമുദുങ്ക ഗ്രാമങ്ങളിലെ വയോജന വിദ്യാഭ്യാസ പദ്ധതി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. അനേകർക്കു ഇതു പ്രയോജനപ്പെട്ടു. സുവിശേഷ വേലയെ എതിർക്കുന്ന ലാത്തർ സൊറൻ, സിബു ടുഡു എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ജോലി തേടി മറ്റു സ്ഥലത്തേക്കു കുടിയേറി പോയ വിശ്വാസികൾ തങ്ങളുടെ ക്രിസ്തീയ വിശ്വാസം കാത്തു സൂക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.




### ഇതഹാർ

**അഷ്ടബൻ ആദിത്യ കുമാർ & മാനിനി ബബർത്ത**

പുതുതായി സുവിശേഷം പ്രഘോഷിച്ച 24 ഗ്രാമങ്ങളിലുള്ള 677 പേർ സുവിശേഷം ശ്രവിച്ചു. ഉദൈപൂർ, ദിൽനോ ഹദപ്പാട, പുൽപാടിയ, ബസ്തുബി എന്നീ ഗ്രാമങ്ങളിലുള്ള 18 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു സ്ഥലത്തു നടത്തിയ ജീസസ് ഫിലിം പ്രദർശനത്തിലൂടെ അനേകർ യേശുവിന്റെ സ്നേഹം അനുഭവിച്ചു അറിഞ്ഞു. ഏഴു ഗ്രാമത്തിൽ രാത്രിയോഗങ്ങൾ നടത്തി. വിശ്വാസികളുടെ യോഗം, ചെറു പ്രാർത്ഥനക്കൂട്ടം സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം എന്നിവ വിജയകരമായി നടക്കുന്നു. കാർ അപകടത്തിൽ നമ്മുടെ വിശ്വാസി കുപിത ടുഡുവിനെ ദൈവം അത്ഭുതകരമായി പരിപാലിച്ചു.

പുതുതായി സുവിശേഷം അറിയിച്ച ഗ്രാമത്തിലെ ജനങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്താൽ വലയുന്ന മൻജിലി ബസ്കെ, ഹുപോനി കിസ്കു, റുപിനി കിസ്കു, പോറാൻ ടുഡു എന്നിവരുടെയും മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച മലോതി ഹസ്താക്കിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകൻ സുജൻ ഹെബ്രം, ടാഗോർ ബസറ, സോനാലി മുർമ്മു എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**കരൺധി : കൈതിങ്കിൻ വായ്പേയി & മെലടി ഡിമ്സോൺതിങ്**

കഴിഞ്ഞ മാസത്തെ എല്ലാ പ്രവർത്തനവും ഭംഗിയായി നടന്നു. 13 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ജീവിതത്തിൽ ആദ്യമായി 501 പേർ സുവിശേഷം ശ്രവിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ദൈവം കൃപ നൽകി. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട വിശ്വാസികളായ സർക്കാർ കിസ്കു, മാരി ടുഡു, മോങ്കുശിയുടെ കുടുംബം, സിബാലി ഹെബ്രം എന്നിവരെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. എട്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 10 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. സോകിൽ ബൽബാരി, രുയതാങ്കി, ഹൈത്താല, കവബാരി, ഇതടോള, അൽതാപൂർ, ഗുണെർഗൗൺ ബനിയാൽ, സിദുങ് ടോള, സാദിപൂർ എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ പ്രവർത്തനം ഫലപ്രദമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. അനാൽക്കുടു ഗ്രാമത്തിലെ ഏക വിശ്വാസിയായ മുന്നബസ്കി മദ്യാസക്തനായി ആരാധനയിൽ സംബന്ധിക്കുന്നില്ല. അവന്റെ കുടുംബത്തിൽ സമാധാനവും ഇല്ല. അവന്റെ മാനസാന്തരത്തിനായും ഈ ദുഷിച്ച സ്വഭാവത്തിൽ നിന്നും മുക്തനാകേണ്ടതിനായും കുടുംബസമേതം ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായും പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയവർ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

വിജയ ജോയ്സൺ

**റാണിഗഞ്ച് : ധ്രുബരാജ് ബബർത്ത & പുഷ്പാഞ്ജലി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒമ്പതു പുതിയ ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളിലൂടെ 1050 പേർ സുവിശേഷം ശ്രവിച്ചു. പത്ത് ഗ്രാമങ്ങളിൽ തടസ്സമില്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ സുനിത മുരുങ്കയെ കർത്താവ് സംരക്ഷിച്ചു. നോഹ ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും സുഖം പ്രാപിച്ചു. കൊയ്ത്തുൽസവം ആനന്ദത്തോടെ സഭയിൽ ആഘോഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും മുലിക മാറാണ്ടിയെ പ്രാർത്ഥനയിലൂടെ ദൈവം വിടുവിച്ചു. രണ്ടു യൗവ്വനക്കാർ സന്നദ്ധ സുവിശേഷകരായി നമ്മോടു ചേർന്നു. ഡനോ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു.

ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമും തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ശൈത്യകാലത്തു എല്ലാ സുവിശേഷകർക്കും വിശ്വാസികൾക്കും അവരുടെ കുടുംബത്തിനും നല്ല ആരോഗ്യവും സുരക്ഷിതത്വവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സ്വമേധയാൽ സുവിശേഷീകരണ പ്രവർത്തനം നടത്തുന്നു. യേശുവിനെ സ്വീകരിക്കുവാൻ തയ്യാറെടുക്കുന്നവർ പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ വിശ്വസിക്കേണ്ടതിനും വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ബുജുപിട്ട ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്നവർ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളും സഭാമൂപ്പന്മാരും ആവേശത്തോടെ ഞായറാഴ്ച ആരാധനയിലും സുവിശേഷീകരണ പ്രവർത്തനത്തിലും പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക.

## വഴി ഒരുക്കുന്നവൻ

മഹാരാഷ്ട്രയിലെ സിത്താര മിഷൻ വയലിലുള്ള വടോല ഗ്രാമത്തിൽ സുവിശേഷം പങ്കുവെക്കുന്നതിനു മിഷനറിമാർ ശ്രമിക്കുമ്പോഴൊക്കെ ഗ്രാമത്തലവൻ എതിർപ്പു പ്രകടിപ്പിക്കുകയും മിഷനറിമാരെ തടയുകയും ചെയ്യുമായിരുന്നു. എന്നിട്ടും വിശ്വാസികൾ അയാളുടെ ഹൃദയ രൂപാന്തരീകരണത്തിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഗ്രാമത്തലവനു ഗുരുതര രോഗം ബാധിക്കുകയും ശയ്യാവലംബനാകുകയും ചെയ്തു. വിടുതലിനായി പലവിധ മാർഗ്ഗങ്ങൾ തേടി എങ്കിലും ഒരു ഫലവും കിട്ടിയില്ല. നിരാശയിലായ അയാൾ നമ്മുടെ വിശ്വാസികളെ വിളിച്ചു പ്രാർത്ഥന ആവശ്യപ്പെട്ടു. ദൈവം പ്രാർത്ഥന കേട്ടു പഞ്ചായത്ത് പ്രസിഡണ്ടിനെ അത്ഭുതകരമായി വിടുവിച്ചു. അതിനെ തുടർന്നു അയാൾ ഗ്രാമക്കാരെ എല്ലാം വിളിച്ചുകൂട്ടി ക്രിസ്ത്യാനികൾക്കു പരസ്യമായി യോഗങ്ങൾ നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകി. ആരും അവരെ തടയരുതെന്നും നിർദ്ദേശിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.




## ജന്മദിനാശംസകൾ

ഐസക്ക് ധൻസിങ് ആർ

### താഷാൻ

**ഹരമോഹൻ പ്രഭുദാസ് നായക് & സുസമ പാനി**

14 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബസ്ത ഗ്രാമത്തിൽ നടത്തിയ യുവജനങ്ങളുടെ പരിശീലന ക്യാമ്പും നാഥ ഹാരീസിൽ നടത്തിയ വിശ്വാസികളുടെ ക്യാമ്പും അനുഗ്രഹകരമായിരുന്നു. വൈദ്യുതഘാതമേറ്റ സഭാമൂപ്പന്മാരായ റോബിൻ മുർമ്മു, ബർമൽ മുർമ്മു എന്നിവരെ ദൈവം രക്ഷിച്ചു. വിശ്വാസികൾ ആവേശത്തോടെ സന്തോഷകരമായി കൊയ്ത്തുൽസവം ആഘോഷിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ യോഗവും അനുധാവന പ്രവർത്തനവും അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. മൊഹന്ദ്ര പ്രദേശത്തു പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള പ്രാദേശിക സുവിശേഷകനെ അടിയന്തിരമായി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സക്ള ബസ്കി ഗ്രാമത്തിലെ നേതാവ് കബിരാജ് മുർമ്മു, ബുതുക്കും ഗ്രാമത്തിലെ ഹെബ്രം എന്നിവർ സുവിശേഷവേലയെ എതിർക്കുന്നു, ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷകനായ രാജു മുർമ്മുവിനു മക്കളെ നൽകി അനുഗ്രഹിക്കേണതിനായി പ്രാർത്ഥിക്കുക. കാലിടോള, പഞ്ചാട്ട, സന്തോഷ്, ബിന്ദിടോള, സിയഗാഞ്ചി, സകടോള എന്നീ ഗ്രാമത്തിലുള്ളവർ ക്രിസ്തേശുവിലുള്ള രക്ഷ അനുഭവമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സാംസി

**ദീപർത്ഥന & മിഥിലേശ്**

നാലു ഗ്രാമങ്ങളിൽ ഫിലിം പ്രദർശിപ്പിച്ചു. 12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാരി, ഉദമ്പുകാരി എന്നീ ഗ്രാമങ്ങളിൽ എല്ലാ വെള്ളിയാഴ്ചയും പ്രാർത്ഥന നടത്തുന്നു. പിന്മാറ്റത്തിലായിരുന്ന തലു ഹസ്തയുടെ കുടുംബം മൂന്നു വർഷത്തിനു ശേഷം വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. നമ്മുടെ വിശ്വാസി സജ്ജൈ ഹൻസ്തയുടെ രോഗം ഗുരുതതരമായ രാത്രിയിൽ കുടുംബാംഗങ്ങൾ കണ്ണുനീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ദൈവം അയാളെ സൗഖ്യമാക്കി.

ബസന്തി, കുസക്ക എന്നീ പുതിയ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനെടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലസ്കാപൂർ ഗ്രാമത്തിലെ മദ്യപാനികളും പിന്മാറ്റക്കാരും മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോദിപൂർ ഗ്രാമത്തിൽ നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന ലാൽ മുർമ്മു, ലാലു ബസ്ജോബേദു എന്നിവരുടെ ഹൃദയത്തിൽ ദൈവം മാറ്റം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോദ ടോള ഗ്രാമത്തിലെ ഹോംബോൺ ഹൻസ്ത, റോബൻ സൊറൻ, ജോബ ഹൻസ്ത, മാഗു ഹൻസ്ത, ജിതാൽ പൂർ ഗ്രാമത്തിലെ പുത്രൈ ഹെബ്രം, മങ്കൾ ടുഡു, നയഗ മാറാണ്ടി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

സെലിന മാറാണ്ടി രവിന്ദ്ര മുർമ്മു

## ഒടിഷ

**ജഗനാഥ്പൂർ : ബസുദേവ മാൾട്ടോ & ബാസന്തി മാൾട്ടോ; സുരേഷ് മാൾട്ടോ**

18 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 12 ഗ്രാമങ്ങളിലുള്ള 2717 പേരോടു സുവിശേഷം പങ്കുവെച്ചു. മൂന്നു വേദപുസ്തകങ്ങളും 32 പുതിയ നിയമങ്ങളും ആവശ്യക്കാർക്കു വിതരണം ചെയ്തു. മജ് കൗൻ മണ്ഡലിനു വേണ്ടി യൗവ്വനക്കാരുടെ പുതിയ സുവിശേഷക സംഘം ആരംഭിച്ചു. ബാരജമ്ട സഭയോടു ചേർന്നു പരിശീലന കേന്ദ്രം നിർമ്മിച്ചു. പുതിയ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ആരാധന യോഗങ്ങൾ ആരംഭിച്ചു.

തട്ടാരിയ ആരാധനക്കൂട്ടത്തിലെ ശാന്തി ട്രിവിറിനു വാതരോഗത്തിൽ നിന്നും ദൈവം അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും സുകാൽ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗത്തിൽ നിന്നും വിഷ്ണു പിങ്കു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന 12 വയസ്സുകാരൻ ഭഗവാൻ ലഗുരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജിങ്ക്പാനി: ഏബ്രഹാം എസ് & ആലീസ് ഷീബ എസ്**

ഹോ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിന്നു അവരുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കുന്നു. 15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു പുതിയ ഗ്രാമങ്ങളിൽ വിശ്വാസികളുടെ സഹായത്തോടെ സുവിശേഷം അറിയിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ജയ്ശ്രിപാരിയെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. അർജുൻ ധാംസായിയുടെ വയലിൽ നല്ല വിളവ് നൽകി ദൈവം അനുഗ്രഹിച്ചു. ക്ഷയരോഗത്തിൽ നിന്നു ചാന്ദുകിയിയെയും ഇടുപ്പു വേദനയിൽ നിന്നും രാമുബോട്ടയെയും കർത്താവ് സൗഖ്യമാക്കി. ഖനന മേഖലയിൽ ഉണ്ടായ ദുരന്തത്തിൽ നിന്നും ദൈവം സെമൻ മച്ചുവായെ പരിപാലിച്ചു.

കോട്സോ, തുയിവാന, സോനപോസി, സൈബാസ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മനോജ് ബുർത്തി, സംഗീക ബുർത്തി, കുറെ ബുർത്തി, ദുരോപാടി കാലിൻ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും അവർ ഭയമില്ലാതെ സുവിശേഷം മറ്റുള്ളവരോടു പങ്കുവെക്കേണ്ടതിനായും പ്രാർത്ഥിക്കുക. ബുഗുരിബി ഗുരുശേഖര ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസ ജീവിതത്തിൽ വളരേണ്ടതിനും സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന മബ്രു ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകനു ആത്മാക്കളെ കുറിച്ചുള്ള ഭാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പ്രേമലത ദാനിയേൽ തോമസ്
ശാന്തി മുർമ്മു

## ഗുജറാത്ത്

### ജാലോദ്

**കുമാർ പോൾ & അമുധ എം**

23 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു. ലക്കൻ പൂറിൽ നടത്തിയ യുവജന യോഗത്തിൽ 250 യൗവ്വനക്കാർ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. കേദിയ, വകോല എന്നീ ഗ്രാമങ്ങളിൽ നടത്തിയ ഉണർവ്വു യോഗത്തിൽ 150 പേർ പങ്കെടുത്തു വിശ്വാസത്തിൽ ബലപ്പെട്ടു. ലക്കൻപൂറിൽ സംഘടിപ്പിച്ച കുട്ടികളുടെ യോഗത്തിൽ 45 കുട്ടികൾ പങ്കെടുത്തു ദൈവവചനം ശ്രവിച്ചു. കാന്തി ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം കൃപ ചെയ്തു.

ദീർഘകാലമായി റാമ്പൂർ ഗ്രാമത്തിലെ രേണുക ബൻ മുട്ടിലുണ്ടായ കരിയാത്ത മുറിവിനാൽ ഭാരപ്പെടുന്നു. ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പായൽ, സരള, മാർത്ത, അരവിന്ദ് എന്നീ കുടുംബങ്ങളിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കേദിയ ദൈവാലയത്തിനു വേഗത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഹവ

**വെങ്കിടേശ്വരൻ & എയ്ജലിൻ എം**

128 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇരു ചക്ര വാഹനം ഓടിക്കുന്ന വേളയിൽ ഉണ്ടായ അപകടത്തെ തുടർന്നു ഇമൽബന്നിന്റെ സംസാര ശേഷി നഷ്ടപ്പെട്ടു പോയിരുന്നു. പ്രാർത്ഥനയിലൂടെ ദൈവം അവൾക്കു അത്ഭുതസൗഖ്യം നൽകി. ഇപ്പോൾ സംസാരിക്കുവാൻ കഴിയുന്നു. നിരുബന്നിനു ഏഴു വർഷത്തെ കുടുംബ ജീവിതത്തിനു ശേഷം ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദീർഘകാലമായിട്ടുണ്ടായിരുന്ന നെഞ്ചു വേദനയിൽ നിന്നും വിജയ് പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. അംസാർവാലൻ ഗ്രാമത്തിലെ അശ്വിൻ വൈകുന്നേരത്തു വീടിന്റെ വരാന്തയിൽ ഇരിക്കുന്ന നേരത്തു തനിക്കെതിരെ വന്ന കടുവയുടെ ആക്രമണത്തിൽ നിന്നും യേശുവിന്റെ നാമം വിളച്ചപ്പോൾ ദൈവം രക്ഷിച്ചു.

സഭാമൂപ്പൻ രാമചന്ദിന്റെ ഭാര്യയുടെ വേർപാടിനെ തുടർന്നു നിർത്തിവെച്ച മൊക്ര ഗ്രാമത്തിലെ ദൈവാലയ പണി പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇപ്പോൾ രാമചന്ദ് പക്ഷാഘാതത്താൽ വലയുന്നു. രാമചന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദുങ്കർദ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ചു ദൈവനാമ മഹത്വത്തിനായി സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അംസർപാട ഗ്രാമത്തിലെ വിശ്വാസികളെ നിരന്തരമായി ഉപദ്രവിക്കുന്ന കിരൺബായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച 128 പേർ ആത്മീക വളർച്ച പ്രാപിച്ചു വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

### വിജയനഗർ

### വിജയ കുമാർ & സുശീല എ

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. അപസ്മാര രോഗത്താൽ വലഞ്ഞ തെക്കിഹ ബന്നിനു തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി ദൈവം പരിപൂർണ്ണ സൗഖ്യം നൽകി. നമ്മുടെ പുതിയ വിശ്വാസിയായ ഗീത ബന്നിന്റെ ആരോഗ്യം പെട്ടെന്നു ക്ഷയിച്ചു. അവളുടെ കന്നുകാലികൾ ഒന്നിനു പുറകെ ഒന്നായി രോഗം വന്നു ചാകുവാൻ തുടങ്ങി. ഇതു പൈശാചിക പോരാട്ടമാണെന്നു തിരിച്ചറിഞ്ഞ ഗീതബൻ ഉപവസിച്ചു പ്രാർത്ഥിച്ചു. നിരന്തരമായ പ്രാർത്ഥനയാൽ ഈ പ്രതിസന്ധിയെ അവൾ തരണം ചെയ്തു. ബീനകുമാരി ഉദര വേദനയിൽ നിന്നും സുഖം പ്രാപിച്ചു.

മഞ്ഞപിത്തം ബാധിച്ചു കഷ്ടപ്പെടുന്ന വിനഹാസ്, ഹീരലാൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ രോഗിയായി കഷ്ടപ്പെടുന്ന കാമിനി ആരാധനയിൽ സബന്ധിക്കുന്നു. അവളുടെ വിടുതലിനായി പ്രാർത്ഥിക്കുക. ശരീരമാസകലം പരുക്കളാൽ ഭാരപ്പെടുന്ന പ്രഭുവാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വെള്ളം അടിക്കുന്ന മോട്ടറിനു അടിക്കടി കേടു സംഭവിക്കുന്നതിനാൽ ശാന്തിലാൽ വെള്ളത്തിനു ബുദ്ധിമുട്ടുന്നു. പ്രശ്നത്തിനു ശാശ്വത പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സൂററ്റ് : മാധവറായ് & ജപതങ്കം

യേശുവിലുള്ള വിശ്വാസം നിമിത്തം ഇപ്പോൾ താമസിക്കുന്ന വീടിനു ചുറ്റിലുമുള്ളവർ നൈന ബന്നിനെ ഉപദ്രവിക്കുന്നു. അവൾക്കു ദൈവം പുതിയൊരു വീട് നൽകേണ്ടതിനായി പ്രാർത്ഥിക്കുക. രാജ്കുമാരി തന്റെ സ്വന്ത ഗ്രാമത്തിൽ അവധിക്കു വന്ന വേളയിൽ സുവിശേഷം അറിയിച്ചതിന്റെ ഫലമായി രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

സുറത്തിലെ ദൈവാലയം മുൻസിപ്പാലിറ്റി ഉദ്യോഗസ്ഥർ തകർത്തു കളഞ്ഞു. ആരാധനക്കായി വാടകയ്ക്കു ഒരു കെട്ടിടം എടുത്തു അതും മുൻസിപ്പാലിറ്റി തകർത്തു. അവിടെ ആരാധന നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ദൈവം നൽകിത്തരേണ്ടതിനായി പ്രാർത്ഥിക്കുക. കവിത ബന്നിന്റെ മകൻ നിഥിൻ മാതാപിതാക്കളെ അനുസരിക്കേണ്ടതിനും ചിത്തക്കൂട്ടുകെട്ടിൽ നിന്നും മുക്തനാകേണ്ടതിനുമായി പ്രാർത്ഥിക്കുക. നിരന്തരമായി അലട്ടുന്ന തലവേദനയിൽ നിന്നും സുനിത ബന്നിനെ കർത്താവ് സൗഖ്യമാക്കി. സൂറത്തു മിഷൻ വയലിൽ പ്രവർത്തിക്കുവാൻ സമർപ്പണമുള്ള സ്വദേശ സുവിശേഷകരെ കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ആത്മീക വർദ്ധനവിനായും അവർ സാക്ഷ്യമുള്ള ജീവിതം നയിച്ചു ബന്ധുമിത്രാദികളെ രക്ഷയിലേക്കു നയിക്കേണ്ടതിനായും പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

മാത്യു കെ,
കുമാർ വി,

**ബോഡേലി & ദാബോയ്**

**യേശു ബാബു & ഉഷ എസ്**

23 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പുതു ജീവിതം നയിക്കുന്നു. തുവൈ ഗ്രാമത്തിൽ പുതുതായി ആരംഭിച്ച രാത്രി യോഗത്തിൽ 20 വ്യക്തികൾ പങ്കെടുത്തു. കുന്ദൻപൂർ, കാകനെറ്റ് എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ ധാരാളം അക്രൈസ്തവ കുട്ടികൾ സംബന്ധിച്ചു. പൊക്കാടിയിൽ നടത്തിയ മൂന്നു ദിവസത്തെ യുവജന ക്യാമ്പിൽ 380 പേർ പങ്കെടുത്തു വിശുദ്ധ ജീവിതം നയിക്കുന്നതിനു തങ്ങളത്തന്നെ ദൈവസന്നിധിയിൽ സമർപ്പിച്ചു.

വിഷ പ്രാണി കടിച്ചതിനാൽ കജറി ബന്നിന്റെ ശരീരമാസകലം നീരു ബാധിച്ചു കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രണ്ടു വയസ്സുള്ള പെൺപൈതലിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ശൈലേഷ് ഭായിയുടെ കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ രണ്ടു മാസം മുമ്പു പാമ്പുകടി. യേറ്റതിനാൽ നടക്കുവാൻ കഴിയാത്ത വിദ്യാർത്ഥി ഹാരിഷ് വേഗത്തിൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങളിൽ നിന്നും പീഡനം നേരിടുന്ന പുതിയ വിശ്വാസി മജ്ജുള ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, വേദപഠനക്കൂട്ടം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**മോസ്ദ : പോൾരാജ് & കോയിൽ പുഷ്പം എൽ**

10 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ലക്ഷം രൂപ സ്വയമായി സ്വരൂപിച്ച് വസാവ സഭ നടത്തിയ സുവിശേഷ മേള അനുഗ്രഹകരമായിരുന്നു. യുവജനക്യാമ്പിൽ 380 പേർ പങ്കെടുത്തു കർത്താവിനു വേണ്ടി വിശ്വസ്തതയുള്ള ജീവിതം നയിക്കുമെന്നു തീരുമാനം എടുത്തു. വാഹന അപകടത്തെ തുടർന്നു ബോധം നഷ്ടപ്പെട്ട രത്തിലാൽ കുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി നാലു ദിവസത്തിനു ശേഷം ഓർമ്മ ശക്തി വീണ്ടെടുത്തു. മോസ്ദ സഭയിലെ സഭാമൂപ്പന്റെ മകൻ പ്രിൻസ് സംസ്ഥാന തലത്തിൽ നടത്തിയ ചിത്ര രചന മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

കുമിന ഗ്രാമത്തിലെ നമ്മുടെ പുതിയ വിശ്വാസിയായ ജയന്തി ബായിയുടെ വലം കരം പ്രവർത്തിക്കുവാൻ കഴിയുന്നില്ല. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി മങ്കേഷ് ബാബുവിന്റെ നഷ്ടപ്പെട്ടു പോയ 12 -ാം ക്ലാസ്സു സർട്ടിഫിക്കറ്റ് തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്താൽ കഷ്ടപ്പെടുന്ന ലതബന്നിന്റെയും സാമ്പ കാക്കിയുടെയും വിടുതലിനായി പ്രാർത്ഥിക്കുക. തനവാടി ഗ്രാമത്തിൽ വിശ്വാസത്തിൽ നിന്നും പിന്മാറി പോയവർ വിശ്വാസത്തിലേക്കു തിരികെ വന്നു സഭാ ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

നിയാങ് സങ്കൈ തവംങ് ഖാൻ കാപ്

**കവാന്ത്**

**അഖിലേശ് കുമാർ & കിരൺ ദേവി**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. റീജിനൽ യുവജന ക്യാമ്പിൽ പങ്കെടുത്ത നാലു യുവജനങ്ങൾ പൂർണ്ണ സമയ സുവിശേഷ വേലക്കായി തങ്ങളെ സമർപ്പിച്ചു. മിഷൻ വയൽ സന്ദർശന വേളയിൽ തമിഴ്നാട്ടിൽ നിന്നു വന്ന പ്രാർത്ഥനാക്കൂട്ടം എതിർപ്പിനെ നേരിടേണ്ടി വന്നെങ്കിലും ദൈവം അത്ഭുതകരമായി അവരെ പരിപാലിച്ചു. മോർപ്രിയ ഗ്രാമത്തിലെ കത്താറിയ ബായി വിഷ പാമ്പിന്റെ ദംശനമേറ്റു കഷ്ടപ്പെട്ടു. ഒരു മാസം നീണ്ടു നിന്ന ചികിത്സ പ്രയോജനപ്പെട്ടില്ല. മന്ത്രവാദികളുടെ ആഭിചാര ക്രിയകളാലും മറ്റും അവന്റെ ആരോഗ്യം ക്ഷയിച്ചു. ഒടുവിൽ പ്രാർത്ഥനക്കായി ദൈവാലയത്തിൽ കൊണ്ടുവന്നു. വിശ്വാസികൾ അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. തൊണ്ടക്കു ട്യൂമർ ബാധിച്ചു ഭാരപ്പെട്ട കട്ടമാടി ഗ്രാമത്തിലെ സെൽവി ബന്നിനെ കർത്താവ് സൗഖ്യമാക്കി.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന അരവിന്ദ്ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മധുവാനി ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധനയിൽ കടന്നു വരുവാൻ തുടങ്ങിയ ലീലബായിയുടെ ഏഴു വർഷമായ ശരീര വേദന സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. കരൻജിപാനി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനായി ട്ടെടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**സെളംമ്പ**

**യുവനേശ് & ഝാൻസി റാണി**

ഇവിടെ സംഘടിപ്പിച്ച വസാവ കൺവൻഷനിൽ 1500 പേർ പങ്കെടുത്തു. സ്ത്രീകളുടെ പ്രത്യേക യോഗം വിജയകരമായി നടത്തി. ഞരമ്പു സംബന്ധമായ രോഗത്താൽ വലഞ്ഞ പാധു ഭായ് പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. കോർദ ഗ്രാമത്തിലെ പിന്മാറ്റക്കാരായ വിശ്വാസികൾ കർത്താവായ യേശുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.രാജേന്ദ്രൻ രാമൻബായി എന്നിവരുടെ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു.

അടിക്കടി രോഗിയാകുന്ന നമ്മുടെ സ്വദേശ സുവിശേഷകൻ ഈശ്വർ ബായിക്കു ദൈവവേല ചെയ്യുന്നതിനു പലപ്പോഴും കഴിയുന്നില്ല. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു പടർന്നു പിടിക്കുന്ന അരിവാൾ രോഗം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. പൂർണ്ണ സമയ സുവിശേഷവേലക്കു സമർപ്പിച്ച ആശീഷും ഫിലിപ്പും കോളജ് പഠനം വിജയകരമായി പൂർത്തീകരിച്ചു സുവിശേഷ പ്രവർത്തനത്തിനു വരേണ്ടതിനായി പ്രാർത്ഥിക്കുക ഒലിഗാം, സിക്ലി, കാവലിക്കാദ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

അസ്നത്ത് ദേവദാസ്,
മാർഗരറ്റ് മുത്തയ്യ ശമുവേൽ,
ജയ റൂബി സോളമൻ,
കൃപാസനം സ്റ്റെല്ല ആൻഡ്രൂസ്

**ഉമർഗാം : ആശീർ മോസസ് & അമൃത ഗോൾഡ**

അങ്കലാൽ ആരാധനക്കൂട്ടത്തിന്റെ അവസ്മരണിയമാം വിധം ആഘോഷിച്ചു. പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കാന്ദവി, മാനിക്കൂർ, ഇരോളി എന്നി ഗ്രാമങ്ങളിൽ ഏകദിന ഉപവാസ പ്രാർത്ഥന ക്രമീകരിച്ചു. അനേക വിശ്വാസികൾ ഇതിൽ സംബന്ധിച്ചു ശ്രദ്ധയോടുകൂടി പ്രാർത്ഥിച്ചു. കുന്ദാർ വാബി എന്നീ റീജിയനുകളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം കൃപ ചെയ്തു.

തും ആരാധനക്കൂട്ടത്തിൽ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി. വിപുലമായ രീതിയിൽ നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമിനു പ്രദേശിക അധികാരികളിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരായ 40 പേർ തങ്ങളുടെ ആരാധനക്കൂട്ടത്തെ ആത്മീക പക്വതയിലേക്കും വിശ്വാസ തീഷ്ണതയിലേക്കും നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകർ തങ്ങളുടെ മേഖലകളിൽ വിശ്വസ്തതയോടെ പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

**ഖാൻവേൽ : അരുൾ ആശീർ ഡി & സുഗുണ എൽ**

ഇവിടെ നടത്തിയ യുവജന ക്യാമ്പിൽ 400 യൗവ്വനക്കാർ പങ്കെടുത്തു. ഡോലാര ഗ്രാമത്തിലെ അനിത ബൻ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പത്തു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

രണ്ടു വർഷത്തോളമായി അലർജി രോഗത്താൽ വലയുന്ന വാന ഗ്രാമത്തിലെ തമന്നയെ കർത്താവ് സൗഖ്യമാക്കേണ്ടതിനും അവളുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ആരും സഹായിക്കുവാനില്ലാത്ത 15 വയസ്സുള്ള പാണ്ടു ഭായ് മാനസിക രോഗത്താൽ വലയുന്നു. ദൈവം അവനെ തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**റാന്ധ ബാലഭവനം**

**മർക്കൂസ് മാൾട്ടോ & സാറ മാൾട്ടോ; ചന്ദ്രിക ബൻ, മാനിഷ ലക്ര**

കാലാവസ്ഥ വ്യതിയാനത്താലുണ്ടാകുന്ന രോഗത്താൽ കഷ്ടപ്പെട്ട കുട്ടികളെ ദൈവം സൗഖ്യമാക്കി. എല്ലാ കുട്ടികളും നല്ലവണ്ണം പരീക്ഷ എഴുതുവാൻ ദൈവം കൃപ ചെയ്തു.

പത്താം ക്ലാസ്സിലെ പരീക്ഷ എഴുതുവാൻ തയ്യാറെടുക്കുന്ന കുട്ടികൾക്കു പ്രത്യേക പരിശീലനം നൽകി. ശൈത്യകാല ബുദ്ധിമുട്ടുകളിൽ നിന്നും ദൈവം കുട്ടികളെ പരിപാലിച്ചു. ബാലഭവനത്തിനു പുറത്തു പോയി കോളജു പഠനം തുടരുന്ന കുട്ടികൾ വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**26**
**ജനുവരി**
**ഞായർ**

## ജന്മദിനാശംസകൾ

ജോൺ ദിനേശ് ജി എം

## മഹാരാഷ്ട്ര

**ചോപ്ട : വസാവ ഭാങ്സിങ് & മഹാലെ യമൻബൻ**

പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സങ്ക്ളി ബാലഭവനത്തിൽ സമർപ്പണമുള്ള ഒരു വാർഡനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ ക്രമീകരിച്ച യുവജനക്യാമ്പിൽ അനേക യൗവ്വനക്കാർ സംബന്ധിച്ചു ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ തങ്ങളെത്തന്നെ സമർപ്പിച്ചു. നമ്മുടെ ബാലഭവനത്തിലെ കുട്ടികൾ തങ്ങളുടെ പരീക്ഷകൾ നല്ലവണ്ണം എഴുതി. വടോള ഗ്രാമത്തിൽ ക്രിസ്തീയ വിശ്വാസത്തിനെതിരെയുണ്ടായിരുന്ന എതിർപ്പുകൾ ശമിച്ചു. അവിടെ രാത്രി യോഗം നടത്തുവാൻ തുടങ്ങി.

മഹാദേവ ഗ്രാമത്തിലെ ആരാധന യോഗം ഗ്രാമത്തിലെ ജനങ്ങളുടെ എതിർപ്പിനെ തുടർന്നു ഇടയ്ക്കിടെ നിർത്തിവെക്കേണ്ടി വരുന്നു. ഈ പ്രതിബന്ധങ്ങളെ എല്ലാം തരണം ചെയ്തു അവിടെ ആരാധന യോഗം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം സ്വീകരിച്ച നമ്മുടെ വിശ്വാസികളുടെ വസ്തു തട്ടിയെടുക്കുവാൻ ശ്രമിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ആകാശ്, സന്ദീപ്, പ്രകാശ്, അരുൺ എന്നിവർ പഠനത്തിൽ മികവ് പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### മാസ്ഹവാദ്

**ഭരണീധരൻ & സെൽവറാണി വി; എബനേസർ ശമുവേൽ & ജോസ്ന**

നല്ല വിളവ് ലഭിക്കുവാൻ പൂജകൾ നടത്തുവാൻ സമീപത്തുള്ള വസ്തുടമകൾ നിർബന്ധിച്ചിട്ടും ശാന്തി തന്റെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും പ്രാർത്ഥനയോടെ കൃഷി ചെയ്യുകയും ചെയ്തു അവൾക്കു കൃഷിയിടത്തു നിന്നു നല്ല വിളവ് ലഭിച്ചു. പ്രിമ്കാൽ, രാമ്പുർ, ലിമ്പാടി, കൻസായ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു സ്ഥലത്തു സ്ത്രീകളുടെ യോഗം വിജയകരമായി സംഘടിപ്പിച്ചു. ഒമ്പതു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തുവാൻ ദൈവം കൃപ നൽകി.

മൂന്നു തവണ ശസ്ത്രക്രീയയ്ക്കു വിധേയനായിട്ടും ബാഹ ബായിയുടെ കാഴ്ച ശക്തി വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല. പീഡനത്തിന്റെ മദ്ധ്യത്തിൽ കൊടുമ്പാൻകനി ഗ്രാമത്തിലെ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് 12 വർഷമായ ഗീതയുടെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി കർത്താവ് അനുഗ്രഹിച്ചു. ജഗദീഷിന്റെ ജന്മനാ നടക്കുവാൻ കഴിയാത്ത മകന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സുവിശേഷകരീണ പ്രവർത്തനത്തിനു നേതൃത്വം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

**27**
**ജനുവരി**
**തിങ്കൾ**

## ജന്മദിനാശംസകൾ

ബിന്ദിക ബിഭാബ പാനി

### മോൾഗി

**രൂബൻ ടുഡു & രുക്മണി ഹെംബ്രം**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിൽ 8200 പേർ സുവിശേഷം ശ്രവിച്ചു. ആരതി ഗ്രാമത്തിലെ ബിക്ക ടാറ്റ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കുന്നു. വീഴ്ചയെ തുടർന്നു തലക്കു പരിക്കു പറ്റിയ ഗിനിയ പാരി ഗ്രാമത്തിലെ കർദിയ ടാറ്റ പ്രാർത്ഥനയിലൂടെ സുഖം പ്രാപിച്ചു. ബുട്ട ടാറ്റയെ പക്ഷാഘാതത്തിൽ നിന്നും ദൈവം വിടുവിച്ചു.

നമ്മുടെ പ്രാദേശിക സുവിശേഷകൻ കാലുസിങ് ടാറ്റയുടെ മകൾ ലത ടാറ്റ മെഡിസിനു പഠിക്കുന്നു. അവൾ വിജയകരമായി പഠനം പൂർത്തീകരിക്കേണ്ടതിനും അവൾക്കു നല്ല തൊഴിൽ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മിഷനറിയുടെ ഭാര്യ ഒരു പൈതലിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു. സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

### നേർ : മൂർത്തി ടി & ഭാരതി

വാടി, ചൗഘാൻ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ മഹസാദി, വാസമാർ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള രണ്ടു കുടുംബം യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞു വീണ്ടും വിശ്വാസത്തിലേക്കു തിരികെ വന്നു. നമ്പൂർ, കുസുമ്പ, ചട്ടാര എന്നീ ഗ്രാമങ്ങളിൽ ഫലപ്രദമായി സുവിശേഷം പ്രഘോഷിച്ചു.

ജീസസ് ഫിലിം കണ്ട ബുർസാത്, ലോങ്ഷേതി എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടിയേറ്റ തൊഴിലാളികളായി പോയ വിശ്വാസികൾ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച കുട്ടികളുടെ മാതാപിതാക്കൾ അവരുടെ മക്കളിലൂടെ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബോരാടി : ഓംപ്രകാശ് & സപ്ന

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഭജൻ യോഗത്തിലൂടെ 340 പേർ സുവിശേഷം ശ്രവിച്ചു.. വിശ്വാസികൾക്കായി സംഘടിപ്പിച്ച ക്യാമ്പിൽ 15 പേർ പങ്കെടുത്തു.

മദ്യത്തിനും മയക്കു മരുന്നിനും അടിമകളായ ജീവൻ ഭായ്, ദന്തിയ ഭായ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബോരാടി ഗ്രാമത്തിലെ സുമി, ജുൻപാനി ഗ്രാമത്തിലെ ജപ ഭായ് എന്നിവർ മാനസിക വിഭ്രാന്തിയിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോർപവെസി ഗ്രാമത്തിലെ കൽപന, കോദിദ ഗ്രാമത്തിലെ രോഷിനി എന്നിവർ കാൻസർ രോഗത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന സോക്കാലി ഭായ്, ദീലിപ് ഭായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ജങ്കൗലുൻ തൗതാങ്,
സ്റ്റെഫി ബിജു ലാൽ,
ബരുദെ പ്രതാപ് മങ്ക്യ

### ചാലീസ്ഗൗൺ

**യേശു പ്രകാശ് & സുനന്ദ ബല്ലി**

മൂന്നു ഗ്രാമങ്ങളിലുള്ള 320 പേരോടു സുവിശേഷം പങ്കുവെച്ചു. അനുധാവന പ്രവർത്തനം, വേദപഠന ക്ലാസ്സ്, ചെറുപ്രാർത്ഥന സംഘങ്ങൾ എന്നിവക്കു പിന്നാലെ അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പതോന്ദ ഗ്രാമത്തിലെ അടാർ സിമ്പെ, സാം പവാർ, ജ്യോതി ഭായ് എന്നിവർ പ്രാർത്ഥനയാൽ പക്ഷാഘാതത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

യാർലുകാന്ദെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗികളായ മങ്കൾ ഭായ്. മഹിമ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ആസ്മ രോഗിയായ വുക്ക ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### പിമ്പല്നെർ

**ബാലജി നേടാലം & ജഗദീശരി**

മാൽപാട ദൈവാലയത്തിൽ കടന്നു പോകുവാൻ സാധിക്കുന്നു. നാലു ഗ്രാമങ്ങളിലുള്ള 2500 പേരോടു സുവിശേഷം പ്രഘോഷിച്ചു. വിജയപൂർ ഗ്രാമത്തിൽ മാസത്തിൽ ഒരിക്കൽ നടത്തിയിരുന്ന പ്രാർത്ഥന യോഗം പുനരാരംഭിച്ചു. റോഡ് ഗ്രാമത്തിലെ ആരാധനയോഗത്തിൽ ഒരു കുടുംബത്തിലെ നാലു പേർ പുതുതായി സംബന്ധിക്കുന്നു.

ബോർഗേട, കലം ബീർ എന്നീ ഗ്രാമങ്ങളിൽ ആഴ്ച തോറുമുള്ള പ്രാർത്ഥന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിജയ്പൂർ ആരാധനക്കൂട്ടത്തിൽ യുവജനങ്ങളുടെ യോഗം സംഘടിപ്പിച്ചു. രക്താർബുധത്തിൽ നിന്നു ലക്കനും പ്രമേഹരോഗത്തിൽ നിന്നു 12 വയസ്സുള്ള സുമിത്തും നാലു വർഷമായി സംസാരിക്കുവാൻ പ്രാപ്തിയില്ലാത്ത ഗൗതവും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിജയപൂർ ഗ്രാമത്തിലെ പക്കറാം അഖിർ കുടുംബം, പുട്ട, ജയവന്തി ബൻ, കെസർ ബൻ കുടുംബം എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### എട്ടപ്പള്ളി

**ബാബുജി മുർമ്മു & വയലറ്റ ഹസ്ത**

ആറു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. മൂന്നു സ്ഥലത്തു അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു. പുഷ്കെ ഗ്രാമത്തിലെ തൽസുലക്കാമിയെ വിഷപാമ്പിൽ നിന്നും ദൈവം രക്ഷിച്ചു. ഉദരത്തിലുണ്ടായ ട്യൂമറിൽ നിന്നും അശ്വിനി ഹെച്ചാമിയെ കർത്താവ് സൗഖ്യമാക്കി.

മദ്യാസക്തിയിൽ നിന്നും സന്തോഷ് മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധനയിൽ സംബന്ധിക്കാത്ത മദ്യപാനികളായ ദീപക് അലാമി, യേശുഗാസ് ഗൗദെ, സുരജ് മട്ടാമി, പ്രേം ഖാന്ത, രവി ഖാന്ത, രോഹിത് മട്ടാമി എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. തുൾസ കോട്ടയുടെ ഇരുകരങ്ങളിലും നീർ വീക്കമുണ്ടായ പിതാവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

## കർണ്ണാടക

### മുന്ദറാഗി

### ശമുവേൽ ബബോർത

140 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 20 വർഷമായുള്ള കടഭാരത്തിൽ നിന്നും ഹർദ്ദഹള്ളി ആരാധനക്കൂട്ടത്തിലെ ദുർഗേഷിനു ദൈവം വിടുതൽ നൽകി. ശുശ്രൂഷയിലൂടെ നാം കണ്ടെത്തിയ സ്നേഹിതർ ആരാധന യോഗത്തിൽ പതിവായി പങ്കെടുക്കുന്നു.

കോരഹള്ളി, പെനഹള്ളി എന്നീ ഗ്രാമങ്ങളിലുള്ളവരുടെ ആത്മീക കണ്ണുകൾ തുറക്കേണ്ടതിനായും അവർ തങ്ങളുടെ ആചാരങ്ങളെ വിട്ടു ഏക സത്യദൈവത്തിൽ വിശ്വസിക്കേണ്ടതിനായും പ്രാർത്ഥിക്കുക. തെലുങ്കു സംസാരിക്കുന്ന കുഞ്ചുഗിരി ജാതിക്കൂട്ടം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കടഭാരം നിമിത്തം ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ പ്രയാസപ്പെടുന്ന മാർക്കമ്മ, മേരിയമ്മ, രാമ ലക്ഷ്മിയമ്മ, സങ്കലതാമ്മ, ജയാമ്മ, മയിലമ്മ, ദേവിയമ്മ, പ്രേമലതയമ്മ എന്നിവർ കടഭാരത്തിൽ നിന്നും മുക്തരായി ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന ദുർഘേഷ് എട്ടു വർഷമായി വൃക്ക സംബന്ധമായ രോഗത്താൽ വലയുന്നു. അവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രത്ന നവീനു മെഡിക്കൽ രംഗത്തു ഒരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ആരാധനാലയത്തിലെ കുട്ടികൾക്കു പഠിക്കുന്നതിനുള്ള സ്കോളർഷിപ്പ് ലഭിക്കേണ്ടതിനും അവർക്കു നല്ല ജോലി ലഭിക്കേണ്ടതിനും അവർ ക്രിസ്തുവിൽ വേരൂന്നി വളരേണ്ടതിനായും പ്രാർത്ഥിക്കുക.

### ഷഗ്ഗൗൺ

### നരേന്ദ്ര കുമാർ

തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി പരശുറാമിനു സ്വന്തമായ വീടു പണിയുവാൻ ദൈവം സഹായിച്ചു. ജീപ്പ് ടീമിന്റെ പ്രവർത്തനത്താൽ 380 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. അനേക വിശ്വാസികൾ ഇതിൽ പങ്കെടുത്തു ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ഭവനത്തിൽ നിന്നും ഇറങ്ങിപ്പോയ ശിവപ്പ അനേക മാസങ്ങൾ എവിടെയാണെന്നു പോലും കണ്ടെത്തുവാൻ സാധിച്ചില്ല. കുടുംബാംഗങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി അയാൾ ഭവനത്തിൽ തിരികെ വന്നു. റോഡപകടത്തിൽ നസബല്ലയെ ദൈവം സുരക്ഷിതമായി പരിപാലിച്ചു.

സർക്കർ ജോലി നേടിയെടുക്കുവാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്ന രാകേഷിന്റെ ഉദ്യമങ്ങളെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷ് നേരിടുന്ന കോടതി വ്യവഹാരത്തിൽ അവനു അനുകൂല വിധി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കവിതക്കു താമസിക്കുന്നതിനു ഒരിടം ലഭിക്കാതെ കഷ്ടപ്പെടുന്നു. പ്രാർത്ഥിക്കുക. നിഗമ്മക്കു നല്ല ആരോഗ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അയാളുടെ രണ്ടു മക്കൾക്കും നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ആന്ധ്ര പ്രദേശ്

### റൊദ്ദാം

**ദേബദത്ത ലിമ & സോണിയ റാണി**

ചെറിയ പ്രാർത്ഥനക്കൂട്ടം നടത്തുന്നവർക്കു പരിശീലനം നൽകി. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ ഫിലിം പ്രദർശനം അനേകർ കാണുകയുണ്ടായി. എട്ടു പേർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കൃഷ്ണപുരം ഗ്രാമത്തിൽ ആദ്യമായി നടത്തിയ അന്വേഷക ക്യാമ്പിൽ അനവധിയാളുകൾ സംബന്ധിച്ചു. ദേവരമ്മയുടെ കാലിൽ തുളച്ചു കയറിയ ഇരുമ്പു ദണ്ഡ് ശസ്ത്രക്രീയയിലൂടെ വിജയകരമായി നീക്കം ചെയ്തു.

അനേക നാളുകളായി ആശുപത്രിയിൽ കഴിയുന്ന രാജമ്മ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാടിൽ വേദനയോടിരിക്കുന്ന ബാക്യത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ആരാധനയിൽ സംബന്ധിക്കാതെ മാറി നിൽക്കുന്ന സൂര്യ, സുപ്രീയ നായഡു, ഗംഗമ്മ, ഹഗാമണി, നാരോമിയാന, രത്നം എന്നിവർ മാനസാന്തരപ്പെട്ടു ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

### കുപ്പം

**വെങ്കിടേശൻ സി & ശശികല**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി തീർന്നു. 1110 പേർ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ദൈവം അവസരം നൽകി. കെഡി സ്കൂളിലും ചന്ദ്രപുരം ഗ്രാമത്തിലും ക്രിസ്തുമസ് ആഘോഷിച്ചു. ഫീൽഡ് കമ്മറ്റിയിൽ 18 മൂപ്പന്മാർ പങ്കെടുത്തു. ക്രിസ്തുമസ്, പുതുവത്സരം എന്നിവ ആഘോഷിക്കുവാൻ സർക്കാർ അനുമതി നൽകി.

സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നും ദൈവം നമ്മുടെ വിശ്വാസികളെ പരിപാലിച്ചു. പ്രാർത്ഥന യോഗത്തിലും ആരാധനയിലും സംബന്ധിക്കുന്നതിനു വിശ്വാസികളെ തടയുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സാദിപും മണ്ഡലിലുള്ള സി ബന്ധപള്ളി ഗ്രാമത്തിലെ ഒരു രാഷ്ട്രീയ നേതാവിനെ ജാതി അടിസ്ഥാനമാക്കിയുള്ള പാർട്ടിയുടെ ഡിറക്ടറായി നിയോഗിച്ചു. അദ്ദേഹം സ്വന്ത സമുദായത്തിലുള്ളവരെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കുന്നില്ല. ഈ രാഷ്ട്രീയ നേതാവിന്റെ ഹൃദയത്തിൽ ദൈവം പ്രവർത്തിക്കേണ്ടതിനും അയാൾ മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കേണ്ടതിനായും യേശു ഏക സത്യദൈവമാണെന്നു പ്രസ്താവിക്കേണ്ടതിനായും പ്രാർത്ഥിക്കുക ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ശ്രീലത സ്റ്റീഫൻ ജയശീലൻ,
പ്രതാപ് രഹങ്

## തർജ്ജിമ

### വാർളി പരിഭാഷ

**ഏബ്രഹാം ജി & ഹേമലത**



ദൈവകൃപയാൽ റോമർ, ഗലാത്യർ എന്നീ ലേഖനകളുടെ തെറ്റുകൾ തിരുത്തി വീണ്ടും പരിശോധിച്ചു വാർളി നിഹാരി ഭാഷയിൽ പ്രസദ്ധികരണ യോഗ്യമായ പതിപ്പുകൾ തയ്യാറാക്കി. വാർളി ഭാഷയിൽ 102 പാട്ടുകൾ തയ്യറാക്കുന്നതിനും ശബ്ദ ലേഖനം ചെയ്യുന്നതിനും ദൈവം സഹായിച്ചു. പരിഭാഷപ്പെടുത്തിയ ശമൂവേൽ പ്രവാചകന്റെ രണ്ടു പുസ്തകങ്ങൾ ഭാഷാ വിദഗ്ദർ പരിശോധിച്ചു.



ദൊഗ്രി നിഹാരി ഭാഷയിൽ സങ്കിർത്തനം, സദൃശ്യവാക്യങ്ങൾ എന്നിവ കൂടി ചേർത്തു പുതിയ നിയമം അച്ചടിച്ചു പ്രസിദ്ധീകരിച്ചു. വാർളി ഭാഷയിൽ ശേഷിക്കുന്ന 428 പാട്ടുകളുടെ പുതിയ പതിപ്പ് തയ്യാറാക്കി വീണ്ടും അച്ചടിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിയന്തിര ആവശ്യമായ ഭാഷ സഹായികളെ ലഭിക്കേണ്ടതിനും നല്ല ആരോഗ്യം നൽകി ദൈവം പരിപാലിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ദൈവ സ്നേഹം കഠിനഹൃദയത്തെ അലിയിക്കും

ജാർഖണ്ഡിൽ അമലഗാച്ചി മലനിരകളുടെ അടിവാരത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് നോടി. വിശ്വാസ പ്രഖ്യാപനം നടത്തുന്ന പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനായി വലിയൊരു കൂട്ടം വിശ്വാസികൾ ആ ഗ്രാമത്തിൽ ഒരുമിച്ചു കൂടിയിരുന്നു. ഈ പ്രദേശത്തു സുവിശേഷ വേലയെ ശക്തമായി എതിർക്കുകയും ഗ്രാമീണർക്കെതിരെ ആഭിചാര ക്രീയ ചെയ്തു അവരെ നീയന്ത്രിക്കുകയും ചെയ്യുന്ന കുർക്കി ദമ്പതികൾ നമ്മുടെ മിഷനറിമാരെ അവരുടെ ഭവനത്തിലേക്കു ക്ഷണിച്ചു. ആ ഭവനം ഗ്രാമത്തിൽ നിന്നും അകലെ മലമുകളിൽ സ്ഥിതി ചെയ്യുന്നതിനാൽ ആരാധനക്കൂട്ടത്തിലെ വിശ്വാസികൾ മിഷനറിമാരെ ആ ഭവനത്തിലേക്കു പോകുന്നതിനെ തടഞ്ഞു. എന്നാൽ മിഷനറിമാർ മറ്റുള്ളവരുമായി അവരുടെ ഭവനം സന്ദർശിക്കുവാൻ തീരുമാനിച്ചു. അവർ ഭവനത്തിൽ ചെന്നപ്പോൾ പൂജക്കായി ഉപയോഗിച്ചിരുന്ന സാധനങ്ങളെല്ലാം വീടിനു പുറത്തു കിടക്കുന്നതു കണ്ടു. അവരെ ആശ്ചര്യപ്പെടുത്തി കൊണ്ടു ആഭിചാരകൻ മിഷനറിയോടു പ്രാർത്ഥിച്ചിട്ടു അതെല്ലാം കത്തിച്ചു കളയുവാൻ ആവശ്യപ്പെട്ടു. അയാൾ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചതിനാലാണ് ഇപ്രകാരം ആവശ്യപ്പെട്ടത്. മിഷനറി സന്തോഷത്തോടു കൂടി അയാളുടെ അഭ്യർത്ഥന പ്രകാരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ഇന്ന് കുർക്കിയും കുടുംബവും വിശ്വാസികളായി ജീവനുള്ള ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഹല്ലെലുയ്യ!

We want to help you to be in touch with...
Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr.K. Thankappan,** Hon. Pro. secretary, FMPB, "Prabhath",
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION : Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha............. Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:........ Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

# പുതു വർഷത്തിനായുള്ള ഒരു പ്രാർത്ഥന

**കർത്താവേ, വരുന്ന ആണ്ടിനെ ആശീർവദിക്കണമേ. എന്റെ സമയത്തെ വിവേക ത്തോടെ ഉപയോഗിക്കുവാനും താഴെ പറയുന്ന കാര്യങ്ങൾ സ്ഥിരമായി ചെയ്യുവാനുള്ള എന്റെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുവാനും എന്നെ സഹായിക്കണമെ.**

### *ഒരിക്കലും പ്രാർത്ഥന നിർത്തരുത് (1 തെസ്സലൊനിക്യർ 5:17)*

കർത്താവേ, ഇടവിടാതെ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കണമേ. അവസാന അഭയകേന്ദ്രം എന്നതിലുപരി പ്രാർത്ഥനക്കു പ്രഥമ സ്ഥാനം നൽകുവാൻ സഹായിക്കണമേ. ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപ പ്പെടുന്നതിനും അവനോടൊപ്പം പ്രാർത്ഥിക്കുന്നതിനും എന്നെ സഹായിക്കണമേ, 'എന്റെ ഹിതമല്ല അങ്ങ യുടെ ഇഷ്ടം നിറവേറണമേ'

### *പരസ്പരം പ്രോത്സാഹിപ്പിക്കുക (1 തെസ്സലൊനിക്യർ 5:11)*

കർത്താവേ, ചുറ്റുപാടുമുള്ളവരുടെ ആവശ്യങ്ങൾ കാണുന്നതിനു എന്റെ കണ്ണു തുറക്കണമേ. എന്നെ പ്പോലെ എന്റെ അയൽക്കാരെ സ്നേഹിപ്പാനും എന്റെ താൽപര്യങ്ങളെക്കാൾ അധികം അവരുടെ താൽപര്യങ്ങളെ പരിഗണിക്കുവാനും എന്നെ സഹായിക്കണമേ. എന്റെ ഓരോ വാക്കുകളും മറ്റുള്ളവരെ ആത്മീയമായി പരിപോഷിപ്പിക്കുന്നതിനും ക്രിസ്തുവിങ്കലേക്കു ആനയിക്കുന്നതിനും ഇടയാക്കണമേ.

### *പരാതികളില്ലാതെ പ്രവർത്തിക്കുക (ഫിലിപ്പിയർ 2:14)*

എനിക്കു ചെയ്യുവാൻ നൽകിയിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പിറുപിറുപ്പു കൂടാതെ ചെയ്യുവാൻ ദൈവമേ എന്റെ അധരദ്വാരങ്ങളെ കാക്കണമേ. അങ്ങയ്ക്കായി അർപ്പിക്കുന്ന സ്തോത്രയാഗമെന്ന പോലെ സന്തോഷത്തോടെ മറ്റുള്ളവരെ സേവിക്കുവാനും ഹൃദയപൂർവ്വം ആനന്ദത്തോടെ പ്രവർത്തിക്കു വാനും എന്നെ സഹായിക്കണമേ.

### *ക്രിസ്തുവിന്റെ വീണ്ടും വരവിനായി കാത്തിരിക്കുക (മർക്കൊസ് 13:32,33)*

കർത്താവെ എന്റെ പ്രത്യാശ സാമൂഹ്യ മുന്നേറ്റത്തിലോ രാഷ്ട്രീയ നവോത്ഥാനത്തിലോ വേരൂന്നാതെ ക്രിസ്തുവിൽ മാത്രം ആയിരിക്കുവാൻ സഹായിക്കണമേ. കർത്താവേ വേഗം വരണമേ. അങ്ങയുടെ പ്രത്യ ക്ഷതയിൽ അങ്ങയുടെ വേല ചെയ്തു വിശ്വസ്തനായി കാണപ്പെടുവാൻ ഇടയാക്കണമേ.

### *നഷ്ടപ്പെട്ടവരോടു സുവിശേഷം പ്രഘോഷിക്കുക (മർക്കൊസ് 16:15)*

ദൈവമേ അങ്ങയെ അറിയാത്തവരെ കുറിച്ചുള്ള ചിന്ത എന്നിൽ നൽകണമേ. മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റ യേശുവിൽ വിശ്വസിച്ചു രക്ഷകനായി അംഗീകരിച്ചു പാപങ്ങളെ ഏറ്റു പറയുന്ന ഏവർക്കും ലഭ്യമാകുന്ന കൃപയുടെ സുവിശേഷം ധൈര്യപൂർവ്വം അടിയന്തിരമായി പ്രഘോഷിക്കുവാൻ ശക്തീകരിക്കണമേ.

### *അവനെ അംഗീകരിക്കുക (സദൃശ്യവാക്യം 3:5,6)*

അങ്ങയോടുള്ള എന്റെ സ്നേഹവും ഭക്തിയും അതിജീവിക്കുവാൻ എന്നെ അനുവദിക്കരുത്. അങ്ങയെ പൂർണ്ണമായി ആശ്രയിക്കുന്നതിന്റെ അർത്ഥം എന്തെന്നതിനു ഉദാഹരണമായി ജീവിതം നയിക്കുവാൻ എന്നെ സഹായിക്കണമേ. എന്റെ പ്രവൃത്തിയിലൂടെയും വാക്കുകളിലൂടെയും പ്രത്യാശയിലൂടെയും ചിന്ത കളിലൂടെയും അവിടുത്തെ നാമത്തിനും മഹത്വവും മാനവും ഉണ്ടാകുമാറാകണമേ.

### *സമയം തക്കത്തിൽ ഉപയോഗിക്കുക (എഫെസ്യർ 5:15-16)*

കർത്താവേ എന്റെ നാളുകളെ എണ്ണുവാൻ തക്കവണ്ണം ജ്ഞാനമുള്ള ഒരു ഹൃദയം എനിക്കു നൽകണ മേ. ഭൂമിയിലെ എന്റെ ജീവിതം പാഴാക്കുവാൻ എന്നെ അനുവദിക്കരുതേ. നിത്യതയിൽ ഫലം കായ്ക്കുന്ന പ്രവൃത്തികളിലും ഉദ്യമങ്ങളിലും എങ്ങനെ വിവേകത്തോടെ നിക്ഷേപിക്കണമെന്നതു എന്നെ പഠിപ്പിക്കണമേ.

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***